AVC

വ്യക്തമായ വാക്കുകൾ
ശക്തമായ പ്രവർത്തനങ്ങൾ

ആൻഡ്രിയാസ് മുറേർ

# ഉദാഹരണങ്ങൾ
# ഉപമകൾ
# കഥകൾ

മുസ്ലീങ്ങൾക്കും മറ്റു മതസ്ഥർക്കും വേണ്ടി

# പുസ്തകപതിപ്പ്

## ഉദാഹരണങ്ങൾ, ഉപമകൾ കഥകൾ
മുസ്ലീങ്ങൾക്കും മറ്റു മതസ്ഥർക്കുംവേണ്ടി

**ആൻഡ്രിയാസ് മുറേർ**
www.aymf.net

പ്രാഥമികമായി ഇംഗ്ലീഷിൽ പ്രസിദ്ധീകരിച്ചത്
MERCSA പ്രസിദ്ധീകരണം
മോൺഡിയോർ 2110, സൗത്ത് ആഫ്രിക്ക

Copyright ©1994 by Andreas Maurer

ISBN: 0620 - 18482 - 5

പരിഷ്ക്കരിച്ച ഇംഗ്ലീഷ് പതിപ്പ് 2014
©AVC സ്വിറ്റ്സർലണ്ട് 2014
ISBN 978-3-95 24070-9-7

പ്രസാധകരുടെ മുൻകൂട്ടിയുള്ള അനുമതി ഇല്ലാതെ ഇതിന്റെ യാതൊരു ഭാഗങ്ങളും റിക്കോർഡ് ചെയ്യുകയോ ഫോട്ടോ കോപ്പി എടുക്കുകയോ ചെയ്യുവാൻ പാടില്ല.

പുറംചട്ടയും പേജുകളും രൂപ കല്പന ചെയ്തത്:
AVC സ്വിറ്റ്സർലണ്ട്
കവർചിത്രവും ഉദാഹരണങ്ങളും :
ടാക്കോ ഹാമ്മാചെർ

ഇത് ഒരു AVC സ്വിറ്റ്സർലണ്ട് പ്രസിദ്ധീകരണം (പീഡിപ്പിക്കപ്പെടുന്ന ക്രൈസ്തവരുടെയും ആവശ്യത്തിലിരിക്കുന്നവരുടെയും പേരിലുള്ള പ്രവർത്തനം)
www.avc-ch.org

ബൈബിൾ വാക്യങ്ങൾ ഉദ്ധരിച്ചിട്ടുള്ളത് ന്യൂ ഇന്റർനാഷനൽ വേർഷനിൽ നിന്നാണ്. ഖുറാനിൽ നിന്നുള്ള ഉദ്ധരണികൾ യൂസഫ് അലി പതിപ്പിന്റെ (1946) അടിസ്ഥാനത്തിലാണ്.

# സ്വീകാരങ്ങൾ

ഈ ഉദാഹരണങ്ങളും, ഉപമകളും, കഥകളും പല ഉറവിടങ്ങളിൽ നിന്നും **ഞാൻ കേട്ടതും സമാഹരിച്ചവയുമാണ്**. ആദ്യപതിപ്പ് 1994–ൽ ദക്ഷിണ ആഫ്രിക്കയിലാണ് പ്രസിദ്ധീകരിച്ചത്. അതിന്റെ മുഴുവൻ മഹത്വവും, മാർട്ടിൻ ഗോൾഡ്സ്മിത്ത് ജോൺ ഗിൽക്രൈസ്റ്റ്, ഗെരാർഡ് നെൽസ് എന്നിവർക്ക് ഞാൻ നൽകുന്നു. കൂടാതെ CCM (ക്രിസ്ത്യൻ കൺസേൺ ഫോർ മുസ്ലീംസ്)ലെ എന്റെ സഹ പ്രവർത്തകരുടെ പിൻതുണയ്ക്കും, അതുപോലെതന്നെ ജോൺ ബെറി, ഫിലിപ് പാർസൺസ് എന്നിവർ പ്രൂഫ് വായിച്ച് വേണ്ട തിരുത്തലുകൾ നൽകിയതിനും എന്റെ ഹൃദയംഗമായ നന്ദി രേഖപ്പെടുത്തുന്നു.

ഈ പുതിയ പതിപ്പിൽ ഡേവിഡ് ഫോസ്റ്ററെപ്പോലെയുള്ള പലരുടെയും സഹായങ്ങൾ ലഭിച്ചിട്ടുണ്ട്. ഈ കഥകൾ പ്രസിദ്ധീകരിക്കുന്നതിനായി അവർ എന്നെ അനുവദിച്ചതിനെ ഞാൻ അഭിനന്ദിക്കുകയും നന്ദി പ്രകാശിപ്പിക്കുകയും ചെയ്യുന്നു. ഇത് മനോഹരമായി എഡിറ്റുചെയ്ത ഗ്രെഹ് കെർനഹാനെ പ്രത്യേകമായി അഭിനന്ദിക്കുന്നു. AVC യിലെ എന്റെ സഹപ്രവർത്തകരായ ഗ്രസിയേല റോജേഴ്സ്, ആൻഡ്രിയാസ് റോസ്സൽ, റെജിസ് റൗലറ്റ് എന്നിവരോടും പ്രത്യേക നന്ദി അറിയിക്കുന്നു. ഇതിന്റെ മലയാളം പരിഭാഷ നിർവ്വഹിച്ച ലിസ്സി ജോർജിനേയും എഡിറ്റിംഗിൽ സഹായിച്ച റവ. ലിജോ ജോർജ് ഉമ്മനേയും നന്ദിപൂർവ്വം സ്മരിക്കുന്നു

# ഉള്ളടക്കം


| | | |
|---|---|---|
| | പുസ്തകപ്പതിപ്പ് | 2 |
| | സ്വീകാരങ്ങൾ | 3 |
| | ഉള്ളടക്കം | 4 |
| | ആമുഖം | 6 |
| **1.** | **ദൈവത്തിന്റെ ക്ഷണ പ്രഭയെക്കുറിക്കുന്ന ഉദാഹരണങ്ങൾ:** | **7** |
| | യജമാനനും ദാസനും അഥവാ പിതാവും മകനും? | 7 |
| | ന്യായാധിപനും അവന്റെ സ്നേഹിതനും | 8 |
| | ഷാമുവൽ – കൊക്കേഷ്യൻ പ്രഭു | 9 |
| **2.** | **യേശുക്രിസ്തുവിനെക്കുറിച്ച് മനസ്സിലാക്കുവാൻ സാധിക്കുന്ന ഉദാഹരണങ്ങൾ:** | **10** |
| | താഴും താക്കോലും | 10 |
| | യേശു എങ്ങനെ ദൈവമാകും? | 11 |
| **3.** | **ത്രിത്വത്തെക്കുറിച്ചുള്ള ഉദാഹരണങ്ങൾ:** | **12** |
| | ത്രിത്വത്തെ വിവരിക്കുന്ന സാധർമ്മ്യം | 13 |
| **4.** | **മനുഷ്യനെക്കുറിച്ചുള്ള ദൈവത്തിന്റെ കാഴ്ചപ്പാടിനെക്കുറിക്കുന്ന ഉദാഹരണങ്ങൾ:** | **14** |
| | ഒരു ദിവസത്തെ മൂന്നു പാപങ്ങൾ | 14 |
| | ചീമുട്ട കറി കേടാക്കുന്നു | 15 |
| | തെറ്റായ ഒരു കാൽവയ്പ് ആപത്തിലേക്ക് നയിക്കുന്നു | 16 |
| | മാനസാന്തരം എന്നാൽ തിരിയുക എന്നാണ് | 17 |
| | ഒരു മനുഷ്യനും തന്റെ നിഴലിൻമീതെ ചാടാൻ കഴിയില്ല | 18 |
| | നല്ലത് എന്നത് എത്രമാത്രം നല്ലതാണ്? | 19 |
| | ഹലാൽ  അഥവാ ഹറാം വൃത്തിയുള്ളതോ വൃത്തിഹീനമോ | 20 |
| | സദ്പ്രവർത്തികൾ മോശം പ്രവർത്തികളെ ഇല്ലാതാക്കുമോ? | 21 |
| **5.** | **വീണ്ടെടുപ്പിനെക്കുറിച്ച് മനസ്സിലാക്കുവാൻ കഴിയുന്ന ഉദാഹരണങ്ങൾ:** | **22** |
| | യാഗവും കൊർബാനും, | 23 |
| | അബ്രഹാം ദൈവത്തിന്റെ യാഗം അംഗീകരിച്ചു | 24 |
| | ആയിരം ഭീതികളുടെ ഭവനം | 25 |
| | മുത്തുവാരുന്നവൻ | 26 |
| **6.** | **ബൈബിൾ: ദൈവവചനം, സത്യം** | **27** |
| | ബൈബിളിലെ ദൈവത്തിന്റെ മൂന്ന് വിരലടയാളങ്ങൾ | 28 |
| | യേശുവിനെക്കുറിച്ചുള്ള സംഭവങ്ങൾ – അവ എപ്പോൾ പ്രവചിക്കപ്പെട്ടു. | 29 |
| | യേശു പ്രവാചകൻ | 29 |
| | സത്യദൈവവചനം | 30 |

ബൈബിളിന്റെ മലിനതയ്ക്കെതിരായുള്ള വാദം 31
ദൈവത്തിൽ നിന്നുള്ള അന്തിമവെളിപ്പാട് 32
അടയാളവും മുദ്രയും 32
യഥാർത്ഥ ഉപദേശം 33
ഭാഗികമായ സത്യം തെറ്റാണ് 33
ശരിക്കും തെറ്റ് ! 34
പരമാർത്ഥത മാത്രം പോരാ! 35

**7. രക്ഷ/നിത്യത, രക്ഷപെടാനുള്ള വഴി 36**
വീണ്ടെടുപ്പിന്റെ സാധർമ്മ്യം : മനുഷ്യനിർമ്മിത വള്ളവും 36
ദൈവനിർമ്മിത കപ്പലും 37
രക്ഷ ഒരു ദാനം 38
അളവുകൂടാത്തെ ദയ 39
സ്വർഗ്ഗത്തിലേക്ക്/പറുദീസയിലേക്കുള്ള വഴി 40
സ്വതന്ത്ര്യത്തിന്റെ താക്കോൽ

**8. യേശുക്രിസ്തുവിന്റെ കൂടുതൽ ഉപമകൾ 41**
ഗർവ്വിയായ മനുഷ്യനും, അനുതാപമുള്ള മനുഷ്യനും 41
സ്തോത്രകാഴ്ച 42
മറ്റ് ഉപമകളും അവയുടെ തിരുവചനവാക്യങ്ങളും 42

**9. വിവിധങ്ങളായ വിഷയങ്ങൾ 43**
പ്രധാനപ്പെട്ട കത്ത് 43
പുത്രനെയും അവന്റെ ദാനത്തെയും തിരസ്ക്കരിക്കുന്നത് 44
യഥാർത്ഥ മഹത്വം 45
ഉപവാസം – വീണ്ടെടുപ്പിന്റെ സാധർമ്മ്യം – ഭാര്യയും 46
റമദാനും 47
നിത്യതയെക്കുറിച്ചുള്ള പ്രത്യാശ പങ്കുവയ്ക്കുന്നതിനുള്ള കരുണാർദ്രമായ മാർഗ്ഗം 52
സുഗന്ധവ്യഞ്ജനത്തെക്കുറിച്ച് സ്ത്രീകളോട് സംസാരിക്കുന്നത് 52
പര്യവസാനം: 53

അനുബന്ധം: 54

# ആമുഖം

**സുവിശേഷം** അംഗീകരിക്കുന്നതിനുമുമ്പ് അത് ഭാഗീകമായെങ്കിലും മനസ്സിലാക്കിയിരിക്കണം. സുവിശേഷത്തിന്റെ ആത്മീകസത്യങ്ങളെ വിശദമാക്കുവാൻ ഉപയോഗിക്കുന്ന വാക്കുകൾ സാധാരണ ജീവിതത്തിൽ നിന്ന് കടമെടുത്തവയാണ് എന്നത് സുവിശേഷത്തെ അറിയുന്നവർ എപ്പോഴും ഓർത്തിരിക്കേണ്ട വസ്തുതയാണ്. അത് വ്യക്തികളിലും, സംസ്കാരങ്ങളിലും, ഓരോ മതങ്ങളിലും വ്യത്യസ്തവുമാണ്. മതപരമായ വാക്കുകളായ ദൈവം, പ്രാർത്ഥന, രക്ഷ, യാഗം എന്നിവപോലുള്ള പദങ്ങൾ മറ്റ് തലങ്ങളിലും ഇതേ അർത്ഥത്തിലാണ് ഉപയോഗിക്കപ്പെടുന്നത് എന്ന് ഒരുപക്ഷേ നാം ചിന്തിച്ചേക്കാം. ഉദാഹരണത്തിൽകൂടി കാര്യങ്ങൾ വ്യക്തമാക്കാൻ സാധിക്കുന്നതിലും ഉപരിയായി മറ്റെന്തു മാർഗ്ഗമാണുള്ളത്?

മുസ്ലീങ്ങളുടെ സുവിശേഷീകരണത്തിന് ഉപയോഗിക്കുന്നതായ ഉദാഹരണങ്ങൾ ഞാൻ ഈ **പ്രസിദ്ധീകരണത്തിൽ** ഉൾപ്പെടുത്തിയിട്ടുണ്ട്. ആത്മീക സത്യങ്ങളെ വിശദീകരിക്കുവാനായി യേശു ഉപമകൾ ഉപയോഗിച്ചതുപോലെ, ശരിയായ സമയത്ത് ശരിയായ മാർഗ്ഗങ്ങൾ ഉപയോഗിക്കുവാനുള്ള ജ്ഞാനം ക്രിസ്ത്യാനികൾക്ക് ഉണ്ടാകണം. ഈ അറിവ് മെച്ചപ്പെട്ട രീതിയിലുള്ള ആശയവിനിമയങ്ങൾക്ക് ഉപകരിക്കും.

തന്റെ കേൾവിക്കാരുടെ ചിന്തകളെ ഉദ്ദീപിപ്പിക്കുന്നതിനായി **യേശു** ഉപമകളിലൂടെ സംസാരിച്ചു. ദൈവമുമ്പാകെയുള്ള തങ്ങളുടെ സ്ഥാനം എന്തെന്നുള്ളത് ചോദ്യം ചെയ്യുവാൻ മുസ്ലീങ്ങളെ പ്രാപ്തരാക്കുന്നതിനായി നാം എന്തുകൊണ്ട് ഈ രീതി ഉപയോഗിച്ചുകൂടാ? ഇവിടെ ഒന്നു രണ്ടു കാര്യങ്ങൾ വ്യക്തമാക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഒന്നോ രണ്ടോ സൂചകങ്ങളെ വിശദികരിക്കുന്നതിനാണ് ഉപമകൾ ഉപയോഗിക്കുന്നത്. കൂടുതൽ കാര്യങ്ങളെ വിശദീകരിക്കുമ്പോൾ ആശയക്കുഴപ്പം ഉണ്ടാകുവാൻ സാധ്യതയുണ്ട്. നിങ്ങളുടെ സാക്ഷ്യങ്ങളിലൂടെ ദൈവനാമം മഹത്വീകരിക്കപ്പെടട്ടെ. “ഇതൊക്കെയും യേശു പുരുഷാരത്തോട് ഉപമകളായി പറഞ്ഞു, ഉപമ കൂടാതെ അവരോട് ഒന്നും പറഞ്ഞില്ല.”(മത്തായി 13:34).

ഈ പ്രസിദ്ധീകരണത്തോടുള്ള നിങ്ങളുടെ പ്രതികരണങ്ങളും നിർദ്ദേശങ്ങളും **സ്വാഗതാർഹമാണ്**. മറ്റ് ഉദാഹരണങ്ങളോ ഉപമകളോ കഥകളോ നിങ്ങളുടെ കൈവശം ഉണ്ടെങ്കിൽ, ദയവായി എന്നോടു പങ്കുവയ്ക്കുക. പിന്നീടുള്ള പതിപ്പുകളിൽ അവയും ചേർക്കാവുന്നതാണ്.

ആൻഡ്രിയാസ് മുറേർ

# 1. ദൈവത്തിന്റെ ക്ഷണപ്രഭയെ കുറിക്കുന്ന ഉപമകൾ

## യജമാനനും ദാസനും, അഥവാ പിതാവും മകനും?

പൗരസ്ത്യദേശത്തെ ഒരു ഭരണാധികാരി, തന്റെ സത്യസന്ധനും ബുദ്ധിമാനുമായ ദാസനിൽ സംതൃപ്തനാണെന്ന് **സങ്കൽപ്പിക്കുക**. ഒരു ദിവസം യജമാനൻ ദാസനെ തന്റെ മകനായി ദത്തെടുക്കുവാൻ തീരുമാനിക്കുന്നു. ദാസൻ അത് നന്ദിയോടും ബഹുമാനത്തോടുംകൂടെ സ്വീകരിക്കുന്നു. നിങ്ങളായിരുന്നു എങ്കിൽ വ്യത്യസ്തമായ തീരുമാനം കൈക്കൊള്ളുമായിരുന്നുവോ?

യജമാനനും ദാസനും തമ്മിലുള്ള **ബന്ധം** എന്നത് പിതാവും പുത്രനും തമ്മിലുള്ള ബന്ധത്തിൽ നിന്നും തികച്ചും വ്യത്യസ്ഥമാണ്. പുത്രൻ കുടുംബത്തിലുള്ളവനാണ്. അവൻ തന്റെ മാതാപിതാക്കളോടൊപ്പം അവരുടെ സംരക്ഷണത്തിൽ ഭവനത്തിൽ വസിക്കുകയും, അവരുടെ സ്വത്തിന് അവകാശിയും ആണ്. മാത്രവുമല്ല, ഒരു കൂലിക്കാരനേപ്പോലെ പുത്രന് വേല ചെയ്യുകയോ, കൂലി വാങ്ങുകയോ, യജമാനന്റെ പ്രീതി സമ്പാദിക്കുകയോ ചെയ്യേണ്ടതുമില്ല.

**ഉപസംഹാരം:** ഈ ഉദാഹരണങ്ങൾ, ഇസ്ലാംമതം വരച്ചുകാട്ടുന്ന സൃഷ്ടാവിനും ജനങ്ങൾക്കും വിരുദ്ധമാണ് (യജമാനനും ദാസനും) അതുപോലെ ക്രിസ്തു മതത്തിലും (പിതാവും പുത്രനും) ഖുറാനിൽ വേലയുടെ അടിസ്ഥാനത്തിലാണ് അല്ലാഹു ബന്ധങ്ങൾ സൂക്ഷിക്കുന്നത്. എന്നാൽ വേദപുസ്തകപ്രകാരം ദൈവം ആഗ്രഹിക്കുന്നത് സ്നേഹത്തിലൂടെയുള്ള ബന്ധമാണ് (ഗലാ.4:7; 1 യോഹ.3:1).

# ന്യായാധിപനും അദ്ദേഹത്തിന്റെ സ്നേഹി തനും

തന്റെ മേലുദ്യോഗസ്ഥന്റെ പണം മോഷ്ടിച്ചതിന് **ഒരാൾ പിടിക്കപ്പെട്ടു.** തങ്ങൾ സഹപാഠികളായിരുന്നപ്പോൾ ന്യായാധിപനും കുറ്റവാളിയും ഉറ്റ സുഹൃത്തുക്കളായിരുന്നു.

ഇത് ന്യായാധിപനിൽ ഒരു **ആശയക്കുഴപ്പം** സൃഷ്ടിച്ചു. തന്റെ മുൻപിൽ നിൽക്കുന്നത് കുറ്റാരോപിതനാണെങ്കിലും, തന്റെ സ്നേഹിതനുമാണ്. ഒരു ന്യായാധിപൻ എന്ന നിലയിൽ സത്യം തെളിയിക്കുകയും ശിക്ഷ നടപ്പാക്കുകയും വേണം. ആ വ്യക്തി കള്ളനായിരുന്നതുകൊണ്ട് അവൻ നിരപരാധിയാണെന്ന് ന്യായാധിപൻ വിധിച്ചില്ല.

ഈ കേസ് പരിഗണിച്ചപ്പോൾ, നിയമത്തെയും തന്റെ മനഃസാക്ഷിയെയും തൃപ്തിപ്പെടുത്തുന്ന ഒരു പരിഹാരം താൻ കണ്ടെത്തി. തന്റെ സ്നേഹിതൻ ഒരു വലിയ പിഴ ഒടുക്കുവാനായി ന്യായാധിപൻ വിധി പറഞ്ഞു. എന്നാൽ തന്റെ സ്നേഹിതന്റെ പക്കൽ പിഴ ഒടുക്കുവാൻ പണമില്ലെന്നു മനസ്സിലാക്കിയ ന്യായാധിപൻ, തന്റെ സ്വന്തം പോക്കറ്റിൽ നിന്നും ആ പിഴ ഒടുക്കി. അങ്ങനെ തന്റെ സ്നേഹിതനെ സ്വതന്ത്രനായി പോകുവാൻ അനുവദിച്ചു. തന്റെ സ്നേഹിതന്റെ നന്ദി എത്രമാത്രമെന്ന് സങ്കല്പിച്ചു നോക്കുക.

**ഉപസംഹാരം:** നമ്മുടെ പാപങ്ങൾക്കായി ക്രിസ്തുവിനെ ദൈവം യാഗമായി നൽകിയതിനെയാണ്അത്തരം സംഭവം നമ്മെ കാണിക്കുന്നത് (യോഹ.3:16; 5:24; റോമ.5:8; 6:23). അവന്റെ രക്ഷയെ ദാനമായി സ്വീകരിച്ച നാംഎന്നന്നേക്കും അവനോടു നന്ദിയുള്ളവരാണോ എന്നു നമ്മോടുതന്നെ ചോദിക്കേണ്ടിയിരിക്കുന്നു.

# ഷാമുവൽ –
## കൊക്കേഷ്യൻ പ്രഭു

ഏതാനും നൂറ്റാണ്ടുകൾക്കു മുൻപു ജീവിച്ച ഒരു കൊക്കേഷ്യൻ പ്രഭുവായിരുന്നു **ഷാമുവൽ**. തുർക്കിയുമായുള്ള നിരന്തര യുദ്ധത്തിനൊടുവിൽ അദ്ദേഹവും തന്റെ സൈന്യവും ചേർന്ന് തുർക്കിയിലെ ഒരു പട്ടണം പിടിച്ചടക്കി. അവരുടെ ആചാരരീതി അനുസരിച്ച്, തന്റെ ഉദ്യമത്തിൽ തന്റെ മാതാവും പങ്കുചേർന്നു. ഒരു രാത്രിയിൽ അദ്ദേഹം പൊടുന്നനെയുള്ള ആക്രമണത്തിന് പദ്ധതിയിട്ടു. പക്ഷേ തന്റെ ശത്രുക്കൾ തയ്യാറായിരിക്കുകയായിരുന്നു. കാരണം തന്റെ രഹസ്യം ആരോ ശത്രുക്കൾക്ക് ചോർത്തികൊടുത്തിരുന്നു. ഒറ്റുകാരന് നൂറു ചാട്ടവാറടി ആയിരുന്നു ഷാമുവൽ വിധിച്ച ശിക്ഷ. അതീവരഹസ്യമായി താൻ മറ്റൊരു ആക്രമണത്തിന് പദ്ധതിയിട്ടു, എന്നാൽ അതും ആദ്യത്തേതുപോലെ പാളിപ്പോയി.

എന്നാൽ ഇക്കുറി ഒറ്റുകാരൻ പിടിക്കപ്പെട്ടു. ഷാമുവലിന്റെ അമ്മ!

**മൂന്നുദിവസം** താൻ കൂടാരത്തിൽ തന്നെ ചെലവഴിച്ചു.എന്താണ് ശരിയായ പ്രതിവിധി? തന്റെഅമ്മയെ വെറുതെ വിട്ടാൽ താൻ അനീതിയുള്ളവനാണെന്ന് എല്ലാവരും കുറ്റപ്പെടുത്തും. അവരെ ശിക്ഷിച്ചാൽ എല്ലാവരും പറയും "ഷാമുവൽ ദയയില്ലാത്തവനാണ്" എന്ന്! അവസാനം ഷാമുവേൽ കൂടാരത്തിനു വെളിയിൽ വന്നു. സൈന്യം പ്രതീക്ഷയോടെ കാത്തുനിന്നു. ദുഃഖത്തോടെ അദ്ദേഹം പറഞ്ഞു. "ഒറ്റുകൊടുക്കപ്പെട്ടതിനാൽ നമുക്ക് രണ്ടു യുദ്ധത്തിലും പരാജയപ്പെടേണ്ടിവന്നു. നമ്മുടെ ചില യോദ്ധാക്കൾ കൊല്ലപ്പെടുകയും ചെയ്തു. ഞാൻ നേരത്തെ തീരുമാനിച്ചതുപോലെതന്നെ, ഒറ്റുകാരൻ നൂറു ചാട്ടവാറടി ഏൽക്കേണ്ടതാണ്. നീതിപൂർവ്വമായ വിധി നടപ്പാക്കിയേ മതിയാകൂ."

**അദ്ദേഹത്തിന്റെ മാതാവിനെ**, ഭയത്തോടും വിളറിയ മുഖത്തോടുകൂടെ പടയാളികളുടെ മധ്യത്തിലേക്ക് ആനയിച്ചു. ശിക്ഷകർ തന്നെ അടിക്കുവാനായി ചാട്ടവാർ ഉയർത്തിയപ്പോൾ, ഷാമുവൽ മുൻപിലേക്ക് ചാടി കരഞ്ഞുകൊണ്ട് ഇപ്രകാരം പറഞ്ഞു, "നിൽക്കുക, അത് എന്റെ അമ്മയാണ്; ഞാൻ അവരുടെ രക്തവും മാംസവുമാണ്. അവർക്കുവേണ്ടിയുള്ള ശിക്ഷ ഞാൻ ഏറ്റുകൊള്ളാം." തന്റെ വസ്ത്രം അഴിച്ചുമാറ്റി അദ്ദേഹം ഇപ്രകാരം ആജ്ഞാപിച്ചു. "ശിക്ഷക," താങ്കൾ യഥാർത്ഥ കുറ്റവാളിയെ അടിക്കുന്നതുപോലെ തന്നെ കഠിനമായി എന്നെ അടിക്കുക. നിങ്ങളുടെ ജോലി നിവർത്തിക്കുക.' ഓരോ അടിയും തന്റെ മുതുകിനെ ഉഴവുചാലാക്കി, താൻ അബോധാവസ്ഥയിലായി.

എല്ലാവരുടെയും കണക്കുകൂട്ടൽ തെറ്റിച്ചുകൊണ്ട് അദ്ദേഹം ജീവിതത്തിലേക്ക് മടങ്ങിവന്നു.

**ഉപസംഹാരം:** ഈ സംഭവം ക്രിസ്തുവിനെ വരച്ചുകാട്ടുന്നതാണ്. നാം ബൈബിളിൽ വായിക്കുന്നതുപോലെ അവൻ മാനുഷരൂപം എടുത്ത ദൈവം ആയിരുന്നു (പുതിയ നിയമം: യോഹന്നാൻ 1:10–12; 10:28–30; 14:6; കൊലൊസ്യർ 1:15–20; 4:4; 1 യോഹന്നാൻ 5:20; 2 പത്രോസ് 1:1; തീത്തോസ് 2:13. പഴയനിയമം : യെശയ്യാവ് 7:14; 9:6). ദൈവം എന്ന നിലയിൽ അവൻ നീതിപൂർവ്വമായ വിധി നടപ്പാക്കുന്നു. എന്നാൽ അവന്റെ തികഞ്ഞ സ്നേഹത്താൽ, നമ്മുടെ പാപങ്ങൾക്കായി – ക്രൂശിൽ ക്രൂരവും, എന്നാൽ നീതിപൂർവ്വവുമായ പീഡകൾ അവൻ സഹിച്ചു. ശാരീരികമായ ക്രൂരപീഡനങ്ങൾ മാത്രമല്ല അവൻ സഹിച്ചത്, നമ്മുടെ പാപത്തിന്റെ വൃത്തികേടും നാണക്കേടും അവൻ സഹിക്കേണ്ടിവന്നു.

# 2. യേശുക്രിസ്തുവിനെക്കുറിച്ചു മനസ്സിലാക്കുവാൻ സാധിക്കുന്ന ഉദാഹരണങ്ങൾ

## താഴും താക്കോലും

**ഒരു യഥാർത്ഥ ക്രിസ്ത്യാനിയോ** മുസ്ലീമോ ഒരിക്കലും വിശ്വസിക്കുകയില്ല ദൈവവും മറിയയും തമ്മിലുള്ള ശാരീരിക ബന്ധത്തിലൂടെയാണ് യേശുക്രിസ്തു ജനിച്ചത് എന്ന അപവാദം. ഇത് ഇരുകൂട്ടരും വെറുക്കുന്നതാണ്. "ദൈവപുത്രൻ" എന്ന പദം കേൾക്കുമ്പോൾ ഒരു മുസ്ലീമിനുണ്ടാകുന്ന തെറ്റിദ്ധാരണ മാറ്റുവാൻ ഒരു ഉദാഹരണം ഉപയോഗിക്കാം.

മലയ ഭാഷയിൽ **'കുത്ഷി'** എന്ന വാക്കിന്റെ അർത്ഥം താഴ് എന്നാണ്. *'അനാകുത്ഷി'* എന്ന പദമാണ് താക്കോലിന് ഉപയോഗിക്കുന്നത്. അതിന്റെ അർത്ഥം "താഴിന്റെ പുത്രൻ" എന്നാണ്. ഒരു *(കുത്ഷി)* താഴ് മറ്റൊരു കുത്ഷി (താഴു) മായി ബന്ധപ്പെട്ടതിന്റെ ഫലമായിട്ടുണ്ടാകുന്നതാണ് *'അനാകുത്ഷി'* (താക്കോൽ) എന്ന് ഒരു മലയക്കാരനും വിശ്വസിക്കുന്നില്ല.

**ഈ വാക്കുകൾ** സൂചിപ്പിക്കുന്നത് താഴും താക്കോലുമായിട്ട് ഒരു ബന്ധം ഉണ്ട് എന്നാണ്. അവ രണ്ടും പരസ്പര പൂരകങ്ങളാണ്. താക്കോൽ ഇല്ലാതെ ഒരു താഴ് ഉപയോഗശൂന്യവും അപൂർണ്ണവുമാണ്!

അതുപോലെ, അറബിഭാഷയിൽ ഒരു യാത്രക്കാരനെ വിശേഷിപ്പിക്കുന്നത് *"പാതയുടെ പുത്രൻ"* എന്നാണ്. അതുപോലെ ക്രിസ്ത്യാനികളും യേശുവിനെ കുറിക്കുവാൻ ഉപയോഗിക്കുന്ന പദമാണ് "ദൈവപുത്രൻ" (മത്തായി 3:1617; 11:27; 14:33; മർക്കൊസ് 1:1; ലൂക്കൊസ് 1:35; യോഹന്നാൻ 1:34; അപ്പോസ്തലപ്രവൃത്തികൾ 9:20).

# യേശു എങ്ങനെ ദൈവം ആകും?

**ഒരിക്കൽ** തന്റെ ശക്തിക്കും ധനത്തിനും പേരു കേട്ട ചെറുപ്പക്കാരനായ ഒരു ഭരണാധികാരി ഉണ്ടായിരുന്നു. തന്റെ രാജധാനിയിലെ എല്ലാ ജനങ്ങളും അദ്ദേഹത്തിന്റെ ജ്ഞാനത്തേയും നീതിയേയും ആദരിച്ചിരുന്നു.

**ഒരു ദിവസം**, സുന്ദരിയും എന്നാൽ പാവപ്പെട്ടവളുമായ ഒരു പെൺകുട്ടി അദ്ദേഹത്തിന്റെ ശ്രദ്ധയിൽപ്പെട്ടു. അദ്ദേഹത്തിന്റെ വിചാരങ്ങൾ ആരുംതന്നെ അറിഞ്ഞിരുന്നില്ല, ആ പെൺകുട്ടി പോലും. ഭരണാധികാരിക്ക് ആ പെൺകുട്ടിയെ വിവാഹം കഴിച്ച് റാണിയാക്കുന്നതിന് യാതൊരു തടസ്സങ്ങളും ഉണ്ടായിരുന്നില്ല. എന്നാൽ തന്റെ ധനമോ, പ്രശസ്തിയോ, ശക്തിയോ കണ്ടിട്ടല്ല, ആ പെൺകുട്ടിക്ക് തന്നോടുള്ള സ്നേഹത്തിന്റെ അടിസ്ഥാനത്തിലായിരിക്കണം അവൾ തന്നെ വിവാഹം കഴിക്കുക എന്നത് ഉറപ്പുവരുത്തുവാൻ അദ്ദേഹം ആഗ്രഹിച്ചു.

അദ്ദേഹവും അവളുടെ സാഹചര്യത്തിൽ, അവളെപോലെ ദരിദ്രനായി ജീവിച്ചെങ്കിൽ മാത്രമേ ഇത് സാധ്യമാകൂ. അങ്ങനെ ഒരു അവസ്ഥയിൽപോലും അവൾ തന്റെ ഭാര്യയാകുവാൻ സന്നദ്ധയാകുമെങ്കിൽ, അതിന്റെ പിന്നിൽ മറ്റ് ഉദ്ദേശങ്ങൾ ഒന്നും തന്നെ ഉണ്ടായിരിക്കുകയില്ല. അദ്ദേഹം തന്റെ കൊട്ടാരം വെടിഞ്ഞ്, മുഷിഞ്ഞ വേഷംധരിച്ച് നഗ്നപാദനായി അവളുടെ ഗ്രാമത്തിലേക്ക് നടന്നു. ഒരു പക്ഷേ അവൾ തന്നെ തിരസ്ക്കരിക്കുമായിരിക്കും, എന്നാലും അവളുടെ സ്നേഹം യഥാർത്ഥമാണോ എന്നറിയുവാൻ ഇതുമാത്രമായിരുന്ന ഏകമാർഗ്ഗം.

**ഉപസംഹാരം:** ദൈവം നമ്മെ സ്നേഹിക്കുന്നു. നാം ദൈവത്തെ മനസ്സിലാക്കുന്നതിനായി, അവൻ ‘മാനുഷരൂപം’ എടുത്തു (ഫിലിപ്പ്യർ 2:6). യേശു ഈ ലോകത്തിൽ അവതരിച്ചത് കാലിത്തൊഴുത്തിലാണ്. ഇമ്മാനുവേൽ, എന്നുവച്ചാൽ “ദൈവം നമ്മോടുകൂടെ” ആയ യേശു, തന്റെ ധനവും അധികാരവും, ശക്തിയുമെല്ലാം ഒളിപ്പിച്ചുവച്ചത് നമ്മുടെ സ്നേഹത്തിനു വേണ്ടിയാണ് (മത്തായി 1:23). ആ കഥയിലെ ഭരണാധികാരി ദരിദ്രനാകാൻ തീരുമാനിച്ചു എങ്കിലും അവൻ അപ്പോഴും ഭരണാധികാരിതന്നെയാണ്. അതുപോലെ ദൈവവും മാനുഷരൂപം എടുത്തു എങ്കിലും, അവൻ നമ്മുടെ സൃഷ്ടാവും, അഖിലാണ്ഡത്തെ വാഴുന്നവനുമാണ്.

# 3.
# ത്രിത്വത്തെക്കുറിച്ചുള്ള ഉദാഹരണങ്ങൾ

ത്രിത്വത്തെക്കുറിച്ച് മുസ്ലീങ്ങൾ ചോദിക്കുന്ന **ചോദ്യങ്ങൾക്ക്** തൃപ്തികരമായ ഉത്തരം നൽകുക പ്രയാസമാണ്.ത്രിത്വം എന്ന ദൈവ ശാസ്ത്രപദം, നിത്യത, അനന്തത എന്നീ വേദ പുസ്തക പദങ്ങളേപ്പോലെ, നമുക്ക് തിരുവചന ത്തിൽ കാണുവാൻ കഴിയുന്ന ഒന്നല്ല. വെളിവാ ക്കപ്പെട്ട സത്യത്തിന്റെ അടിസ്ഥാനത്തിൽ, അത് മാനുഷീക ചിന്തകളേക്കാൾ അതീതമാണ്. വിശ ദീകരിക്കാനാവാത്തതിനെ വിശദീകരിക്കുവാൻ ഞങ്ങൾക്കു കഴിയും എന്ന മതിപ്പ് നൽകാതിരി ക്കുവാൻ ക്രിസ്ത്യാനികൾ പരിശ്രമിക്കണം. ത്രിത്വം, അഥവാ, "ദൈവത്തിന്റെ മൂന്നു സ്വഭാ വങ്ങൾ" (തിരുവചനത്തിൽ അങ്ങനെയൊരു പദം ഇല്ല, എന്നാൽ നാം അത് ഇങ്ങനെയാണ് മനസ്സിലാക്കുന്നത്) പുതിയനിയമത്തിൽ അത് ഇപ്രകാരം ഒരു സമവാക്യമാണ്, "പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ്." എന്നാൽ അതിന്റെ അർത്ഥം വളരെ കുറച്ചുമാത്രമേ വെളിപ്പെടുത്തു ന്നുള്ളൂ.

**പഴയനിയമം (OT)** കൂടുതൽ സൂചനകൾ നൽകുന്നു. എബ്രായ ഭാഷയിൽ ദൈവത്തെ സൂചിപ്പിക്കുന്ന പദങ്ങൾ *'എൽ'* (410 പ്രാവശ്യം പഴയ നിയമത്തിൽ) 'എല' (426 പ്രാവശ്യം), *'എലോഹ'* (45 പ്രാവശ്യം) ഉണ്ട്. എന്നാൽ *'എലോഹിം'* എന്ന ബഹുവചനപദം, 2600 പ്രാവശ്യം ഉപയോഗിച്ചിരിക്കുന്നു. പഴയനിയമ ത്തിന്റെ ആദ്യവാചകം, "ആദിയിൽ ദൈവം (ഏ ലോഹിം) ആകാശവും ഭൂമിയും സൃഷ്ടിച്ചു (ഉ ല്പത്തി 1:1). "നാം **നമ്മുടെ** സ്വരൂപത്തിൽ **നമ്മുടെ** സാദൃശ്യപ്രകാരം മനുഷ്യനെ ഉണ്ടാ ക്കുക" (ഉല്പത്തി 1:26) എന്നുപറഞ്ഞപ്പോൾ ഏലോഹിമിനെയാണ് എടുത്തു കാണിക്കുന്നത്. ബാബേൽഗോപുരം പണിതപ്പോൾ "**നാം** ഇറങ്ങി ച്ചെന്ന് അവരുടെ ഭാഷ കലക്കുക" (ഉല്പത്തി 11:7) എന്ന് എഴുതിയിരിക്കുന്നിടത്തു ഏലോഹിം ഉപയോഗിച്ചിരിക്കുന്നു.

പുതിയ നിയമത്തിലും നാം **ഒരു വിശദീകരണം** കാണുന്നു (കൊലൊസ്യർ 1:15–20; എബ്രായർ 1:1–3; 8–9) ".............. അവൻ മുഖാന്തരവും അവ നായിട്ടും സകലവും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു." "ഈ അന്ത്യകാലത്തു പുത്രൻമുഖാന്തരം നമ്മോട് അരുളിചെയ്തിരിക്കുന്നു... അവൻ മുഖാന്തരം ലോകത്തെയും ഉണ്ടാക്കി... അവൻ അവന്റെ തേജസ്സിന്റെ പ്രഭയും തത്ത്വത്തിന്റെ മുദ്രയും സകലത്തെയും തന്റെ ശക്തിയുള്ള വചനത്താൽ വഹിക്കുകയും ചെയ്യുന്നവനാക കൊണ്ട്...." ഇവിടെ ദൈവത്തിന്റെ ബഹുവചന രൂപമാണ് കാണുന്നത്. കൂടാതെ, ഉല്പത്തി 1:2 ൽ "ദൈവത്തിന്റെ ആത്മാവ് വെള്ളത്തിൽ പരി വർത്തിച്ചുകൊണ്ടിരുന്നു" എന്നു പറയുന്നു.

യെശയ്യാവ് 63:7–10 വരെയുള്ള വാക്യ ങ്ങൾ ത്രിത്വത്തിന്റെ രഹസ്യത്തിലേക്ക് വെളിച്ചം വീശുന്നവയാണ്. "..... ഞാൻ യഹോവയുടെ സ്തുതിയേയും അവന്റെ കരുണയ്ക്കും മഹാ ദയയ്ക്കും ഒത്തവണ്ണം ... കീർത്തിക്കും. അവർ എന്റെ ജനം, കപടം കാണിക്കാത്ത മക്കൾ തന്നെ എന്നുപറഞ്ഞ് അവൻ അവർക്കു **രക്ഷി താവായി**ത്തീർന്നു (യേശുവ) ..... തന്റെ സ്നേഹ ത്തിലും കനിവിലും അവൻ അവരെ വീണ്ടെടു ത്തു... എന്നാൽ അവർ മത്സരിച്ച് അവന്റെ **പരി ശുദ്ധാത്മാവിനെ** ദുഃഖിപ്പിച്ചു." മത്തായി 1:21 –23ൽ കർത്താവ് ഇപ്രകാരം കല്പിച്ചു, "..... അവൻ തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നു രക്ഷിപ്പാനിരിക്കകൊണ്ടു നീ അവനു യേശു എന്നുപേർ ഇടേണം എന്നുപറഞ്ഞു... അവനു **ദൈവം നമ്മോടുകൂടെ** എന്നർത്ഥമുള്ള ഇമ്മാനുവേൽ എന്നു പേർ വിളിക്കും."

# ത്രിത്വത്തെ വിവരിക്കുന്ന സാധർമ്മ്യം

**ഒരു രസതന്ത്രജ്ഞൻ** ഒരുതുള്ളി ജലത്തെ വിശേഷിപ്പിക്കുന്നത് $H_2O$ എന്നാണ്. എന്നാൽ ഒരു ഭൗതിക വിജ്ഞാനി അതേ ജലത്തെ പരിശോധിച്ച് അത് ദ്രാവകമാണെന്നുപറയും. രസതന്ത്രജ്ഞൻ മഞ്ഞുകട്ടയെ നോക്കി അത് $H_2O$ ആണെന്നുപറയുമ്പോൾ, അത് ഖരമാണെന്ന് ഭൗതികവിജ്ഞാനി പറയും. ഒരു ടെസ്റ്റ്ട്യൂബ്നിറയെ നീരാവിയുണ്ടെങ്കിൽ രസതന്ത്രജൻ മുമ്പത്തേപോലെ തന്നെ വിശദീകരണം നൽകും... എന്നാൽ ഭൗതിക വിജ്ഞാനിപറയും അത് വാതകമാണെന്ന്!

ഈ ഉദാഹരണങ്ങൾക്കും ത്രിത്വത്തിന്റെ വിശദീകരണങ്ങൾക്കും തമ്മിൽ ചില സമാനതകളുണ്ട്. ജലം മഞ്ഞുകട്ടയോ, നീരാവിയോ ആയാലും അതിന്റെ അടിസ്ഥാനഘടകം $H_2O$ ആണ്. അതേപോലെ വ്യത്യസ്തരൂപത്തിലും ഭാവത്തിലും ദൈവം, ദൈവം തന്നെയാണ്. ജീവൻ നിലനിർത്തുന്ന ജലത്തെ സൃഷ്ടാവായ പിതാവിനോടുപമിക്കാം. നമ്മുടെ കരങ്ങളാൽ പിടിക്കാവുന്ന മഞ്ഞുകട്ടയെ നമ്മുടെ രക്ഷകനും ദൈവപുത്രനുമായ യേശുവിനോട് ഉപമിക്കാം. അദൃശ്യവും ശക്തിമത്തുമായ നീരാവിയെ, തന്നെ അന്വേഷിക്കുന്ന ഏവർക്കും വെളിപ്പെടുത്തുകയും നീതിയോടെ ജീവിക്കുവാൻ വിശ്വാസികളെ ശക്തീകരിക്കുന്നതുമായ പരിശുദ്ധാത്മാവിനോട് ഉപമിക്കാം. എങ്കിലും മൂന്നും സ്വഭാവത്തിൽ ഒന്നുതന്നെയാണ് – ദൈവം തന്നെയാണ്!

**ഗണിതശാസ്ത്ര സമവാക്യം:** ചില മുസ്ലീങ്ങൾ പറയുന്നത് ഒന്ന് മൂന്നാകുന്നതും മൂന്ന് ഒന്നാകുന്നതും യുക്തിക്കതീതമാണെന്നാണ്. അവർ ഗണിതശാസ്ത്ര സമവാക്യമായ 1+1+1 =3 എന്നത് ഉപയോഗിക്കുന്നു. ഇത് അപ്രായോഗികമാണെന്ന് ചിലർ പറഞ്ഞേക്കാം. എപ്രകാരമാണ് ദൈവത്തിന്റെ സ്വഭാവത്തെ വിശദീകരിക്കേണ്ടത്? ഗുണന സമവാക്യമായിരിക്കാം, കൂട്ടുന്നതിനേക്കാൾ അഭികാമ്യം. 1x1x 1എന്ന് എഴുതുമ്പോൾ അതിന്റെ ഉത്തരം എന്താണെന്ന് ചോദിക്കുക. അവർ ഉടൻ പറയും 1 എന്ന്. മുസ്ലീങ്ങൾ ത്രിത്വം എന്ന ഉപദേശത്തിനെതിരായി ഉപയോഗിക്കുന്ന ഇടുങ്ങിയ ചിന്താഗതിയെ ഇങ്ങനെ നാം മറികടക്കുന്നു. ഇത് അവരുടെ വാദഗതികളെയും തടസ്സങ്ങളെയും മാറ്റുകയും സത്യത്തെ ഉൾക്കൊള്ളുവാനായി അവരുടെ മനസ്സുകളെ തുറക്കുകയും ചെയ്യുന്നു.

**ഒന്നിൽ മൂന്ന് എന്നതിന്റെ വിശദീകരണങ്ങൾ**

- ദേഹം, ദേഹി, ആത്മാവ് ഇവ ചേർന്നതാണ് മനുഷ്യൻ
- സൂര്യപ്രകാശത്തിൽ പ്രകാശവും, ചൂടും പദാർത്ഥവുമുണ്ട്.
- തീയിൽ വിറകും ചൂടും പ്രകാശവുമുണ്ട്.

**ഉപസംഹാരം:** ഈ വിശദീകരണങ്ങൾ നമ്മെ ദൈവത്തെ കൂടുതലായി മനസ്സിലാക്കുവാൻ സഹായിക്കും എങ്കിലും, നമ്മുടെ പരിമിതമായ ബുദ്ധിയിൽ ദൈവത്തെ പൂർണ്ണമായി മനസ്സിലാക്കുവാൻ കഴിയുകയില്ല. എന്നാൽ ത്രിത്വരൂപത്തിലുള്ള ദൈവത്തെയും അവന്റെ സൃഷ്ടിയേയും നമുക്കു മനസ്സിലാക്കുവാൻ സാധിക്കും.

# 4.

# മനുഷ്യനെക്കുറിച്ചുള്ള ദൈവത്തിന്റെ കാഴ്ചപ്പാടിനെ കുറിക്കുന്ന ഉദാഹരണങ്ങൾ

**വേദപുസ്തകം** പഠിപ്പിക്കുന്നത് ആരും തന്നെ ദൈവകല്പനപ്രമാണിക്കുന്നില്ലെന്നാണ് (റോമർ 3:23). നാം വാക്കിലും, പ്രവൃത്തിയിലും ചിന്തയിലും അവയെ തെറ്റിച്ചു. സുവർണ്ണ നിയമങ്ങൾക്കനുസരിച്ച് നാം എപ്പോഴും ജീവിച്ചിട്ടില്ല (മത്തായി 7:12, 22:37–40 കാണുക). ദൈവീക നിലവാരം നാം കാത്തുസൂക്ഷിച്ചില്ല. പാപം നമ്മെ ദൈവത്തിൽ നിന്നും അകറ്റും (യെശയ്യാവ് 59:21) അതേക്കുറിച്ച് നമുക്ക് എന്താണ് പറയുവാനുള്ളത്?

70 x 1000 =

70000 കുറ്റങ്ങൾ

## ഒരു ദിവസത്തെ മൂന്നു പാപങ്ങൾ

പാപം എന്നത് വാക്കിലും പ്രവൃത്തിയിലും ചിന്തയിലും ഉള്ള അതിക്രമങ്ങൾ മാത്രമല്ല നാം ചെയ്യേണ്ടിയിരുന്നത് ചെയ്യാതിരിക്കുന്നതും പാപമാണ്. നമ്മുടെ അയൽക്കാരനെ നമ്മേപ്പോലെ സ്നേഹിക്കുക എന്നതു പോലെ!

ഒരു ദിവസം നാം **എത്രപ്രാവശ്യം** പാപം ചെയ്യുന്നു? ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്ന കാര്യങ്ങൾ ഒരു ദിവസത്തിൽ നാം എത്രപ്രാവശ്യം ചെയ്യാതിരുന്നിട്ടുണ്ട്? അത് അൻപതോ, നൂറോ, അതോ അതിലധികമോ തവണയാണോ? നാം ചെയ്ത തെറ്റുകളിൽ 99% നാം മറന്നുപോകുമെന്ന് മനശാസ്ത്രജ്ഞൻ പറയുന്നു. അവ ലജ്ജാകരവും അസന്തുഷ്ടി ഉളവാക്കുന്നതുമാകയാൽ നാം അവയെ അടിച്ചമർത്തുന്നു.

നിങ്ങൾ ഒരു ദിവസം പത്തുപ്രാവശ്യമോ, അല്ലെങ്കിൽ അഞ്ചോ മൂന്നോ പ്രാവശ്യമോ പാപം ചെയ്യുന്നു എന്നിരിക്കട്ടെ. നിങ്ങൾ ഏകദേശം ഒരു മാലാഖയെപ്പോലെയാകും! നിങ്ങൾ അനിഷ്ഠമായി ഒന്നും ചിന്തിക്കുകയോ, ദേഷ്യപ്പെടുകയോ, ദൈവത്തോടും സമസൃഷ്ടങ്ങളോടും ചെയ്യേണ്ടത് ചെയ്യാതിരിക്കുകയോ ചെയ്തിട്ടില്ല. നിങ്ങൾക്ക് അപ്രകാരം ആയിരിക്കുവാൻ താല്പര്യമുണ്ടോ? നിങ്ങൾ ഇത്രയുംനല്ലവനായിരുന്നാൽപോലും ഒരു വർഷം നിങ്ങൾ ആയിരം തവണയെങ്കിലും ദൈവത്തോടു തെറ്റുചെയ്യും! നിങ്ങൾ (ഏകദേശം) 70 വയസ്സുവരെ ജീവിച്ചിരുന്നാൽ, നിങ്ങൾ 70,000 പ്രാവശ്യം പാപം ചെയ്തു കാണുമായിരിക്കാം. ഒരു കോടതിയിൽ 70000 തവണ കുറ്റം ചെയ്ത വ്യക്തി നിന്നാൽ എന്തായിരിക്കും സംഭവിക്കുക എന്നു ചിന്തിച്ചുനോക്കുക!

# ചീമുട്ട
# കറി കേടാക്കുന്നു

'ചെറിയ' പാപങ്ങൾ കുഴപ്പമില്ലെന്നാണ് **പാപത്തെക്കുറിച്ചുള്ള സാധാരണ ചിന്താഗതി**. എന്നാൽ ദൈവത്തിന്റെ വിശുദ്ധിക്കു വിപരീതമായത് ഒന്നും തന്നെ ചെറിയ കാര്യമല്ല. യേശു പറയുന്നത് ശ്രദ്ധിക്കുക. "അകത്തു നിന്ന്, മനുഷ്യരുടെ ഹൃദയത്തിൽ നിന്നുതന്നെ, ദുശ്ചിന്ത, വ്യഭിചാരം, പരസംഗം, കൊലപാതകം, മോഷണം, അത്യാഗ്രഹം, ദുഷ്ടത, ചതി, ദുഷ്കർമ്മം, വിടക്കുകണ്ണ്, ദൂഷണം, അഹങ്കാരം, മൂഢത എന്നിവ പുറപ്പെടുന്നു. ഈ ദോഷങ്ങൾ എല്ലാം അകത്തുനിന്നു പുറപ്പെട്ടു മനുഷ്യനെ അശുദ്ധനാക്കുന്നു എന്നും അവൻ പറഞ്ഞു" (മർക്കൊസ് 7:21–23).

പാപം എന്നത് കൊലപാതകം, മോഷണം എന്നിവ മാത്രമല്ല, നാം ചെയ്ത തെറ്റുകൾക്ക് പകരമാവുകയില്ല നമ്മുടെ നന്മപ്രവൃത്തികൾ. ദൈവസന്നിധിയിൽ നിത്യത ചെലവഴിക്കുവാനായി യോഗ്യത നേടുവാൻ ആരും തന്നെ അർഹരല്ല.

**ഇത് ചിന്തിക്കുക** – നാം പത്ത് മുട്ടയോടൊപ്പം ഒരു ചീമുട്ടയും കൂടി ചേർത്ത് പാകം ചെയ്താൽ അത് ആർക്കും തന്നെ ഭക്ഷിക്കുവാൻ കഴിയുകയില്ല. അതുപോലെതന്നെ വിശുദ്ധനായ ദൈവത്തിനു മുൻപാകെ, പാപത്താൽ കറപുരണ്ട ജീവിതം അർപ്പിക്കുവാനും സാധ്യമല്ല.

# തെറ്റായ ഒരു കാൽവയ്പ്പ് ആപത്തിലേക്ക് നയിക്കുന്നു

തങ്ങളുടെ നല്ല പ്രവർത്തികൾ കൊണ്ട് തങ്ങളുടെ പാപങ്ങളെ മായിച്ചുകളയാമെന്ന് മുസ്ലീങ്ങൾ വിശ്വസിക്കുന്നു. എങ്കിലും ഒരു പാപമെങ്കിലും അപ്രകാരം മായിച്ചുകളയാം എന്ന യാതൊരു ഉറപ്പും അവർക്കില്ല. താഴെകൊടുത്തിരിക്കുന്ന ഉദാഹരണം വ്യക്തമാക്കുന്നത് മനുഷ്യനെ ദൈവത്തിൽനിന്നും അകറ്റാൻ ഒരേ ഒരു പാപത്തിനുപോലും കഴിയും എന്നാണ്. റോമർ 3:23 ഇപ്രകാരം പറയുന്നു, “എല്ലാവരും പാപം ചെയ്തു ദൈവതേജസ്സ് ഇല്ലാത്തവരായിത്തീർന്നു.”

ഇത് വ്യക്തമാക്കുന്നതിനായി **ഒരു മുസ്ലീമിനോട്** ഒരു ഗ്ലാസ് വെള്ളം ചോദിക്കുക. അതു കുടിക്കുവാൻ ആരും വിസമ്മതിക്കാതിരിക്കുമ്പോൾ, അതിൽ ഒരു തുള്ളി വിഷം കലർന്നതാണെന്നറിഞ്ഞാൽ ആരും തന്നെ അതു കുടിക്കുകയില്ല. ശരിയാണ് – ഒരു ഗ്ലാസിനുള്ളിൽ ഒരു തുള്ളി എന്നത് അപ്രാധാന്യമുള്ളതായിരിക്കാം – എന്നാൽ ആ വെള്ളത്തെ മലിനപ്പെടുത്തുവാൻ അത് ധാരാളമാണ്.

**അതേപോലെ,** ഒരു വ്യക്തിക്ക് പറുദീസ നഷ്ടപ്പെടുത്തുവാൻ ഒരു പാപത്തിനു കഴിയും. “കുഞ്ഞാടിന്റെ ജീവപുസ്തകത്തിൽ എഴുതിയിരിക്കുന്നവരല്ലാതെ അശുദ്ധമായത് യാതൊന്നും മ്ലേച്ഛതയും ഭോഷ്ക്കും പ്രവർത്തിക്കുന്നവൻ ആരും കടക്കുകയില്ല” (വെളിപ്പാട് 21:27). യോഹന്നാൻ സ്നാപകൻ യേശുവിനെ വിശേഷിപ്പിച്ചത് “ദൈവത്തിന്റെ കുഞ്ഞാട്” (യോഹന്നാൻ 1:29) എന്നാണ്. അവൻ നമ്മുടെ പാപങ്ങൾക്കായിട്ടാണ് യാഗമായത്. വിശ്വാസത്താൽ അവനെ കൈക്കൊണ്ടവരും, അവനിൽ നിന്നും പാപമോചനം പ്രാപിച്ചവരും, പുതുജീവനായി അവനെ ആശ്രയിച്ചവർക്കും മാത്രമേ അവന്റെ സന്നിധിയിൽ പ്രവേശിക്കുവാൻ സാധിക്കൂ.

# മാനസാന്തരം എന്നാൽ തിരിയുക എന്നാണ്

മുടിയനായ
പുത്രന്റെ ഉപമ
(ലൂക്കോസ് 15:11–32)

മുടിയനായ പുത്രന്റെ **ഉപമയിൽ** രണ്ടുപുത്രന്മാർ ഉണ്ടായിരുന്ന ഒരു മകനെക്കുറിച്ചാണ് യേശുപറഞ്ഞത്. ഒരുത്തൻ തന്റെ വസ്തു വകയുടെ ഓഹരി വാങ്ങി ദൂരെ ദേശത്തുപോയി അവയെ നഷ്ടപ്പെടുത്തി. കയ്യിലുള്ളതെല്ലാം തീർന്നപ്പോൾ തന്റെ സാഹചര്യത്തെക്കുറിച്ച് അവൻ ചിന്തിക്കുവാൻ തുടങ്ങി. അവനു സുബോധം വന്നപ്പോൾ, നാണിച്ച് തന്റെ പിതാവിന്റെ അടുക്കലേക്ക് മടങ്ങിപ്പോകുവാൻ അവൻ തീരുമാനിച്ചു. വേദപുസ്തകം ഇതിനെ "മാനസാന്തരം" എന്നു പറയുന്നു.

ഇത് എങ്ങനെ സംഭവിച്ചു? ഈ ചെറുപ്പക്കാരൻ ഒരു തീരുമാനം എടുത്തു. "ഞാൻ എഴുന്നേറ്റ് അപ്പന്റെ അടുക്കൽ ചെന്ന് അവനോട്: അപ്പാ, ഞാൻ സ്വർഗ്ഗത്തോടും നിന്നോടും പാപം ചെയ്തിരിക്കുന്നു. ഇനി നിന്റെ മകൻ എന്ന പേരിനു ഞാൻ യോഗ്യനല്ല" (ലൂക്കോസ് 15:18) എന്നു പറയും. ഇപ്പോൾ അവന്റെ ഏകപ്രതീക്ഷ അപ്പന്റെ വേലക്കാരിൽ ഒരുത്തൻ ആകുക എന്നതായിരുന്നു, അത് പന്നികളെ മേയിക്കുന്നതിലും മെച്ചമായിട്ട് അവനു തോന്നി. പലരും പുതുവത്സരത്തിൽ പുതിയ തീരുമാനങ്ങൾ എടുക്കുമെങ്കിലും അത് പ്രാവർത്തികമാക്കാറില്ല. ഭാഗ്യവശാൽ, ഈ ചെറുപ്പക്കാരൻ തന്റെ തീരുമാനം പ്രാവർത്തികമാക്കി. "അങ്ങനെ അവൻ എഴുന്നേറ്റ് അപ്പന്റെ അടുക്കൽ പോയി" (ലൂക്കോസ് 15:20).

**തന്നെ അതിശയിപ്പിച്ചത്** തന്റെ പിതാവ് തന്റെ മടങ്ങിവരവിനായി കാത്തിരിക്കുകയായിരുന്നു എന്നതാണ്. കൂടുതൽ അതിശയിപ്പിച്ചത്, നികൃഷ്ടനായ മുടിയൻ പുത്രനെ തന്റെ പിതാവ് തിരിച്ചറിഞ്ഞു എന്നതാണ്. താൻ വളരെ ആത്മവിശ്വാസത്തോടെയാണ് ഭവനം വിട്ടുപോയത്. എന്നാൽ വിജയകരവും സന്തോഷപ്രദവുമായ ഭാവി തനിക്കു നേടാൻ കഴിഞ്ഞില്ല. ഇപ്പോൾ അവൻ മടങ്ങി വന്നിരിക്കുന്നത് വൃത്തികെട്ട നാറുന്ന നാടോടിയായിട്ടാണ്. എന്നിട്ടുപോലും തന്റെ പിതാവ് ഓടിച്ചെന്ന് അവനെ കെട്ടിപ്പിടിച്ച് ആലിംഗനം ചെയ്തു.

മകൻ, തനിക്കു പറയാനുള്ളത് മുഴുവൻ പറഞ്ഞുതീരുന്നതിനു മുൻപുതന്നെ പിതാവ് അവനെ ഏറ്റവും നല്ല വസ്ത്രം ധരിപ്പിച്ചു (തന്റെ വൃത്തികേടിനെ മറച്ചുകൊണ്ട്), തന്റെ വിരലിൽ മോതിരം ഇട്ടു (വീണ്ടും അവനെ പുത്രനായി കൈക്കൊണ്ടതിനാൽ), തന്റെ കാലിനു ചെരിപ്പ് ഇട്ടു (സ്വതന്ത്രരായ വ്യക്തികൾക്കു മാത്രമേ കാലിന് ചെരിപ്പിടുവാനുള്ള സ്വാതന്ത്ര്യമുണ്ടായിരുന്നുള്ളൂ).

"ഈ എന്റെ മകൻ മരിച്ചവനായിരുന്നു; വീണ്ടും ജീവിച്ചു; കാണാതെ പോയിരുന്നു; കണ്ടു കിട്ടിയിരിക്കുന്നു എന്നു പറഞ്ഞു" (ലൂക്കോസ് 15:24).

**ഉപസംഹാരം** : ഉപമകൾക്ക് യഥാർത്ഥമായ ഒരു പര്യവസാനമില്ല. മൂത്ത സഹോദരൻ പിതാവിന്റെ ക്ഷണം സ്വീകരിച്ചതായി നാം കാണുന്നില്ല. ദൈവത്തെ പിതാവായി അംഗീകരിക്കുകയും സ്നേഹിക്കുകയും ചെയ്യുവാനും മക്കൾ എന്ന പദവി അംഗീകരിക്കുവാനും തിരസ്കരിക്കുവാനുമുള്ള സ്വാതന്ത്ര്യം ദൈവം നമുക്കു നൽകുന്നു. നമ്മുടെ പാപങ്ങളെ ഓർത്ത് അനുതാപത്തോടും നുറുങ്ങിയ ഹൃദയത്തോടും അവന്റെ സന്നിധിയിലേക്ക് നാം കടന്നു ചെല്ലണം എന്നല്ലാതെ മറ്റൊന്നും നമ്മുടെ സ്വർഗ്ഗസ്ഥനായ പിതാവ് നമ്മിൽ നിന്നും ആഗ്രഹിക്കുന്നില്ല.

# ഒരു മനുഷ്യനും തന്റെ നിഴലിൻമീതെ ചാടാൻ കഴിയില്ല

കിഴക്കൻ ആഫ്രിക്കയിൽ **ഒരു ആഭ്യന്തരകലാപം** നടക്കുകയാണ്. ഒരു ഭാഗത്തുള്ളവർ മറുഭാഗക്കാരെ തുടച്ചുനീക്കുവാനുള്ള ശ്രമത്തിലാണ്. അവർ ഇന്ത്യൻ മഹാസമുദ്രത്തിനു സമീപം എത്തിയപ്പോൾ അവരുടെ മുൻപിലുള്ള മാർഗ്ഗം ഇതു മാത്രമായിരുന്നു, കത്തികൊണ്ടുള്ള മരണം അല്ലെങ്കിൽ നീന്തി രക്ഷപ്പെടുക. പക്ഷേ എങ്ങോട്ട്? സമുദ്രത്തിനു കുറുകേയുള്ള ആദ്യത്തെ രാജ്യം ഇന്ത്യയാണ്. മിക്കവരും കടലിൽചാടി നീന്തുവാൻ തുടങ്ങി. ചിലർ അൻപതു മീറ്റർ കഴിഞ്ഞപ്പോൾ തന്നെ മുങ്ങിത്താണു, ചിലർ ഒരു കിലോ മീറ്റർ നീന്തി, ചിലർ അഞ്ചു കിലോമീറ്റർ താണ്ടി, എന്നാൽ ആരുംതന്നെ ഇന്ത്യയിൽ എത്തിയില്ല.

**ഉപസംഹാരം:** ഈ ഉദാഹരണം ചൂണ്ടിക്കാണിക്കുന്നത് ഒരുവന്റെ നല്ല പ്രവൃത്തികളാൽ സ്വർഗ്ഗത്തിൽ പ്രവേശിക്കുന്നതിനെക്കുറിച്ചാണ്. നാം ചെയ്യുന്നതൊക്കെ ഒരുപക്ഷേ നല്ലതായിരിക്കാം, എന്നാൽ അത് ദൈവത്തിന്റെ മാനദണ്ഡങ്ങൾക്ക് അനുസരിച്ചാകണമെന്നില്ല – പരിപൂർണ്ണത! (മത്തായി 5:48). എന്നാൽ, അതിശയകരമെന്നു പറയട്ടെ, ഒരു പോംവഴിയുണ്ട്. നമ്മുടെ ശത്രുക്കൾ കത്തിയോ വടിവാളോ കൊണ്ട് നമ്മെ ആക്രമിച്ചാൽപോലും, ദൈവം കൃപയാൽ നമ്മോട് ക്ഷമിക്കുവാൻ എപ്പോഴും ഒരുക്കമാണ്.

# നല്ലത് എന്നത് എത്ര മാത്രം നല്ലതാണ്

കാർ മോഷ്ടിച്ച ഒരുവൻ കോടതിയിൽ നിൽക്കുകയാണ് എന്ന് **സങ്കല്പിക്കുക**. താൻ ചെയ്ത പല കുറ്റങ്ങളുംകൊണ്ട് അയാൾ ന്യായാധിപനിൽ മതിപ്പുളവാക്കാൻ ശ്രമിച്ചേക്കാം, പക്ഷേ അയാൾക്കതു കഴിയില്ല. “ഞാൻ ചെയ്തതുപ്രകാരം, താങ്കൾ എന്നെ സ്വതന്ത്രനായി പോകുവാൻ അനുവദിക്കണം.” എപ്രകാരമായിരിക്കാം ആ ന്യായാധിപൻ പ്രതികരിക്കുന്നത്?

**ഉപസംഹാരം** : പരമോന്നത ന്യായാധിപനായ ദൈവമുൻപാകെ ഒരിക്കൽ നിങ്ങൾ നിൽക്കുമ്പോൾ, ഇപ്രകാരം നിങ്ങൾക്ക് ചിന്തിക്കുവാനോ വാദിക്കുവാനോ കഴിയില്ല. ദൈവത്തിന്റെ വിശുദ്ധിയും നീതിയും, നമ്മുടെ പാപത്തോട് ഇടപെടുന്നതിനായി നിർബന്ധിക്കും. നമുക്കുവേണ്ടി യാഗമായിതീർന്ന ക്രിസ്തുവിന്റെ പാപക്ഷമമാത്രമാണ് നമ്മുടെ ഏക പ്രതീക്ഷ.

# "ഹലാൽ" അഥവാ "ഹറാം" "ശുദ്ധയുള്ളതും അശുദ്ധമായതും"

"ഹലാൽ" (നിയമപരമായതും, ശുദ്ധിയുള്ളതും), "ഹറാം" (നിയമപരമല്ലാത്തതും, അശുദ്ധമായതും) എന്താണെന്ന പൊതുധാരണ **എല്ലാ മുസ്ലീങ്ങൾക്കും** ഉണ്ട്. വേദപുസ്തകത്തിലെ പാപത്തെക്കുറിച്ച് വിശദീകരിക്കാൻ ഈ ധാരണ ഉപയോഗിക്കാവുന്നതാണ്. ഇസ്ലാമിക ദൈവശാസ്ത്രത്തിൽ പാപത്തെ തരംതിരിച്ചിരിക്കുന്നത് തെറ്റ് എന്നും, ചെറിയ പാപങ്ങൾ, വലിയ പാപങ്ങൾ, മരണകരമായ പാപങ്ങൾ എന്നിങ്ങനെ ആണ്. ഇസ്ലാം ഉപേക്ഷിക്കുകയോ, വിശ്വാസ പരിത്യാഗം ചെയ്യുകയോ (*ഇർടിദാദ്*), അല്ലാഹുവിന് തുല്യമായ സ്ഥാനം മറ്റാർക്കെങ്കിലും കൽപ്പിക്കുകയോ (*ഷിർക്ക്*), അവിശ്വാസമോ (*കുഫ്ർ*) ഒരിക്കലും പൊറുക്കപ്പെടാത്ത പാപമാണ്. മറ്റ് എല്ലാ പാപങ്ങളും റംസാൻ നാളുകളിൽ നോമ്പിലൂടെയും ദൈനംദിന പഞ്ചനിസ്ക്കാരങ്ങളിലൂടെയും മറ്റും പരിഹരിക്കപ്പെടാം.

**നിങ്ങളുടെ മുസ്ലീം സുഹൃത്തിനോട് ചോദിക്കുക**, അദ്ദേഹം സൂപ്പർമാർക്കറ്റിൽ പോയാൽ നാല് തരത്തിലുള്ള മാംസങ്ങൾ അവിടെ തിരഞ്ഞെടുക്കാൻ ഉണ്ടാകും.

- ആദ്യത്തേത് ഗോമാംസം 50% വും 50% പന്നിയിറച്ചിയും
- അടുത്തതായി 75 മുതൽ 90% വരെ മാട്ടിറച്ചിയും ബാക്കി പന്നിയിറച്ചിയും
- അവസാനത്തേത് 100% മാട്ടിറച്ചിയും, പന്നിയുടെ പുറംതൊലിയും

അവസാനം പറഞ്ഞ ഏറ്റവും കുറഞ്ഞ അളവിലുള്ള പന്നിയിറച്ചി അദ്ദേഹം വാങ്ങുമോ? ഒരു വിശ്വസ്തനായ മുസ്ലിം, ഇത് നാലും എനിക്ക് ഹറാം ആണെന്ന് ഉടൻ ഉത്തരം പറയും. അതിൽ അടങ്ങിയിരിക്കുന്ന പന്നിയിറച്ചിയുടെ അളവുനോക്കിയല്ല, അതിൽ പന്നിയുടെ ആമാശയം ഉണ്ടോ എന്നും നോക്കിയല്ല. എല്ലാ ഇറച്ചിയിലും പന്നിയിറച്ചി അടങ്ങിയിരിക്കുന്നതിനാൽ അത് "ഹറാം" ആണ്.

**ഉപസംഹാരം:** പാപത്തിന്റെ കാര്യത്തിലും ഇത് ബാധകമാണ്. ദൈവം പറയുന്നു എല്ലാ പാപവും "ഹാറാം" ആണ്. അത് ദൈവസന്നിധിയിൽ നമ്മേ അശുദ്ധരാക്കുന്നു – അശുദ്ധമായതൊന്നും സ്വർഗ്ഗത്തിലോ പറുദീസയിലോ പ്രവേശിക്കുവാൻ അവൻ അനുവദിക്കുകയില്ല (വെളി.21:27). വേദപുസ്തകം പറയുന്നു നാം എല്ലാവരും പാപികളാണ്. നമുക്ക് പാപം ചെയ്യാനുള്ള പ്രവണതയുള്ളവരാണ്. അതുകൊണ്ട്, നമുക്കെല്ലാവർക്കും പാപമോചനം ആവശ്യമാണ്.

# നല്ല പ്രവർത്തികളാൽ ദുഷ്പ്രവർത്തികളെ മായ്ച്ചുകളയാമോ?

**മിക്ക മുസ്ലീങ്ങളും** വിശ്വസിക്കുന്നത് നല്ല പ്രവർത്തികളാൽ തിന്മ പ്രവർത്തികളെ നശിപ്പിക്കുയോ തുടച്ച് വെടിപ്പാക്കുകയോ ചെയ്യാമെന്നാണ്, എന്നാൽ വേദപുസ്തകം അതിനോട് വിയോജിക്കുന്നു (റോമ.3:23; എഫേ.2:8–9). ഈ തത്വം താഴെവരുന്ന ഉദാഹരണങ്ങളിലൂടെ വിശദീകരിക്കുന്നു.

**ഉദാഹരണത്തിന്,** നിങ്ങൾ ഉണ്ടാക്കിയ ഒരു കലം ബിരിയാണിയിൽ നിങ്ങളോട് വിരോധമുള്ള ഒരാൾ വിഷം കലർത്തി എന്നിരിക്കട്ടെ. മലീമസമായ ആ ഭക്ഷണം കൂടുതൽ ഹലാൽ ചിക്കൻ ചേർത്തോ അരി ചേർത്തോ വേവിച്ചെടുത്താൽ നിങ്ങൾക്ക് സ്വീകാര്യമാകുമോ?

**ഉപസംഹാരം** : ഇതേപോലെ, നമ്മുടെ ജീവിതത്തിലെ നന്മ പ്രവർത്തികൊണ്ട് നമുക്ക് തിന്മയിൽ നിന്ന് വിശുദ്ധിയിലേക്ക് തിരികെ വരുവാൻ കഴിയുകയില്ല. മലീമസമായതിനോട് നാം വിമുഖത കാണിച്ചതുപോലെ, ദൈവവും നാം (പാപം) മലിനതയിലേക്ക് വീഴുന്നത് വെറുക്കുകയും, നിരസിക്കുകയും ചെയ്യുന്നു. ദൈവത്തിന്റെ കൃപയാൽ മാത്രമേ നമുക്ക് ശുദ്ധീകരിക്കപ്പെടാൻ കഴിയുകയുള്ളു.

# 5. വീണ്ടെടുപ്പിനെക്കുറിച്ചു മനസ്സിലാക്കുവാൻ കഴിയുന്ന ഉദാഹരണങ്ങൾ

## യാഗവും കൊർബാനും

**യാഗം:** ഏദനിലെ ആദമിന്റെയും ഹവ്വയുടെയും പാപത്തിന് ശേഷം, ദൈവം തന്റെ സ്നേഹത്താലും ദയയാലും തന്റെ ജനത്തിന്റെ പാപങ്ങൾ ക്ഷമിക്കുന്നതിന്, പാപിയായ മനുഷ്യന്റെ സ്ഥാനത്ത് മൃഗത്തെ ബലി നൽകാൻ ആവശ്യപ്പെട്ടു. ഈ യാഗങ്ങൾ എല്ലാം ദൈവം അയക്കുന്ന പരമയാഗത്തിന്റെ അടയാളങ്ങൾ ആയിരുന്നു. എല്ലാവർക്കും വേണ്ടി അവസാനത്തേതും പരമവുമായ യാഗമായി കുരിശിൽ മരിക്കുക എന്നതായിരുന്നു പ്രവാചകനായ യേശുവിന്റെ ദൗത്യം (എബ്രാ.7:27; 9:28; 10:14; 10:18).

**പണം:** എടുത്തതിന് ശേഷം **ഒരു ചെക്ക്** ഉപയോഗശൂന്യമാകുന്നതുപോലെയാണ് പഴയനിയമത്തിൽ നിയുക്തമായ മൃഗബലിയും. പാപികൾക്കുവേണ്ടി യേശു മരിച്ചതിനുശേഷം (പുതിയനിയമത്തിൽ വ്യക്തമായി പറയുന്നതുപോലെ) ഇനിയൊരു യാഗത്തിന്റെ ആവശ്യമില്ല.

സങ്കീർത്തനത്തിൽ **ദാവീദ്** യേശുവിനെപ്പറ്റി പ്രവചിക്കുന്നത് ഹനനയാഗവും, പാപയാഗവും ഇനി ആവശ്യമില്ല എന്നാണ്. ഇതാ ഞാൻ വരുന്നു. എന്റെ ദൈവമെ നിന്റെ ഇഷ്ടം ചെയ്യുവാൻ ഞാൻ പ്രിയപ്പെടുന്നു (സങ്കീ.40:6–6).

യെശയ്യാവ് ക്രിസ്തുവിനെക്കുറിച്ച് പറയുന്നത് “നാം എല്ലാവരും ആടുകളെപോലെ തെറ്റിപോയിരുന്നു; നാം ഓരോരുത്തരും താന്താന്റെ വഴിക്ക് തിരിഞ്ഞിരുന്നു. എന്നാൽ യഹോവ നമ്മുടെ എല്ലാവരുടെയും അകൃത്യം അവന്റെ മേൽ ചുമത്തി” (യെശ.53:6). “ക്രിസ്തു ഒരിക്കലായി എല്ലാവരുടെയും പാപങ്ങൾക്കുവേണ്ടി മരിച്ചു. നമ്മെ ദൈവത്തോട് അടുപ്പിക്കേണ്ടതിന് നീതിമാനായിരിന്നിട്ടും നീതികെട്ടവർക്കുവേണ്ടി കഷ്ടം അനുഭവിച്ചു” (1പത്രോ.3:18).

യേശുക്രിസ്തുവിന്റെ **യാഗത്തിലുള്ള വിശ്വാസത്താൽ** നമ്മുടെ പാപങ്ങളിൽ നിന്നും അതിന്റെ പിഴയിൽ നിന്നും നമുക്ക് രക്ഷിക്കപ്പെടുവാൻ കഴിയും. എന്നാൽ ഇപ്പോൾ ദൈവം വിശ്വാസികളിൽനിന്ന് പ്രതീക്ഷിക്കുന്നത് ബലിക്ക് പകരം നന്ദിസൂചകങ്ങളായ സ്തുതിയുടെ വഴിപാടുകളാണ് (എബ്ര 13:15–16).

**വഴിപാട് (കുർബാൻ):** തോമസ് പാട്രിക് ഹ്യൂജിന്റെ ഇസ്ലാമിക നിഘണ്ടുവിൽ ഇതിനെ വിവരിച്ചിരിക്കുന്നത് ഇങ്ങനെയാണ്: "അടുത്ത് വരിക" എന്ന്. ഖുറാനിലും, പാരമ്പരാഗതമായി ബലിയെന്നും വഴിപാടെന്നും പറയുന്നു. സൂറത്തിൽ 5:30 (കായിനും, ഹാബേലും) അവർ തങ്ങളുടെ വഴിപാട്കൊണ്ടു വന്നു; കൊർബാൻ എന്ന എബ്രായ പദവുമായി ബന്ധപ്പെടുത്തിയിരിക്കുന്നത് ദൈവത്തിന് വേണ്ടി വേർതിരിക്കപ്പെട്ടത് എന്ന അർത്ഥത്തിലാണ് (മർക്കോ.7:11) ഉപയോഗിച്ചിരിക്കുന്നത്.

മുഹമ്മദിന്റെ **കാലഘട്ടത്തിൽ** മദീനയിലെ യഹൂദൻമാരുമായി ഉണ്ടായിരുന്ന ബന്ധത്തിൽ യഹൂദാവേദങ്ങളുടെ വെളിച്ചത്തിൽ വിഗ്രഹാർപ്പിതങ്ങളെ അദ്ദേഹം പുനഃനിർവ്വചിച്ചു. എന്തുകൊണ്ട് മുസ്ലീങ്ങൾ വർഷന്തോറും വഴിപാട് ബലികൾ അർപ്പിക്കുന്നു എന്നും അതെ സമയത്ത് യഹൂദന്മാർ പ്രായശ്ചിത്ത ദിനമായി ആഘോഷിക്കുന്നു എന്നും ഇതിൽ പ്രതിപാദിക്കുന്നു. എങ്കിലും മുഹമ്മദ് പിന്നീട് യഹൂദൻമാരിൽ നിന്നും അകലം പാലിച്ച്, ബലിയ്ക്ക് മറ്റൊരു അർത്ഥം കൊടുക്കുന്നു (സൂറത്ത് 22:37).

**ഒരു മുസൽമാൻ ചോദിക്കാം:** എന്തുകൊണ്ട് യേശു മറ്റുള്ളവർക്ക് വേണ്ടി കുരിശിൽ മരിക്കണം? ഒരു പ്രവാചകൻ പാപികൾക്കുവേണ്ടി മരിക്കാമോ? ഒരു മുസ്ലീമിന് യേശു ഭൂമിയിൽ വന്നതിന്റെ ലക്ഷ്യം ആത്യന്തികമായി ക്രൂശിലെ ബലിമരണത്തിന് വേണ്ടിയാണെന്നത് അംഗീകരിക്കാൻ ബുദ്ധിമുട്ടുള്ളതായി കണ്ടിട്ടുണ്ട്. ദൈവം നമ്മുടെ സ്ഥാനത്ത് മറ്റാരെയെങ്കിലും ശിക്ഷിക്കും എന്ന് അവർ അംഗീകരിക്കുന്നില്ല.

നമുക്ക് ഒരു മുസ്ലീമിനോട് ചോദിക്കാം: "നിങ്ങൾ എപ്പോഴെങ്കിലും ഒരു വഴിപാട് യാഗം നൽകിയിട്ടുണ്ടോ? നിങ്ങൾ യഥാർത്ഥത്തിൽ എന്താണ് ഇതിൽ നിന്ന് ഉദ്ദേശിക്കുന്നത്?" ഒരു മുസ്ലീമിന്റെ മറുപടി ഇങ്ങിനെയാരിക്കാം. അബ്രഹാമിന് തന്റെ മകനെ യാഗം കഴിക്കാനുള്ള മനസും, ദൈവകല്പനയോടുള്ള അനുസരണത്തിന്റെയും അനുസ്മരണത്തിന്റെയും പെരുന്നാളാണത്. വഴിപാടിന് മറ്റ് എന്തെങ്കിലും അർത്ഥമുണ്ടോ?

**ഉപസംഹാരം:** തന്റെ മകന് പകരം അബ്രഹാമിന് ദൈവംതന്നെ ഒരു ആട്ടുകൊറ്റനെ നൽകി. ആട്ടുകൊറ്റൻ യാഗമായ സ്ഥാനത്ത് അബ്രഹാമിന്റെ മകൻ മരണത്തിൽ നിന്ന് വിടുവിക്കപ്പെട്ടു. ഇതിനാണ് യഥാർത്ഥത്തിൽ യേശു ലോകത്തിലേക്ക് വന്നത് (ഉത്പ.22:1–19). ശ്രേഷ്ഠവും കുലീനവുമായ ലക്ഷ്യത്തിലേക്ക് ദൈവം മനുഷ്യന്റെ രൂപത്തിൽ അവതരിച്ചു. മഹത്വമുള്ള തന്റെ വാസസ്ഥലം വിട്ട് മലിനത നിറഞ്ഞ ഇടത്ത് ജനിച്ചു. പാപരഹിതവും സൽഗുണപൂർണ്ണവുമായ ജീവിതം അവൻ നയിച്ചു. അവൻ ലോകത്തിന് മഹത്തായ വചനങ്ങൾ പഠിപ്പിച്ചു. ശക്തിയുള്ള പ്രമാണങ്ങളാൽ അവൻ പ്രവർത്തിച്ചു. അവൻ വന്ന ഉദ്ദേശത്തിനുവേണ്ടി തന്റെ ജീവിതം സമർപ്പിച്ചു; നമ്മുടെ പാപങ്ങൾക്കായി കുരിശിൽ യാഗമായി മരിച്ചു (യോഹ.12:23–28; 19).

# “അബ്രഹാം ദൈവത്തിന്റെ യാഗം അംഗീകരിച്ചു”

അബ്രഹാം തന്റെ മകനെ യാഗമായി ദൈവത്തിന് സമർപ്പിച്ചതിന്റെ ഓർമ്മയാണ് **മുസ്ലീങ്ങൾ ഈദ് പെരുന്നാളിൽ** ആഘോഷിക്കുന്നത്. അബ്രഹാമിന്റെ പരിപൂർണ്ണമായ അനുസരണം വളരെ പ്രധാനപ്പെട്ടതാണെന്ന് മുസ്ലീങ്ങൾ ഓർമ്മിപ്പിക്കുന്നു. ഇത് തന്റെ മകനെ യാഗം കഴിക്കുന്നതുകൊണ്ടല്ല, തന്റെ മകന് പകരം ദൈവം നൽകിയ ആട്ടുകൊറ്റനെ സ്വീകരിക്കുന്നത് കൊണ്ടാണ്. അബ്രഹാമും തന്റെ മകനും ദൈവ കല്പനയ്ക്ക് വിധേയമായി സമർപ്പിക്കുന്നതിൽ വിശ്വസ്തരായിരുന്നതിൽ നമ്മുക്ക് ദൈവത്തെ സ്തുതിക്കാം. നമുക്ക് അബ്രഹാമിന്റെ വിശ്വാസവും ദൈവം നൽകുന്ന യാഗത്തെയും സ്വീകരിക്കാം.

മാത്രമല്ല, അബ്രഹാമിന്റെ മകനുവേണ്ടി ദൈവം നൽകിയ മഹത്തായ മറുവിലയ്ക്കായി ദൈവത്തിന് നമുക്ക് നന്ദി പറയാം. സ്വന്തം മകനെ കൊല്ലുവാൻ കത്തി ഉയർത്തിയപ്പോഴും അവൻ പൂർണ്ണമായും ദൈവത്തിൽ ആശ്രയിച്ചു. ആ നിമിഷംതന്നെ അബ്രഹാമിനെ ദൈവം തടഞ്ഞു, മഹത്തായ യാഗവസ്തുവിനെ അവന്റെ കൺമുന്നിൽ വെളിപ്പെടുത്തി. യാഗവസ്തുവിനെ ദൈവം നൽകിയതിനാൽ അത് ദൈവസന്നിധിയിൽ യോഗ്യമാണെന്ന് അബ്രഹാം വിശ്വസിച്ചു.

**ഉപസംഹാരം** : നാം ആരും തന്നെ അബ്രഹാമിനെക്കാൾ ശ്രേഷ്ഠരല്ല. നമ്മുടെ യാഗത്തിനുള്ള വീണ്ടെടുപ്പുവില നമുക്ക് ഓരോരുത്തർക്കും ദൈവം നൽകിയിട്ടുണ്ട്. അത് എന്താണെന്ന് കാണുവാൻ അവൻ നമ്മുടെ കണ്ണ് തുറക്കട്ടെ. അത് നിശ്ചയമില്ലാത്തതാണെങ്കിൽ, ദൈവം തന്നിരിക്കുന്ന ശരിയായ ബലി ഏതെന്ന് കാണുവാൻ നമ്മുടെ കണ്ണു തുറക്കുവാൻ ദൈവത്തോട് പ്രാർത്ഥിക്കണം. ദൈവത്തിന് യോഗ്യമായ ബലിയായിതീരുന്നതുവരെ അബ്രഹാമിന്റെ ദൈവം നമ്മെ എല്ലാവരേയും അനുഗ്രഹിക്കുകയും വഴികാട്ടുകയും ചെയ്യട്ടെ.

# ആയിരം ഭീതികളുടെ ഭവനം

**ഫിലിപ്പ് രണ്ടാമൻ** (സ്പെയനിലെ രാജാവ് 1527 –1598) ഡ്യൂക്ക് അൽബയെ മർക്കടമുഷ്ടിയുള്ള ഡച്ച് ദേശത്തെ തകർത്ത് തന്റെ അധീനതയിലാക്കുവാൻ അയച്ചു. ആജ്ഞപ്രകാരം ഡ്യൂക്ക് റോട്ടർഡാം കിഴടക്കാൻ കൗണ്ട്-ഡി ബോസുവിന്റെ നേതൃത്വത്തിൽ കൗശലപരമായി ആക്രമിച്ച് കൈക്കലാക്കി.

അദ്ദേഹത്തിന് നഗരം കീഴടക്കണമെന്ന് ഉദ്ദേശമില്ലെന്ന് ഉറപ്പ് നൽകി മേയറേയും കൗൺസിലർമാരേയും **ഹാജരാക്കി**. പ്രജകളോടുള്ള കൂറിന്റെ തെളിവായി അദ്ദേഹം ദക്ഷിണകവാടം തുറക്കുവാനും സൈന്യത്തെ നഗരത്തിലൂടെ കവാത്ത് നടത്തുവാനും ഉത്തരകവാടത്തിലൂടെ സൈന്യം പുറത്തേക്ക് പോകുവാനും അനുവദിച്ചു. റോട്ടർഡാമിലെ ജനങ്ങളുടെ കടപ്പാടും അനുസരണവും രാജാവിന് ഉറപ്പ് നൽകാനായി അദ്ദേഹം അടിയന്തരസന്ദേശം അയക്കുന്നു. ചിലരുടെ തീരാപകയുടെ സംശയങ്ങളിൽ ദക്ഷിണകവാടം തുറക്കപ്പെട്ടു എങ്കിലും ഒരു ചെറിയ വൈരാഗ്യം കാരണം സ്പാനിഷ് സൈന്യം അതുവഴി കടന്നു.

**എന്നിരുന്നാലും,** അധികം താമസമില്ലാതെ ഒരു വലിയ ജനതയെ അയച്ച് അവരുടെ കൂടാരങ്ങൾ തീവെയ്ക്കുകയും ആ വഴി വന്ന മുഴുവൻ പൗരന്മാരെയും മുഖംനോക്കാതെ കൊന്നൊടുക്കുകയും ചെയ്തു. ഭീതിജനകമായ നിലവിളിയുടെ മദ്ധ്യത്തിൽ, ആശയറ്റ ജനങ്ങൾ പാർപ്പിടങ്ങൾ അന്വേഷിച്ചു. വലിയജനക്കൂട്ടം പ്രത്യേകം സജ്ജീകരിച്ച വലിയ കൂടാരത്തിൽ ഒരുമിച്ചു. ഉണ്ടകല്ലുകളുള്ള പ്രതലങ്ങളാൽ സുരക്ഷിതമാക്കപ്പെട്ട തടിവാതിലുകളിൽ അവർ അഭയം പ്രാപിച്ചു. എന്നാൽ മുറികൾ കുത്തിതുറക്കപ്പെട്ടു, ശ്മശാന മൂകത എങ്ങും നിലകൊണ്ടു. കുഞ്ഞുങ്ങൾ പ്രശാന്തരായി ഉറങ്ങി. മുതിർന്ന കുഞ്ഞുങ്ങൾ ശബ്ദമുണ്ടാക്കുന്നത് വിലക്കപ്പെട്ടു. ഭീതി ബാധിക്കപ്പെട്ട ജനങ്ങൾ അത്യാസന്നമായ മരണത്തെ കാത്തിരുന്നു. അല്ലെങ്കിൽ ദൈവം പ്രാർത്ഥനയ്ക്ക് ഉത്തരമയക്കണം.

ഒരാളിൽ കൗശമുള്ള ഒരാശയം ഉദിച്ചു. അവർ ഒരു ആട്ടിൻകുട്ടിയെ അകത്ത് നിന്നെടുത്ത് കശാപ്പ് ചെയ്ത് രക്തം ചന്തസ്ഥലത്തിന് പുറത്ത് വാതിലിലൂടെ തുള്ളിതുള്ളിയായി ഒഴുക്കി. അവർ കാത്തിരുന്ന നിശബ്ദത അരങ്ങ് വാണു. ഒച്ചപ്പാടും നിലവിളികളും അടുത്ത് അടുത്ത് വന്നു, വളരെ പെട്ടന്ന് കിരാതൻമാർ വലിയ മര കതകുകളെ തല്ലിതകർത്തു. അത് കിറുകിറകീറി ആർത്തനാദം മുഴക്കി. വളരെ പെട്ടെന്ന് സൈന്യാധിപൻ വന്ന് "നമുക്ക് സമയം നഷ്ടമാക്കാനില്ല, നമ്മുടെ ജോലികൾ ചെയ്യപ്പെട്ടിരിക്കുന്നു. ആ രക്തത്തെ നോക്കി മുന്നേറുക!" ഒരു മണിനേരത്തിന് ശേഷം സ്പാനിഷ് പട റോട്ടർഡാമിൽ നിന്നും പിൻതിരിഞ്ഞു. ആയിരക്കണക്കിന് സ്ത്രീകളും പുരുഷന്മാരും കുഞ്ഞുങ്ങളും ആ ഭവനത്തിൽ നിന്ന് പുറത്ത് വന്നു ("ആയിരം ഭീതികളുടെ ഭവനം "എന്ന് അതിനെ പുനഃനാമകരണം ചെയ്തു) കുഞ്ഞാടിന്റെ രക്തത്താൽ രക്ഷിക്കപ്പെട്ടവർ!

**ഉപസംഹാരം** : അർത്ഥസമ്പൂർണ്ണമായ സുവിശേഷ സന്ദേശങ്ങൾ സംവേദനം ചെയ്യാൻ ഇപ്രകാരമുള്ള വിവരണങ്ങൾ അപര്യാപ്തമാണ്. എന്നിരുന്നാലും എങ്ങനെ ഒരു യഥാർത്ഥ സംഭവം, യേശുക്രിസ്തു നമുക്ക് പകരമായെന്നും നമ്മുടെ രക്ഷകനായെന്നും നാം തിരിച്ചറിയുന്നതിനിടയാകും. റോട്ടർഡാമിലെ കുഞ്ഞാടിന് മറ്റ് മാർഗ്ഗമില്ല, അല്ലെങ്കിൽ അതിന്റെ ഭാഗധേയമായിമാറി. എന്നാൽ യേശു കർത്താവിന് ഇതു രണ്ടുമുണ്ടായിരുന്നു (അവൻ കഷ്ടത അനുഭവിക്കുന്നതിന് മുമ്പും). "എങ്കിലും എന്റെ ഇഷ്ടമല്ല നിന്റെ ഇഷ്ടം തന്നെയാകട്ടെ" (ലൂക്കൊ.22:42). നാം ജീവിക്കേണ്ടതിന് അവൻ സ്വമേധയാ പാപമായി മരിച്ചു.

26 വീണ്ടെടുപ്പിനെക്കുറിച്ച് മനസ്സിലാക്കുന്നത്

# “മുത്തുവാരുന്നവൻ”

കിഴക്കൻ തീരപ്രദേശത്തെ പ്രായമുള്ള, മുത്തുവാരുന്ന ഒരുവൻ പുനഃജന്മാവതാരത്തിന് തയ്യാറെടുക്കുമ്പോൾ ഇപ്രകാരം തീരുമാനിച്ചു (ഹിന്ദുസമ്പ്രദായമനുസരിച്ച്). പരിശുദ്ധ ഗംഗാ നദിയുടെ തീരങ്ങളിലൂടെയും വിശുദ്ധ ബനാറസ് നഗരത്തിലൂടെയും മുട്ടിൽ ഇഴയാൻ അദ്ദേഹം പദ്ധതിയിട്ടു. ഒരു ക്രിസ്ത്യാനി സുഹൃത്ത് എനിക്ക് വേണ്ട സഹായം ചെയ്തു. അദ്ദേഹത്തെ ഒരു സദ്യയ്ക്ക് ക്ഷണിച്ചു. അടുത്ത സുഹൃത്ത് എന്ന നിലയിൽ അവനോടൊപ്പം ആ സായാഹ്നം ചിലവഴിക്കാൻ അദ്ദേഹം തീരുമാനിച്ചു. ഭക്ഷണത്തിന് ശേഷം മുങ്ങൽ വിദഗ്ദൻ തന്റെ ക്രിസ്തീയ തീർത്ഥയാത്രയുടെ പദ്ധതി അദ്ദേഹത്തിന് വെളിപ്പെടുത്തി, അദ്ദേഹത്തെ പിന്തിരിപ്പിക്കാൻ ശ്രമിച്ചു. നിങ്ങളുടെ മുട്ടുപൊട്ടും, രോഗം സംക്രമിച്ച് നിങ്ങൾ മരിക്കുമെന്ന് അദ്ദേഹം സംവാദിച്ചു. ഞാൻ പരിശുദ്ധ ഗംഗാനദിയുടെ തീരത്ത് മരിച്ചുവീണാൽ എന്റെ ആത്മാവിന് നീതിപൂർവ്വമായ പ്രതിഫലം ലഭിക്കുമെന്ന് അദ്ദേഹം മറുപടി പറഞ്ഞു.

**പിന്നീട്** സുഹൃത്ത് പിരിഞ്ഞ് പോകുന്നതിന് മുമ്പ് ഒരു മേശയ്ക്കു കീഴിൽ ഒളിച്ച് വെച്ചിരുന്ന ഒരു ചെറിയ പൊതികൊണ്ടുവന്ന് തുറന്നു. എന്നിട്ട് അവൻ പറഞ്ഞു “നീ മാത്രമാണെന്റെ അടുത്ത സുഹൃത്ത്. ഈ മുത്ത് നിനക്ക് തരാൻ ഞാൻ ആഗ്രഹിക്കുന്നു. ഇതിന് മഹത്തായ ഒരു ഭാഗ്യമുണ്ട്.” കൂട്ടുകാരൻ ആർത്ത് വിളിച്ചു പറഞ്ഞു, “ഇങ്ങനെയുള്ള സമ്മാനങ്ങൾ എനിക്ക് സ്വീകാര്യമല്ല.”

മുങ്ങലുകാരന്റെ കണ്ണുകൾ വിഷാദമുഖരിതമായി – “എനിക്ക് ഒരു മകൻ ഉണ്ടായിരുന്നു” – അദ്ദേഹം കൂട്ടിച്ചേർത്തു – “അവൻ ഈ കരയിലെ ഏറ്റവും വലിയ മുങ്ങലുകാരനാകുമായിരുന്നു. നാം എല്ലാവരേക്കാളും അവന് ആഴത്തിലും ദൂരത്തിലും മുങ്ങുവാൻ കഴിയുമായിരുന്നു. ഒരുനാൾ ഞങ്ങൾ ഏറ്റവും കുറ്റമറ്റരീതിയിൽ മുങ്ങുകയായിരുന്നു. എന്റെ മകൻ വെള്ളത്തിലാഴ്ന്നപ്പോൾ ഞാൻ ബോട്ടിലായിരുന്നു. എന്റെ കത്തികൊണ്ട് ഞാൻ കക്ക കുത്തിപൊളിച്ച് എടുക്കുകയായിരുന്നു. അപ്പോഴാണ് അത് സംഭവിച്ചത്! ഒരു വലിയ പൊട്ടിത്തെറി ശബ്ദത്തോടെ അവൻ ആഴത്തിലേക്ക് താണു. പവിഴപുറ്റിലേക്ക് കെട്ടിയിട്ടപോലെ അവൻ ലിവർ അയയ്ക്കാൻ ശ്രമിച്ചു. സമയം അതിക്രമിച്ചിട്ടും അവൻ പിടിവിട്ടില്ല. ആകാംക്ഷയോടെ നിന്ന പിതാവിന്റെ മുമ്പിലേക്ക് അല്പസമയത്തിന്ശേഷം വായിലൂടെ രക്തം വമിച്ച് മുളകളിലേക്ക് അവൻ പൊന്തിവന്നു. അവന്റെ ശ്വാസകോശം തകർക്കപ്പെട്ട് എന്റെ കരങ്ങളിൽ അവൻ പിടഞ്ഞ് മരിച്ചു. അവന്റെ കൈകളിലെ ചിപ്പിയിലുണ്ടായിരുന്ന മുത്താണിത്. ഇത് എനിക്കൊരിക്കലും, വില്ക്കാനാവില്ല. ഇത് എനിക്ക് ഏറ്റവും പ്രിയപ്പെട്ടതാണ്. എന്നാൽ ഇതെന്റെ സമ്പത്താണ്. ഇത് നിങ്ങൾക്കെന്റെ കയ്യിൽ നിന്ന് വാങ്ങാനാവില്ലേ?” “ഞാൻ നിങ്ങൾക്ക് ഏറ്റവും കുറഞ്ഞത് നൂറ് പൗണ്ടെങ്കിലും തരുമെന്ന്, സുഹൃത്ത് അപേക്ഷിച്ചു. വൃദ്ധനായ മുങ്ങലുകാരൻ കുപിതനായി. “എന്റെ മകന്റെ മരണത്തിന്റെ സ്മാരകമായ മുത്തിന് നിങ്ങളുടെ നൂറ് പൗണ്ട് എനിക്ക് തരുന്നോ? ഇല്ല, ഇത് വില്പനയ്ക്കല്ല. ഞാൻ നിങ്ങൾക്ക് ഇത് സമ്മാനമായി തരുന്നു.'' നോക്കുക, ഒരു ക്രിസ്ത്യാനി മറുപടി പറഞ്ഞു. നിങ്ങളുടെ പാപങ്ങൾക്ക് പകരമായി തന്റെ മകന്റെ ജീവനെ നൽകിയ ദൈവത്തിന് മറുവില കൊടുക്കാൻ നിങ്ങൾ ശ്രമിക്കുന്നോ? വിലയില്ലാത്തത് നൽകി ദൈവത്തെ മുറിപ്പെടുത്താൻ ശ്രമിക്കരുത് അങ്ങനെ നിങ്ങൾ ചിന്തിക്കപോലുമരുത്.”

**ഉപസംഹാരം** : മുങ്ങലുകാരന് കാര്യം മനസിലായി. ബനാറസിൽ മുട്ടിന്മേൽ ഇഴയാനുള്ള തീരുമാനം മാറ്റി. പകരം ദൈവത്തിന്റെ ദാനം സ്വീകരിച്ച്, താൻ പാപക്ഷമ നേടി.

# 5. ബൈബിൾ : ദൈവവചനവും സത്യവും

## ബൈബിളിലെ ദൈവത്തിന്റെ മൂന്ന് വിരലടയാളങ്ങൾ

ഭൂപടത്തിൽ **ഭൂമിശാസ്ത്രപരമായി** നാം ഇന്ന് അറിയപ്പെടുന്ന സ്ഥലങ്ങളിലാണ് ബൈബിളിൽ മിക്ക സംഭവങ്ങളും നടന്നിരിക്കുന്നത്. ഭൂപടത്തിൽ പ്രതിപാദിച്ചിട്ടുള്ള മിക്ക നഗരങ്ങളും പർവ്വതങ്ങളും, താഴ്‌വരകളും, നദികളും എല്ലാ പലതവണ വേദപുസ്തകത്തിലും പ്രതിപാദിച്ചിട്ടുണ്ട്.

മിക്ക സംഭവങ്ങളും നടന്നിരിക്കുന്ന കാലങ്ങൾ വ്യക്തമായി അതാത് ജനങ്ങളും **സംഭവങ്ങളും** കാലങ്ങളുമായി ബന്ധപ്പെടുത്തിയാണ് മതേതര മേഖലകൾപോലും വിവരിച്ചിരിക്കുന്നത്. മിക്ക സംഭവങ്ങളും രേഖപ്പെടുത്തിയിരിക്കുന്നത് കാലക്രമം അനുസരിച്ചാണ്, ദൈവീകപ്രവർത്തനങ്ങളെ ലളിതമായി മനസിലാക്കുവാനും അതിൽ ഉൾപ്പെട്ട ജനങ്ങളെ മനസിലാക്കുവാനും ഇതുകൊണ്ട് സാധിക്കും. ദൈവീക സമീപനവും ഓരോ സന്ദർഭങ്ങളിലെ പ്രത്യേക പ്രവർത്തനങ്ങളും കൃത്യമായി മനസിലാക്കാൻ ഇതുകൊണ്ട് കഴിയും.

**പ്രവചനം:** മിക്ക പ്രവചനങ്ങളും പൂർത്തിയാക്കപ്പെട്ടകഴിഞ്ഞിരിക്കുന്നു. അതെല്ലാം ഓരോ സംഭവങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു. നിത്യതവരെ നീളപ്പെടുന്ന ഭാവി അനുഗ്രഹങ്ങളും ശിക്ഷകളും സംബന്ധിച്ച കൃത്യമായ പ്രവചനങ്ങൾ ഇതിൽ ഉൾപ്പെട്ടിരിക്കുന്നു.

**ഉപസംഹാരം:** അതുകൊണ്ട് വേദപുസ്തകത്തിലെ വിശ്വാസയോഗ്യമായ ഊന്നലുകൾ ഉപയോഗിച്ച് നമുക്ക് യുക്തിപരമായ ചിന്തകൊണ്ട് മറുപടി നൽകാൻ കഴിയും. പഴയനിയമത്തിൽ ബി.സി.1000 മുൽ 700 വരെയുള്ള കാലങ്ങളിൽ യേശുവിനെക്കുറിച്ചുള്ള പ്രവചനങ്ങൾ പുതിയനിയമം എങ്ങനെ യേശുവിൽ നിവർത്തിയായെന്ന് രേഖപ്പെടുത്തുന്നു. മാത്രമല്ല, പുതിയനിയമത്തിൽ തന്നെ യേശുവിന്റെ ജീവിതവും നമുക്ക് കാണാം.

# യേശുവിനെക്കുറിച്ചുള്ള സംഭവങ്ങളും പ്രവചനകാലവും

| യേശുവിനെപ്പറ്റിയുള്ള സംഭവം<br>എന്ന് പ്രവചിച്ചത് | പ്രവചനം<br>പഴയനിയമത്തിൽ | നിവർത്തി<br>പുതിയ നിയമത്തിൽ |
|---|---|---|
| യേശുവിന്റെ ജനനസ്ഥലവും മുൻപ് നിലനിന്നിരുന്നതും (700 ബി.സി) | മീഖ 5:2 | ലൂക്കോ. 2:4–7 |
| അവന്റെ കന്യകാജനനം (700 ബി.സി.) | യെശ. 7:14 | മത്താ.1:18–23 |
| അവന്റെ ദൈവീകത്വം (700 ബി.സി.) | യെശ. 9:6 | മത്താ. 1:23 |
| അവന്റെ വരവിന്റെ സമയം (500 ബി.സി.) | ദാനി. 9:24 | ഗലാ. 4:4 |
| അവൻ രക്ഷിക്കുവാനും സൗഖ്യമാക്കുവാനും വരും (700 ബി.സി.) | യെശ.53:3–6 | മത്താ. 1:21<br>ലൂക്കോ. 18:40–43, 19:10 |
| മശിഹായുടെ നാമം (700 ബി.സി.) | യെശ.49:1–8 | മത്താ. 1:21 |
| അവന്റെ കഷ്ടപ്പാടും കുരിശുമരണവും | യെശ. 53<br>സങ്കീ.22:1–18 | മത്താ.27:33–50<br>യോഹ. 18:36–19:37 |
| അവന്റെ അടക്കം | യെശ.53:9 | മത്താ.27:60 |
| അവന്റെ ഉയിർപ്പ് (പുനഃരുത്ഥാനം) | സങ്കീ.16:8–11 | അ.പ്ര.2:25 –32 |
| അവന്റെ സ്വർഗ്ഗാരോഹണം | സങ്കീ.110:1 | അ.പ്ര.1:6–11<br>എബ്രാ.1:13 |

# യേശു എന്ന പ്രവാചകൻ (ആവർ. 18:15–22)

**യേശു** ഒരു പ്രവാചകന് അതീതനായിരുന്നെങ്കിലും "പ്രവാചകൻ" എന്ന് അറിയപ്പെട്ടു (യോഹ.1:45, 6:14 –15, അ.പ്ര.3:1827, 7:37, 52). അവന്റെ വരവ് 1500 വർഷങ്ങൾക്ക് മുൻപ് പ്രവചിക്കപ്പെട്ടു (ആവർ.18:15 –22). ഒരു ദൈവത്തിന്റെ പ്രവാചകനെ എങ്ങനെ തിരിച്ചറിയാം എന്ന് നമുക്ക് പരിശോധിക്കാം.

**നിങ്ങൾ നിങ്ങളോട്** തന്നെ പറയുമായിരിക്കാം, "ദൈവത്താൽ സംസാരിക്കാത്ത ഒരു വചനം നമുക്ക് എങ്ങനെ തിരിച്ചറിയാം എന്ന്? ഒരു പ്രവാചകൻ ദൈവനാമത്തിൽ പ്രവചിച്ച പ്രവചനം പ്രാവർത്തികമായില്ലായെങ്കിൽ അത് ദൈവത്താൽ സംസാരിച്ചതല്ല. ആ പ്രവാചകൻ ധിക്കാരപൂർവ്വം പറഞ്ഞതാണ്. അവനെ ഭയപ്പെടേണ്ടതില്ല (ആവ. 18:21–22).

**ഒരു പ്രവാചകൻ** കൃത്യമായ പ്രവചനങ്ങൾ നൽകുന്നവനാണ് (യെശ.41:21–23; 44:7; 45:21, 46:10, 48:3,5). ചില പ്രവചനങ്ങൾ നിവർത്തിക്കുന്നത് നൂറ്റാണ്ടുകൾക്ക് ശേഷമായിരിക്കും. ഒരു പ്രവാചകൻ കള്ളനാണെന്ന് ജനം തിരിച്ചറിയുന്ന സമയം അദ്ദേഹം പ്രായാധിക്യം കൊണ്ട് മരണപ്പെട്ടതുപോലെയാണ്, കള്ളപ്രവാചകന് മരണശിക്ഷ നൽകിയാൽപോലും അത് അർത്ഥശൂന്യമാണ്. തത്ഫലമായി തന്റെ ജീവകാലത്തിൽ നടത്തിയ എല്ലാ പ്രവചനങ്ങളും ആ അർത്ഥത്തിൽ വിലയിരുത്തപ്പെടും.

**യേശുവിൽ നിവർത്തിയായ ഹ്രസ്വ കാലപ്രവചനങ്ങൾ**

- അത്തിയെ ശാസിക്കുന്നു (മത്താ.21:18–22, മർക്കോ. 11:12–21) ക്ഷണത്തിൽ ഉണങ്ങിപ്പോകുന്നു.
- പത്രോസിന്റെ തള്ളിപറച്ചിൽ (മത്താ. 26:31–35, 69–75).
- യായിറോസിന്റെ മകൾ മരണത്തിൽ നിന്ന് ഉയിർക്കുന്നത് (മർക്കോ.5:21–43)
- ശതാധിപന്റെ ദാസന് സൗഖ്യം വരുന്നത് (മത്താ. 8:5–13)
- മറു വശത്തേക്ക് വലയിറക്കാൻ പറയുന്നത് (യോഹ.21:6).
- വായിൽ കൃത്യമായ നാണയവുമായി വന്ന മത്സ്യം (മത്താ. 17:27)
- ഉറക്കത്തിൽ നിന്ന് എഴുന്നേറ്റപോലെയുള്ള ലാസറിന്റെഉയർത്തെഴുന്നേൽപ്പ് (യോഹ.11: 1–14)
- "നിങ്ങൾ ഒരു കഴുതയെ കാണും" (മത്താ. 21:2)
- മൂന്ന് ദിവസത്തെ മരണത്തിന് ശേഷമുള്ള യേശുവിന്റെ ഉയിർത്തെഴുന്നേല്പ്പ് (മത്താ. 12:38–40).
- മറ്റൊരു കാര്യസ്ഥനെ നിങ്ങളുടെ അടുക്കൽ അയക്കും (യോഹ7.14:16–17)
- കുറച്ച് ദിവസങ്ങൾക്ക് ശേഷം നിങ്ങൾ പരിശുദ്ധാത്മാവിൽ സ്നാനമേൽക്കും (അ.പ്ര.1:5, 2:1–4)
- പരിശുദ്ധാത്മാവ് നിങ്ങളുടെമേൽ വരുമ്പോൾ നിങ്ങൾക്ക് ശക്തി ലഭിക്കും (അ.പ്ര.1:9, 2:1–4).

**മദ്ധ്യകാല പ്രവചനങ്ങൾ നിവർത്തീകരിച്ചത്**

- യേശു മതനേതാക്കന്മാരാൽ തിരസ്ക്കരിക്കപ്പെടും, കഷ്ടത അനുഭവിക്കും, മനുഷ്യപുത്രൻ മനുഷ്യരുടെ കൈയ്യിൽ ഏൽപ്പിക്കപ്പെടും, അവർ അവനെ കൊല്ലുകയും, മൂന്നാം നാൾ ഉയർത്തെഴുന്നേൽക്കുകയും ചെയ്യും (മർക്കൊ.9:31, 15–16)
- ഞാൻ നിങ്ങളെ മനുഷ്യരെ പിടിക്കുന്നവരാക്കും (മത്താ.4:19–20)
- യെരുശലേം ദൈവാലയം ശൂന്യമാക്കുകയും നശിപ്പിക്കുകയും ചെയ്യും (മത്താ.23:38, 24:2)
- കൊരിസീനും ബേത്ത്സയിദയും, കഫർന്നഹൂമും അനുതപിക്കാത്ത പട്ടങ്ങളാകയാൽ നാശം വരും (മത്താ.11:20–24)
- യേശു പുതിയ ദിവ്യബലിയാൽ ഓർമ്മിക്കപ്പെടും (ലൂക്കോ.22:19, കർത്തൃമേശ)
- കടുക് ചെടിപോലെ സഭ വളർന്ന് വലുതാകും (മത്താ. 13:31–32)

**വിദൂരകാല പ്രവചനങ്ങൾ**

- യേശു പല ഭാവികാല പ്രവചനങ്ങളും പറഞ്ഞു. വിശേഷിച്ചും, മത്താ.23–25–ൽ

# സത്യദൈവ വചനം

എന്തുകൊണ്ടാണ് നാല് സുവിശേഷങ്ങൾ ഉണ്ടായത്? ചിലപ്പോൾ മുസ്ലീങ്ങൾ അത്ഭുതപ്പെടാം. എന്തുകൊണ്ടാണ് നാല് സുവിശേഷരേഖകൾ ഉണ്ടായതെന്ന്. ഈ പ്രശ്നത്തിനുള്ള ഉത്തരം നൽകാൻ ഈ ഉദാഹരണങ്ങൾ സഹായിക്കും.

**1. കോടതിയിലെ സാക്ഷി:** കോടതിയിൽ തന്റെ കൈയ്യിലുള്ള കേസിന്റെ വ്യത്യസ്തങ്ങളായ നാല് സാക്ഷികളിൽ നിന്ന് വിസ്താരം കേൾക്കാൻ ന്യായാധിപന് കഴിയുന്നു. നമുക്ക് രണ്ട് വ്യത്യസ്ത ദൃഷ്ടാന്തങ്ങളിലൂടെ അത് മനസിലാക്കാം.

**ദൃഷ്ടാന്തം 1:** ആദ്യ സാക്ഷി തന്റെ കഥകൾ പതിനഞ്ച് മിനിറ്റെടുത്ത് വിവരിക്കുന്നു. രണ്ടാം സാക്ഷിയും അതെ കഥതന്നെ വള്ളിപുള്ളി തെറ്റാതെ പതിനഞ്ച് മിനിറ്റുകൊണ്ട് വിവരിക്കുന്നു.

മൂന്നും നാലും സാക്ഷികളും തത്തുല്യമായ കഥകൾ പറയുന്നു.

**ദൃഷ്ടാന്തം 2 :** ന്യായാധിപൻ നാല് സാക്ഷികളേയും ചോദ്യം ചെയ്യുന്നു; ഒന്നാമത്തവൻ പത്ത് മിനിറ്റ് എടുക്കുന്നു. രണ്ടാമത്തവനോ ഇരുപത് മിനിറ്റെടുത്ത് വിശദമായി ചോദ്യം ചെയ്യുന്നു. മൂന്നാമത്തവനോ അഞ്ചുമിനിറ്റും നാലാം ഭാഗത്തിന് പതിനാല് മിനിറ്റും എടുക്കുന്നു. ഒരേ സംഭവം തന്നെ ഓരോരുത്തരും അവരവരുടെ വാക്കുകളിൽ വിവരിക്കുന്നു.

**ഉപസംഹാരം :** ഈ രണ്ട് ഉദാഹരണങ്ങളിലൂടെ നിങ്ങളെ ന്യായവിസ്താരം നടത്തിയാൽ നിങ്ങളുടെ പ്രതികരണം എങ്ങനെ ആയിരിക്കും? ആദ്യ ഉദാഹരണത്തിലെ വിശ്വാസയോഗ്യമായ റിപ്പോർട്ടുകൾ നൽകിയവരെ സംശയിക്കും. രണ്ടാം ഉദാഹരണത്തിൽ, നാല് സാക്ഷികളും അവരവരുടെ ദൃഷ്ടികോണിൽ നിന്നും സത്യങ്ങൾ അവരുടെ വാക്കുകളിൽ വിവരിച്ചു. വേദപുസ്തകത്തിൽ നാല് സുവിശേഷ രേഖകൾ ദൈവം നൽകിയിട്ടുണ്ട്. ഓരോ രേഖകൾക്കും അതിന്റെ ഊന്നലുകളുമുണ്ട്, നാല് തലങ്ങളിൽ നിന്ന് സത്യങ്ങൾ അവതരിപ്പിക്കുന്നത് നമുക്ക് കാണാം.

**2. കാർ അപകടത്തിലെ സാക്ഷികൾ** : ഒരു കാൽനടക്കാരൻ കാർ അപകടത്തിൽ കൊല്ലപ്പെട്ടു. കോടതിയിൽ, നാല് ആളുകളെ സാക്ഷിവിസ്താരത്തിന് വിളിച്ചു. അപകടം സംഭവിക്കുമ്പോൾ കാറിൽ ഉണ്ടായിരുന്ന ആളാണ് ഒന്ന്. മറ്റൊരാൾ വഴിവക്കിൽ നിന്ന് ഈ അപകടം കണ്ട ആളാണ്. മൂന്നാമൻ മുകളിൽ തന്റെ ജനാലയിലൂടെ അപകടം കണ്ട ആളാണ്. നാലാമത്തെ ആൾ കേസന്വേഷണത്തിന് വന്ന പോലീസ് ഉദ്യോഗസ്ഥനാണ്. എല്ലാവരും സംഭവത്തിന്റെ സത്യമായ വസ്തുതകൾ സാക്ഷികരിക്കുമ്പോൾ, നാല് തലത്തിൽ നിന്നാണെങ്കിലും സത്യങ്ങൾ പൂർണ്ണമായി സ്ഥാപിക്കപ്പെടും.

**ഉപസംഹാരം :** ദൈവീക നിയമത്തിലും (സംഖ്യ.35:3, ആവർ.17:6) യേശുവിന്റെ പഠിപ്പിക്കലിലും (മത്തായി 18:6) പ്രതിപാദിക്കുന്നത് രണ്ടോ മൂന്നോ സാക്ഷികളാൽ ഏത് കാര്യവും (നിയമപരമായി) സാധൂകരിക്കപ്പെടും എന്നാണ്. സുവിശേഷത്തിന്റെ കാര്യത്തിൽ ദൈവം വിശ്വസനീയമായ നാല് സാക്ഷികളെ നൽകിരിക്കുന്നു; മത്തായി, മർക്കോസ്, ലൂക്കൊസ്, യോഹന്നാൻ എന്നീ സുവിശേഷങ്ങളിലൂടെ, വിശ്വസനീയമായ ഈ രേഖകൾ ഉള്ളപ്പോൾ സംശയിക്കുവാൻ ആർക്ക് സംശയിക്കുവാൻ കഴിയും?

# വേദപുസ്തകത്തിനെ തിരായ ദൂഷണം : ഒരു സംവാദം

നൂറ് വർഷങ്ങൾകൊണ്ട് വേദപുസ്തകമാറ്റങ്ങൾക്ക് വിധേയമായികൊണ്ടിരിക്കുന്നുവെന്നാണ് **മുസ്ലീങ്ങളുടെ** വാദം. ഖുറാന്റെ വരവിന് ശേഷം മാത്രമാണ് (ഏ.ഡി.655) ദൈവം അത്യന്തികമായി ഇടപെട്ടതും ദൂഷണം അവസാനിപ്പിച്ചതും. എന്തുകൊണ്ടാണ് ദൈവം അത്രത്തോളം കാത്തിരുന്നത്?

**ഉപമ : അവസാനം വീട്ടുടയവൻ എഴുന്നേറ്റോ?**

**ഒരു ധനികനായ കർഷകൻ** വീട്ടിൽ ഇരുട്ടുള്ളിടത്ത് ഇരിക്കുകയായിരുന്നു. ഒരു ദരിദ്രനും സംശയാലുവുമായ ആൾ വലിയ ഇരുട്ടുള്ള ആ വീട് ശ്രദ്ധിച്ചു. ആവീട്ടിൽ ആരുമില്ലെന്ന് അദ്ദേഹം ചിന്തിച്ചു , ആ വീട്ടിലുള്ളതെല്ലാം മോഷ്ടിക്കാൻ കയറണമെന്ന് തീരുമാനിച്ചു. വളരെ ശ്രദ്ധയോടെ അയാൾ ആ വീട്ടിൽ കയറി, ലൈറ്റിന്റെ സ്വിച്ച് ഓൺ ചെയ്തു. വളരെപ്പെട്ടെന്ന് വീട്ടുടയവൻ ഒരു മൂലയ്ക്ക് ഇരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടു, അദ്ദേഹത്തെ നോക്കിയപ്പോൾ ഒരു വാക്കുപോലും അയാൾ സംസാരിക്കുന്നില്ല. കള്ളൻ വീട്ടുടയവനെ കണ്ട് സ്തബ്ദനായി, എന്നാൽ വീട്ടുടയവൻ ഒരു ശബ്ദവും ഉണ്ടാക്കുന്നില്ല, മോഷ്ടിക്കുന്നതിൽ തന്നെ തടസ്സപ്പെടുത്തുന്നതുമില്ല, കള്ളൻ ആ മുറിയിലെ വിലപിടിപ്പുള്ളതൊക്കെ ശേഖരിക്കുവാൻ തുടങ്ങി.

**അടുത്ത സായാഹ്നത്തിൽ**, കള്ളൻ വീണ്ടും അതുവഴി കടന്നുപോയപ്പോൾ ആ വീട്ടിൽ ഇപ്പോഴും വെളിച്ചമില്ല. അവൻ വളരെ ശ്രദ്ധയോടെ ജനൽവഴി അകത്ത് കടന്നു, വീട്ടുടയവൻ ഇപ്പോഴും അവിടെ തന്നെ ഇരിക്കുന്നു, എന്റെ കടന്നുകയറ്റത്തെ കണ്ടിട്ടും അദ്ദേഹം അനങ്ങുന്നില്ല. കള്ളൻ അടുത്തമുറിയും കാലിയാക്കാൻ തീരുമാനിച്ചു. അത് മൂന്നാം ദിവസമായിരുന്നു. നാലാം ദിവസത്തെ സായാഹ്നത്തിൽ, ഉടമസ്ഥൻ ചാടിയെഴുന്നേറ്റു, ഒച്ചവെച്ച് കള്ളനെ ആക്രമിച്ചു. പൊലീസ് വന്ന ഉടനടി കുറ്റവാളിയെ ജയിലിലാക്കി.

**ഉപസംഹാരം** : എന്തുകൊണ്ടാണ് വീട്ടുടയവൻ അഥവാ ജന്മി ബുദ്ധിപൂർവ്വം പ്രവർത്തിക്കാൻ താമസിച്ചത്? ഇതേപോലെ നമ്മൾക്കും ചോദിക്കുവാൻ കഴിയും മോശെയുടെ പുസ്തകങ്ങൾ അഞ്ചും, സങ്കീർത്തനങ്ങളും, പുതിയ നിയമവും തെറ്റായി അവതരിപ്പിക്കുകയും മലീമസമാക്കുകയും ചെയ്യുന്നത് ദൈവം ദൂരത്ത് നിന്ന് കാണുന്നില്ലെ? യേശുവിന് 600 വർഷങ്ങൾക്ക് ശേഷമാണോ ഇത് സംരക്ഷിക്കാൻ ഖുറാൻ അവതരിച്ചത്. അത് അർത്ഥശൂന്യമാണ്. ദൈവം തന്റെ നിത്യവചനം സദാ സംരക്ഷിച്ചുകൊണ്ടിരിക്കുന്നു. അതാണ് നമ്മുടെ കൈകളിൽ നാം പിടിച്ചിരിക്കുന്നത്. വിശുദ്ധ വേദപുസ്തകം ആധികാരികവും മാറ്റമില്ലാത്തതുമാണ്.

# ദൈവത്തിൽ നിന്നുള്ള അന്തിമ വെളിപാട്

നിങ്ങൾ നിൽക്കുന്ന കടൽതീരത്ത് ഒരു ആൺകുട്ടി കടലിൽ തിരമാലയിൽ കുടുങ്ങി സഹായമഭ്യർത്ഥിക്കുകയാണെന്ന് **സങ്കല്പിക്കുക**. നിങ്ങൾക്ക് എന്തു ചെയ്യാനാകും? നിങ്ങൾ അടുത്ത കടയിൽപോയി നീന്തലിനെപ്പറ്റിയുള്ള അടിസ്ഥാന പുസ്തകങ്ങൾ വാങ്ങി, കടൽ തീരത്ത് നിന്ന് അവന് എറിഞ്ഞുകൊടുക്കുമോ, അവൻ ബുക്ക് വായിച്ച് പഠിച്ച് രക്ഷപെടാൻവേണ്ടി അല്ല നിങ്ങൾ ഒരു നല്ല നീന്തൽകാരനാണെങ്കിൽ നീന്തിച്ചെന്ന് അവനെ രക്ഷിക്കുകയില്ലേ?

**ഇസ്ലാം**മതത്തിൽ, അവരുടെ ഗ്രന്ഥമായ ഖുറാൻ മാത്രമാണ് അവരുടെ സഹായം. ക്രിസ്തുമതത്തിൽ മനുഷ്യന്റെ പ്രശ്നപരിഹാരത്തിനും, നിത്യരക്ഷയ്ക്കുമുള്ള പരിഹാരം ദൈവം വ്യക്തിപരമായി യേശുക്രിസ്തുവിലൂടെ ഭൂമിയിൽ വന്നു, അവന്റെ സഹായത്താൽ മാനവരാശിയ്ക്ക് രക്ഷകൈവന്നു എന്നതാണ്. ദൈവത്തിന്റെ പരിപൂർണ്ണമായ ഭൂമിയിലെ വെളിപാടാണ് യേശുക്രിസ്തു. അവന്റെ ജീവിക്കുന്ന ആത്മാവിനാൽ ദൈവം നമ്മോട് കൂടെ ഉണ്ട്. ക്രിസ്ത്യാനി ഒറ്റയ്ക്കാണെന്ന തോന്നലിന്റെ ആവശ്യമില്ല. ഖുറാൻ ഒരു പുസ്തകം മാത്രമാണ്, എന്നാൽ ക്രിസ്തു ജീവിക്കുന്ന വ്യക്തിയാണ്.

**ഉപസംഹാരം** : നിങ്ങൾ ഒരു പ്രശ്നത്തിലാണെങ്കിൽ നിങ്ങൾ വായിക്കുവാൻ ഒരു പുസ്തകം ആഗ്രഹിക്കുമോ പകരം ആരെങ്കിലും നിങ്ങളെ സഹായിക്കുവാൻ ആഗ്രഹിക്കുമോ? ദൈവം തന്റെ അവസാന വെളിപാടായി ഒരു പുസ്തകമല്ല തന്നത്. നമ്മെ രക്ഷിക്കാൻ അവൻ തന്നത്താൻ ഒരു വ്യക്തിയായി ഇറങ്ങിവന്നു. ഇതാണ് മുസ്ലീം ക്രിസ്തീയപ്രമാണങ്ങളുടെ വ്യത്യാസം.

## അടയാളവും മുദ്രയും

മുസ്ലീംപള്ളിയുടെ **തറയിൽ ഇരിക്കുമ്പോൾ** ഒരാൾ വന്ന് പറഞ്ഞു, അവരുടെ പ്രവാചകൻ സകല പ്രവാചകൻമാരുടെയും അടയാളവും മുദ്രയുമാണെന്ന്. ഞങ്ങളുടെ അടുത്ത് ഒരു വഞ്ചിക ഇരിപ്പുണ്ട്. ഞാൻ അതിനെ ചൂണ്ടി പറഞ്ഞു – വഞ്ചിക "സക്കാത്തി" ന്റെ അടയാളമായിട്ടാണ് ഞാൻ കാണുന്നത്. അതിൽ ഒരു താഴിട്ട് വഞ്ചിപ്പെട്ടി പൂട്ടിയിരിക്കുന്നതും കാണുന്നു; അത് മുദ്രയും ആണ്. ഏതിനാണ് കൂടുതൽ പ്രാധാന്യം: അകത്തുള്ള പണത്തിനോ, പുറത്തുള്ള താഴിനൊ? പ്രാധാന്യം കൂടുതൽ അതിനുള്ളിലെ പണത്തിനാണ് എന്ന് അയാൾ പറഞ്ഞു.

**ഉപസംഹാരം:** ഞാൻ പറഞ്ഞു, അവർ മുഹമ്മദിന് മുൻപുള്ള സകല പ്രവാചകൻമാരുടെയും സന്ദേശം പഠിക്കണം. എന്തെന്നാൽ ആധികാരികവും പ്രധാനവുമായ സകല പ്രവാചകൻമാരുടെയും അടയാളമാണ് അദ്ദേഹം. അദ്ദേഹം മഹത്തായ മൂല്യങ്ങളുടെ മുദ്രയാണെങ്കിൽ മുസ്ലീങ്ങൾ ആ പ്രവാചകന്മാരുടെ എഴുത്തുകളും സന്ദേശങ്ങളും പഠിക്കണം. ഈ എഴുത്തുകളും സന്ദേശങ്ങളുമാണ് ബൈബിളിൽ കാണുന്നത്.

# യഥാർത്ഥ ഉപദേശം

നാം ഒരു യാത്രയ്ക്ക് ഒരുങ്ങുമ്പോൾ, ഏറ്റവും സുന്ദരമായ വഴി നാം ചോദിക്കുമോ അതോ നമ്മുടെ ലക്ഷ്യത്തിലേക്ക് എത്തുന്നതിനുള്ള ശരി യായ വഴി നാം ചോദിക്കമോ? നിങ്ങളുടെ സിദ്ധാന്തം ആത്മാർത്ഥതയിൽ നിന്നുരുത്തിരി ഞ്ഞതാണോ. മനോഹരമാണോ എന്നതല്ല പ്രസ ക്തമായ ചോദ്യം – പകരം അത് സത്യമാണോ എന്നുള്ളതാണ്.

# ഭാഗീകസത്യങ്ങൾ വഴി തെറ്റിക്കുന്നു

**ഒരു കർഷകൻ** കുമ്പസാരിച്ചപ്പോൾ ഒഴിഞ്ഞ് മാറാതെ താൻ കയർ മോഷ്ടിച്ചെന്ന് സമ്മതിച്ചു. അദ്ദേഹം കള്ളം പറഞ്ഞില്ല, പക്ഷേ അദ്ദേഹം മുഴുവൻ സത്യവും പറഞ്ഞില്ല. ആ കയറിന്റെ അറ്റത്ത് ഒരു പശുക്കുട്ടി ഉണ്ടായിരുന്നു. അതാണ് മോഷണകുറ്റം.

**ഉപസംഹാരം** : ഭാഗികമായി അറിയുന്ന സത്യം വളരെ അപകടകരമായി വഴിതെറ്റിക്കും. വളരെ കാര്യങ്ങൾ നമ്മൾ കേൾക്കുന്നു, പ്രത്യേകിച്ച് മതത്തെ സംബന്ധിച്ച്. എന്നാൽ അത് മുഴുവൻ കഥയുടെ ഒരു ഭാഗം മാത്രമാണ്. എന്നിരുന്നാലും, അത് പൂർണ്ണവും പരമാർത്ഥവുമായിതോന്നാം. അതുകൊണ്ട് പൂർണ്ണ സത്യങ്ങൾ കണ്ടുപിടിക്കുവാനുള്ള പരിശ്രമം എല്ലാവരുടെയും ഭാഗത്ത് നിന്നും ഉണ്ടാകണം, പ്രത്യേകിച്ച് ആത്മീയമായ കാര്യങ്ങളിൽ. ഖുറാനിൽ ബൈബിളിലെ കഥകളുടെ സാരംശം ഉണ്ടെങ്കിലും സമ്പൂർണ്ണ സത്യം അറിയുന്നതിന് നാം ബൈബിൾ വായിക്കുവാൻ മുസ്ലീങ്ങളെ പ്രോത്സാഹിപ്പിക്കണം.

# ശരിക്കും തെറ്റ് !

നഗരത്തിൽ **വലിയ അഗ്നിബാധ** ഉണ്ടായപ്പോൾ, അഗ്നിനരകംപോലെ തീ കത്തി ഉയരുമ്പോൾ ബാൽക്കണിയിൽ നിന്ന് ഒരു സ്ത്രീ വെകിളിപിടിച്ച് സഹായത്തിനായി നിലവിളിക്കുന്നു. ഒരു അഗ്നി ശമനസേനാംഗം അവളുടെ അടുക്കലേക്ക് വന്നു. എന്നാൽ എന്റെ കുഞ്ഞ് ഇപ്പോഴും അകത്താണെന്ന് അവൾ നിലവിളിച്ചു. കത്തിപ്പടരുന്ന അഗ്നിജ്വാലയിലൂടെ ഫയർമാൻ സാഹസികമായി രക്ഷപ്പെടുത്തിയ അമ്മയുടെ കരങ്ങളിലേക്ക് ഒരു ഭാണ്ഡകെട്ട് ഇട്ടുകൊടുത്തു. അവർ അത് തുറന്ന് നോക്കിയപ്പോൾ തന്റെ മകൾ ആയിരുന്നില്ല പകരം ഒരു പാവക്കുട്ടിയായിരുന്നു. അതിൽ, വേദനയിൽ കുതിർന്ന നിലവിളി അവിടെ ഉയർന്നു. അപ്പോഴേക്കും അവരുടെ മകൾ തീക്കിരയായി കഴിഞ്ഞിരുന്നു.

**ഉപസംഹാരം** : നിങ്ങൾക്ക് തോന്നുണ്ടോ ആ ഫയർമാൻ ബോധപൂർവ്വം ആ കുട്ടിയെ രക്ഷിക്കാതിരുന്നു എന്ന്? തീർച്ചയായും അല്ല! ഫയർമാന് അമ്മ തെറ്റായ നിർദ്ദേശമാണോ കൊടുത്തത്? തീർച്ചയായും അല്ല! രണ്ടുപേരും ആത്മാർത്ഥമായാണ് സമീപിച്ചത്. പക്ഷെ തെറ്റായി മനസ്സിലാക്കിപോയി. ആത്മാർത്ഥത വളരെ പ്രാധാന്യമുള്ളതാണ്, പക്ഷേ സത്യമറിയാൻ അത് മാത്രം പോരാ. നമ്മുടെ നിത്യജീവിതത്തിലേക്കുള്ള അന്വേഷണത്തിൽ നാം ശരിയായ പാതയിലാണെന്നും, നാം അറിഞ്ഞത് സത്യമാണെന്നും, ഇത് ജീവന്റെയും മരണത്തിന്റെയും കാര്യമായതിനാൽ, പൂർണ്ണ ഉറപ്പ് നാം ആർജ്ജിച്ചിരിക്കണം.

# പരമാർത്ഥത മാത്രം പോര!

ഓക്സിജൻ നൽകുന്നതിന് പകരം ഒരു രോഗിക്ക് **കാർബൺഡൈ ഓക്സൈഡാണ്** നൽകുന്നതെങ്കിൽ വളരെ പെട്ടെന്ന് മരണപ്പെടും. ഒരു ചെറിയ ശസ്ത്രക്രിയയ്ക്ക് തയ്യാറെടുക്കുമ്പോഴാണ് ഇത് സംഭവിക്കുന്നത്. പരിചയസമ്പത്തുള്ള ഒരു അനസ്തേഷ്യസ്റ്റ് ആണ് ആ സിലിണ്ടർ ഘടിപ്പിച്ചിട്ട് പോയത്. പക്ഷേ സിലിണ്ടറിൽ ഓക്സിജൻ എന്നെഴുതിയിരുന്നെങ്കിലും അതിൽ കാർബൺഡൈഓക്സൈഡ് ആയിരുന്നു. പിന്നീട് ആ സിലിണ്ടറിൽ മരണകരമായ വിഷമാണെന്ന് തിരിച്ചറിയുന്നു. ഹോസ്പിറ്റലിൽ വരുന്നതിനു മുമ്പേ അതിൽ, തെറ്റായി ലേബൽ ചെയ്തിരിക്കയായിരുന്നു. ഉല്പാദകന് ആത്മാർത്ഥ ഉണ്ടായിരുന്നു, ആശുപത്രി ആത്മാർത്ഥമായിരുന്നു. അനസ്തേഷ്യസ്റ്റ് ആത്മാർത്ഥത ഉള്ളവനായിരുന്നു, സർജ്ജനും ആത്മാർത്ഥതയുണ്ടായിരുന്നു, തീർച്ചയായും രോഗിയും ആത്മാർത്ഥതയോടുകൂടി ആയിരുന്നു. ആരും ദുരന്തങ്ങൾ ആഗ്രഹിക്കുന്നില്ല. എല്ലാവരുടെയും ആത്മാർത്ഥത അസ്ഥാനത്താകുന്നു.

**ഉപസംഹാരം** : ഈ സംഭവം ചിത്രീകരിക്കുന്നത് ആത്മാർത്ഥത മതിയായ രീതിയിൽ ഉണ്ടായിരുന്നില്ല, ഇത് വിശ്വസ്തതയുമായി ബന്ധപ്പെട്ടിരിക്കുന്നു. ഒരു ചൊല്ലുതന്നെയുണ്ട്: “വൈദ്യരുടെ പിശക് മരണം സമ്മാനിക്കും.” ഇത് തീർച്ചയായും ദുരന്തപൂർണ്ണമാണ്. ഓരോ ജീവിതവും ഉടനെയോ പിന്നീടോ അവസാനിക്കാം (നിത്യജീവിതം ഒഴികെ). ഒരു വാക്യം ഇങ്ങനെയാണ്: “ഒരു മനുഷ്യന് അവന്റെ വഴികൾ ഒക്കെയും ചൊവ്വായി തോന്നുന്നു. അതിന്റെ അവസാനമോ നാശം ആകുന്നു.” (സദൃ.14:12). അനേകർ പറയുന്നു, ‘‘എനിക്ക് ആത്മാർത്ഥത ഉള്ളയിടത്തോളം അവസാനത്തിൽ എനിക്ക് എല്ലാം നന്മയാകും’’ എന്നാൽ അവർ ആത്മാർത്ഥതയെ തെറ്റിദ്ധരിച്ചിരിക്കുകയാണ്.

നമ്മുടെ ആരോഗ്യത്തെക്കുറിച്ച് **സത്യാവസ്ഥ അറിയണമെന്ന്** ആഗ്രഹിക്കുന്നവരാണ് മിക്കവാറും പേരും. എന്നാൽ നമ്മുടെ നിത്യതയെ സംബന്ധിച്ച് നാം എല്ലാവരും തീർച്ചയായും ബോധവാൻമാരാകണം. മിക്കവരും സംതൃപ്തി, സുരക്ഷിതത്വം, സമാധാനം, ജീവൻ, പാപക്ഷമ, രക്ഷ ഇതെല്ലാം തിരിച്ചറിയാനാവാത്തവിധത്തിൽ തെറ്റിദ്ധരിപ്പിക്കപ്പെട്ടിരിക്കുന്നു. ഈ പ്രാധാന്യമുള്ള വിഷയങ്ങളിൽ പൂർണ്ണ ഉറപ്പ് ഒരാൾക്ക് എങ്ങനെ നേടാൻ കഴിയും? ദൈവത്തെ അവന്റെ വചനത്തിൽ ഏറ്റെടുക്കുന്നവന് മാത്രമേ സാധിക്കൂ. ഈ ജീവിതത്തിൽ നാം ശരിയായ തീരുമാനങ്ങളിൽ എത്തിച്ചേരുന്നത് നമ്മുടെ കൂട്ടുകാർ, കുടുംബം, മതവിശ്വാസികൾ അവർ എന്താണ് പറയുന്നത് എന്നതിന്റെ അടിസ്ഥാനത്തിലാണ്. എന്നാൽ വേദപുസ്തകത്തിൽ അവന്റെ വിശുദ്ധ വചനത്തിൽ ദൈവം എന്തു പറഞ്ഞിരിക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിലാണ് യഥാർത്ഥ സത്യം മനസ്സിലാകുന്നത്.

# 7. രക്ഷ നിതൃത രക്ഷപ്പെടുന്നതിനുള്ള വഴി

## വീണ്ടെടുപ്പിന്റെ സാധർമ്മ്യം : മനുഷ്യനിർമ്മിത വള്ളവും ദൈവനിർമ്മിത കപ്പലും

ഒരു മനുഷ്യൻ അവന് **സ്വയം നിർമ്മിച്ച ചെറിയ ബോട്ട്** സ്വന്തമായി ഉണ്ടായിരുന്നു. ഒരുനാൾ വിശാലമായ കടലിൽ ഒരു വലിയ യാത്ര അവൻ ഏറ്റെടുത്തു. പെട്ടെന്ന് ഒരു കൊടുങ്കാറ്റിൽ അവന്റെ ചെറിയ ബോട്ട് തകർന്നു – അത് കടുത്ത കാലാവസ്ഥയെ അതിജീവിക്കുവാൻ കെല്പില്ലാത്തതായിരുന്നു. നിരാശയോടെ രക്ഷപ്പെടാൻ ശ്രമിച്ചപ്പോൾ രക്ഷാപ്രവർത്തനത്തിനായി ഒരു വലിയ കപ്പൽ വരുന്നതുകണ്ട് അവൻ ആനന്ദചിത്തനായി. കപ്പലിൽ ഉണ്ടായിരുന്നവർ അവന് ഒരു കമ്പിളിയും ചൂട് പാനീയവും ധാരാളം കഴിക്കുവാനും നല്കി. എല്ലാറ്റിനും ഉപരി അവൻ സുരക്ഷിതനായി. ഭാവിയിൽ എത്ര തിരമാല ഉയർന്നാലും ഇനി ഒരു പ്രശ്നവുമില്ല.

വലിയ കപ്പൽ വന്നതിനുശേഷം ഒരു ചെറിയ ദുർബലമായ വള്ളം വന്ന് ആൾക്കാർക്ക് രക്ഷപ്രവർത്തനം നല്കി എന്നു വിചാരിക്കുക. രക്ഷപെട്ട ആളുകൾ ദുർബലമായ ചെറിയ ബോട്ടിലേക്ക് കയറുമോ അതോ വലിയ കപ്പലിൽ കയറുമോ? തീർച്ചയായും ചെറിയ ബോട്ടിൽ കയറില്ല. ചെറിയബോട്ടിൽ കയറി ദുർബലമായ പ്രതീക്ഷയ്ക്കും മടയത്തരത്തിനും അവർ മുതിരുകയില്ല.

**ഉപസംഹാരം:** ഈ കഥ യേശുവിലുള്ള ഉറപ്പും മനുഷ്യനിർമ്മിത രക്ഷയും തമ്മിലുള്ള താരതമ്യമാണ്. പൂർണ്ണമായതും ഏകരക്ഷകനുമായ യേശുവിലൂടെ സ്വർഗ്ഗീയ (പറുദീസാ) വഴി മനുഷ്യവർഗ്ഗത്തിന് നല്കപ്പെട്ടിരിക്കുന്നു. യേശു പ്രതിനിധാനം ചെയ്യുന്നത് സ്ഥിരമായതും, വലിയതും, സുരക്ഷിതവുമായ കപ്പലിനെയാണ്. അത് എല്ലാ കൊടുങ്കാറ്റുകളേയും അതിജീവിച്ച് നിൽക്കുകയും, സർവ്വനാശം വിതയ്ക്കുന്ന മനുഷ്യനിർമ്മിത കുതന്ത്രങ്ങളെ പരാജയപ്പെടുത്തുകയും ചെയ്യും. മനുഷ്യരിൽ പ്രത്യാശയുള്ളവർ നശിക്കും. മനുഷ്യന്റെ രക്ഷയ്ക്ക് നിത്യമായ, സുരക്ഷിതമായ, സത്യമായ ഒന്ന് യേശുമാത്രമാണ്.

# രക്ഷ: ഒരു ദാനം

പട്ടിണികിടക്കുന്ന ജനങ്ങളുള്ള ദരിദ്രരാജ്യത്തെ **സങ്കല്പിക്കുക**. രോഗിയായ തന്റെ പൈതലിനു വേണ്ടി ഒരു പാവപ്പെട്ട സ്ത്രീ രാജാവിന്റെ തോട്ടത്തിലെ ഒരു കുല മുന്തിരിക്കുവേണ്ടി തീവ്രമായി ആഗ്രഹിച്ചു. അവർ അൻപതു പണവുമായി തോട്ടക്കാരനെ കണ്ട് മുന്തിരിങ്ങവാങ്ങാൻ ശ്രമിച്ചു. പക്ഷേ അയാൾ കർക്കശമായി വിസമ്മതിച്ചു. രണ്ടാമത് കൂടുതൽ പണവുമായി വന്നിട്ടും അതേ ഉത്തരം തന്നെ ലഭിച്ചു.

രാജാവിന്റെ മകൾ **ഈ സംഭവിച്ചത്** കേട്ടു, തോട്ടക്കാരന്റെ കർക്കശശബ്ദവും സ്ത്രീയുടെ യാചനശബ്ദവും. ഈ പാവപ്പെട്ട സ്ത്രീ രാജകുമാരിയോട് തന്റെ കഥ പറഞ്ഞു. രാജാകുമാരി മറുപടി പറഞ്ഞു: "എന്റെ പ്രീയപ്പെട്ടവളെ നിങ്ങൾ തെറ്റിദ്ധരിച്ചിരിക്കുന്നു. എന്റെ പിതാവ് ഒരു വ്യാപാരിയല്ല, രാജാവാണ്. അദ്ദേഹം വില്ക്കുകയില്ല എന്നാൽ നൽകുകമാത്രമാണ് ചെയ്യുന്നത്" എന്നിട്ട് ആ സ്ത്രീയുടെ കുട്ടയിലേക്ക് ഒരു കുല മുന്തിരി ഇട്ടുകൊടുത്തു. താൻ വളരെ ദിവസങ്ങൾ നടന്നിട്ടും ലഭിക്കാതെയിരുന്നത് അവൾക്ക് അങ്ങനെ ദാനമായി ലഭിച്ചു.

**ഉപസംഹാരം** : ഇതേപോലെ രക്ഷ ദൈവം നല്കുന്ന ദാനമാണ്. സൽപ്രവൃത്തികൾകൊണ്ടോ സമ്പത്താലോ അത് നേടുവാൻ കഴിയുകയില്ല. "കൃപയാലല്ലോ നിങ്ങൾ വിശ്വാസംമൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത്. ഇത് നിങ്ങളുടെ സ്വന്തമെന്നല്ല, ദൈവത്തിന്റെ ദാനമത്രേ ആകുന്നു – ആകയാൽ ആരും പുകഴ്ത്താതിരിക്കേണ്ടതിന് പ്രവൃത്തികൾ കാരണവുമല്ല." (എഫേസ്യർ 2:8–9).

# അളവുകൂടാത്ത ദയ

**തുടർന്നുള്ള ഭാഗം** എടുത്തിട്ടുള്ളത് ഒരു ക്രിസ്ത്യാനിയായ ഡോ.ഉഷറും, തുർക്കിയിലെ കോൺസ്റ്റാന്റിനോപ്പിളിൽ ജീവിച്ചിരുന്ന അബ്ദുൽ ഹമീദിന് ശേഷം ഒരു ദേശത്തിന്റെ വാലിയായി നിയമിതനായ സർ അഹ്മദുമായുള്ള സംഭാഷണത്തിൽ നിന്നുമാണ്.

''ഞാൻ പറുദീസയിൽ തീർച്ചയായും പ്രവേശിക്കും എന്നതിനെക്കുറിച്ച് നിങ്ങൾക്ക് എന്തു തോന്നുന്നു?" എന്ന് ദയവായി എനിക്ക് പറഞ്ഞുതരിക.

''ഇല്ല സർ, എനിക്ക് അത് ഉൾക്കൊള്ളാൻ കഴിയില്ല, സർ അഹമ്മദ് മറുപടി പറഞ്ഞു. കടബാധ്യതയ്ക്ക് ജയിലിലായ നിങ്ങളുടെ ഒരു സുഹൃത്തിനോട് നിന്റെ പേരിൽ ഞാൻ ക്ഷമിച്ചേക്കാം. (തുർക്കി നിയമപ്രകാരം കടക്കാർ അവരുടെ കടം മുഴുവൻ കൊടുത്ത് തീരുന്നതുവരെ ജയിലിൽ അടയ്ക്കും) എന്നാൽ, ഞാൻ അങ്ങനെ ചെയ്തുവെങ്കിൽ, ഈ അവസ്ഥ സത്യനീതിയിലേക്ക് എന്നെ ഉയർത്തപ്പെടുകയില്ലായിരുന്നു. ദൈവത്തിന് അങ്ങനെ കരുണയോടെ പ്രവർത്തിക്കാമെങ്കിൽ അവൻ എന്നെക്കാൾ നീതിമാനല്ലേ! എനിക്ക് അവനിൽ വിശ്വസിക്കാൻ കഴിയില്ല! ഇപ്പോൾ ഡോ.ഉഷർ എന്തുപറയുന്നു?

"അല്ലയോ യജമാനനേ," ഡോ.ഉഷസ്സ് മറുപടി പറഞ്ഞു. "ഞാൻ ഒരു ഉദാഹരണം" ഉപയോഗിക്കട്ടെ. എനിക്ക് തിരിച്ചടക്കാൻ കഴിയാത്ത ഒരു ഭീമമായ കടത്തിന് സർക്കാർ എന്നെ തടവിലാക്കിയിരിക്കുന്നു എന്ന് വിചാരിക്കുക. താങ്കൾ ഒരു രാജാവാണെന്നും താങ്കൾക്ക് ഒരു മകനുണ്ടെന്നും ഇരിക്കട്ടെ നിങ്ങൾ രണ്ടും എന്നെ സ്നേഹിക്കുന്നവരുമാണ്. എന്നാൽ നിങ്ങൾക്ക് യഥാർത്ഥ നീതി ഉയർത്തിപ്പിടിക്കണം. എന്നാൽ നിങ്ങളുടെ ധാരണപ്രകാരം എന്റെ കടങ്ങൾ നിങ്ങളുടെ മകൻ വന്ന് തന്നുതീർത്ത് രശീത് കൈപ്പറ്റുകയും ചെയ്തു. ഇപ്പോൾ എനിക്ക് ലഭിച്ചിരിക്കുന്ന അംഗീകാരം നിങ്ങളുടെ ഔദാര്യമാണ്. രാജാകുമാരനെ ജയിലിൽ അയച്ച് അദ്ദേഹം എന്നോട് പറയുകയാണ്: സുഹൃത്തേ, എഴുന്നേൽക്കുക നിങ്ങൾ സ്വതന്ത്രനാണ്. ഞാൻ നിങ്ങളുടെ കടങ്ങൾ തീർത്തിരിക്കുന്നു."

**ഇതിലെ മൂന്നു കാര്യങ്ങളിൽ ഒന്ന് ഞാൻ ചെയ്തേക്കാം.**

1. ദുരഭിമാനത്തിൽ ഞാൻ മറ്റൊരാളിന്റെ ഔദാര്യം നിരസിക്കുകയും, എന്നെ സ്നേഹിക്കുന്ന ആളെ ഞാൻ ആക്ഷേപിക്കുകയും ചെയ്യുക.

2. ഞാൻ പറഞ്ഞേക്കാം എനിക്ക് വിശ്വാസിക്കാൻ കഴിയുന്നില്ല. സത്യത്തെ കണ്ടുപിടിക്കാൻ എനിക്ക് ഭയമാണ്. എന്റെ സ്വാതന്ത്ര്യത്തെക്കുറിച്ച് വിശ്വസിക്കാതെ ഞാൻ നിർബന്ധപൂർവ്വം ജയിൽ ഉപേക്ഷിച്ചാൽ ഞാൻ വീട്ടിൽ നിന്ന് ഒളിച്ചും പോലീസിനെ ഭയന്നും ജീവിക്കും. എന്റെ ഹൃദയത്തിൽ വിശ്വാസിക്കാതെ എനിക്കൊരു സ്വാതന്ത്ര്യവുമില്ല.

3. നന്ദിയോടെ നിങ്ങളുടെ പുത്രന്റെ പാദത്തിൽവീണുകൊണ്ട്, "എനിക്കിത് വിശ്വാസിക്കാൻ കഴിയുന്നു. ഏറെ നന്ദിയുണ്ട്, എനിക്ക് തിരികെ തരാൻ ഒന്നുമില്ല. (ഇതുവരെ എന്റെ കടം എനിക്കൊരു അപമാനമായിരുന്നു). അതുകൊണ്ട് എന്റെ ശിഷ്ടകാലം ഞാൻ നിങ്ങളോടുള്ള നന്ദി രേഖപ്പെടുത്തുവാൻ ഉത്സാഹിച്ചു ജീവിക്കും" എന്നു പറയും.

"പക്ഷേ ഇതൊന്നുമല്ല," ഡോ.ഉഷർ തുടർന്നു – "രാജാകുമാരൻ എനിക്ക്" 'ഒരു ഹമാം' എടുത്തുതന്നു. (തുർക്കികളുടെ സ്നാനം പൂർണ്ണവൃത്തി എന്നറിയപ്പെടുന്നത്). അഴുക്കുപുരണ്ട എന്റെ ജയിൽ വസ്ത്രങ്ങൾ തീയിലേക്ക് വലിച്ചെറിഞ്ഞു; അതായത് എന്റെ ഭൂതകാലം തീർന്നു. നിങ്ങളുടെ മകൻ എന്നെ വസ്ത്രം ധരിപ്പിച്ച് രാജാവായ നിങ്ങളുടെ മുമ്പിൽ കൊണ്ടുവന്നു. ഈ രീതിയിലാണ് യേശു ക്രൂശിലെ സ്വമേധയാ ഉള്ള മരണത്താൽ പാപികളുടെ കടം വീട്ടി, ദൈവത്തിന്റെ ശക്തിയാൽ മൂന്നാം ദിവസം ഉയർത്തെഴുന്നേറ്റത്. ഇത് ഞാൻ വിശ്വസിക്കുന്നു. എനിക്കറിയാം ഞാൻ സ്വതന്ത്രനായി. ഇത് നിങ്ങൾ വിശ്വസിക്കുകയാണെങ്കിൽ എനിക്ക് ചെയ്തതുപോലെ അവൻ നിങ്ങൾക്കും ചെയ്യും. "എന്താണിപ്പോൾ രാജകുമാരനോടുള്ള എന്റെ സമീപനം?"

ഡോക്ടർ തുടർന്നു – ഉദാഹരണത്തിന് ഒരു ഇടവഴിയിലൂടെ അവൻ കുതിരപ്പുറത്ത് വരുന്നത് ഞാൻ കാണുന്നു. എന്നാൽ ആരോ അവന്റെ വഴി തടയുന്നിന് തെരുവിൽ വിറക് നിരത്തിയിരിക്കുന്നു. ഞാൻ എന്തുചെയ്യും? അവൻ വരുന്നതുവരെ ഞാൻ കാത്തുനിൽക്കുമോ? എന്നിട്ട് ചോദിക്കും ഇത് നീക്കം ചെയ്യാൻ ഞാൻ എന്തു നൽകണം. അല്ലെങ്കിൽ അവൻ വരുന്നതിന് മുമ്പ് ഞാൻ ആ തടസം മാറ്റും. അഭിമാനത്തോടും സന്തോഷത്തോടും അവൻ കടന്നുപോകുമ്പോൾ അവനെ സല്യൂട്ട് ചെയ്യും. അവൻ എനിക്ക് ചെയ്ത നന്മയ്ക്ക് ഒത്തവണ്ണം ഞാൻ അവനോട് നന്ദി പ്രകാശിപ്പിക്കും.

# സ്വർഗ്ഗത്തിലേക്ക്/പറുദീസയിലേക്കുള്ള വഴി

**ഒരു ദിവസം** കുറെ സുഹൃത്തുക്കൾ അനേകം മുതലകൾ ഉള്ള ഒരു നദിയിലേക്ക് പോയി. ദൂരെ വച്ച് തന്നെ ഒരാൾ ഒരു കരയിൽ നിന്ന് മറുകരയിലേക്ക് ഒരു ചെറുബോട്ടിന്റെ പെഡൽ ചവിട്ടി നീങ്ങുന്നു. ഷെയിക്ക് ഒമർ പറഞ്ഞു, നമുക്കും അത് കഴിഞ്ഞിരുന്നെങ്കിൽ നദികടന്ന് മറുകരയ്ക്ക് പോകാമായിരുന്നു. എന്നിട്ട് ഒരു ബോട്ട് നിർമ്മിക്കാമായിരുന്നു.” അജ്മത് നിർദ്ദേശിച്ചു. “പക്ഷേ നമ്മൾ എന്തുകൊണ്ട് നിർമ്മിക്കും” സുലൈമാൻ അന്വേഷിച്ചു. “ഷെയ്ക്ക് ഒമറിനോട് ചോദിക്കാം” അജ്മത് മറുപടി പറഞ്ഞു.

**ഷെയ്ക്ക് ഒമർ** അല്പസമയം ചിന്തിച്ചു “ആ മനുഷ്യന്റെ ബോട്ട് മണ്ണുകൊണ്ട് നിർമ്മിച്ചതുപോലെയാണ്. അവൻ തിരിച്ചുപറഞ്ഞു “നമുക്കതിന് ശ്രമിക്കാം.” അവർ വളരെ കഷ്ടപ്പെട്ട്, അവരുടെ ബോട്ട് നിർമ്മിച്ചു. സൂര്യപ്രകാശത്തിൽ വേകുന്നതിന് വെച്ചു.” ചില ദിവസങ്ങൾക്കു ശേഷം അവർ മടങ്ങി വന്നപ്പോൾ അത് ഉണങ്ങി നല്ല കടുപ്പത്തിലായി. എനിക്ക് കൊള്ളാവുന്നതാണെന്നു തോന്നി. ഒമർ നിരീക്ഷിച്ചു. അവർ കയറി മറുകരയിലേക്ക് പെഡൽ ചവിട്ടിപോകാൻ തുടങ്ങി. എന്നാൽ തകർന്ന് അടിയുന്നത് വരെ ചെളി കുതിർന്നു മൃദുവായി തുടങ്ങി. ചിലരെ ഉടൻതന്നെ മുതല വിഴുങ്ങി, ചിലർ മുങ്ങിതാണു. ആരും രക്ഷപ്പെട്ടില്ല. എന്നിരുന്നാലും അബ്ദുൽ ആ ആശയം വിശ്വസിച്ചില്ല. അതിനാൽ അവന്റെ സുഹൃത്തുക്കളുടെ ദാരുണവിധി അവൻ കാണേണ്ടി വന്നു. അവരെ ഒരിക്കലും കാണാൻ കഴിയാത്തതിൽ അവന് ദുഃഖമുണ്ടായി.

**ഉപസംഹാരം** : വ്യത്യസ്തമായ ആൾക്കാർ അവരുടെ ആശ്രയം പല വസ്തുക്കളിലാണ് വെക്കുന്നത്, അവരുടെ വിചാരം ആ വസ്തുക്കൾ അവരെ സ്വർഗ്ഗത്തിൽ (പറുദീസ) കൊണ്ടുപോകുമെന്നാണ്. ദൈവം നൽകിയിരിക്കുന്ന ഏക വഴി യേശുക്രിസ്തു മാത്രമാണ്. നമ്മുടെ സ്വന്തവഴിയിൽ ശ്രമിച്ചാൽ തീർച്ചയായും നാം പരാജയപ്പെടും. യേശു പറഞ്ഞു “ഞാൻ തന്നെ വഴിയും സത്യവും ജീവനുമാകുന്നു. ഞാൻ മുഖാന്തിരമല്ലാതെ ആരും പിതാവിന്റെ (സ്വർഗ്ഗം) അടുക്കൽ എത്തുന്നില്ല (യോഹ.14:6).

# സ്വാതന്ത്ര്യത്തിലേ ക്കുള്ള താക്കോൽ

**പണ്ട് ഒരു രാജാവിന്റെ സ്നേഹിതർ** തങ്ങളുടെ അയൽരാജ്യക്കാരുടെ അപ്രീതിക്കു പാത്രമാവുകയും തടവിലാക്കപ്പെടുകയും ചെയ്തു. രാജാവ് അവരെ കഷ്ടതയിൽ തുടരുവാൻ ആഗ്രഹിച്ചില്ല, അവരെ സ്വതന്ത്രരാക്കുവാൻ തീരുമാനിച്ചു. ഉറപ്പുള്ള ഒരു ഗോപുരത്തിനകത്ത്, അകത്തുനിന്നു മാത്രം തുറക്കാൻ കഴിയുന്ന വാതിലുകളുള്ള തടവറയിലാണ് ഈ തടവുകാരെ പാർപ്പിച്ചിരുന്നത്. ഇവരെ സ്വതന്ത്രരാക്കുവാനായി രാജാവ് തന്റെ മകനെ അയച്ചുയ അദ്ദേഹം കാരാഗൃഹ പ്രമാണിയെ ബന്ധനസ്ഥനാക്കിയശേഷം, താക്കോൽ തടവുകാരുടെ അടുത്തേക്ക് എറിഞ്ഞുകൊടുത്തു.

**ഈ സ്നേഹിതർ** താക്കോലിനെ നോക്കി, അതുകൊണ്ട് എന്തുചെയ്യണം എന്ന് ചർച്ച ചെയ്യുവാൻ തുടങ്ങി. സമയം പരിമിതമാകയാൽ, എത്രയും പെട്ടെന്ന് വാതിൽ തുറന്നു പുറത്തുവരുവാൻ രാജാവിന്റെ മകൻ അവരെ നിർബന്ധിച്ചു. എന്നാൽ കതകു തുറക്കുന്നതിനു പകരം, അവർ ഓരോരുത്തരോടും പരസ്പരം അഭിപ്രായം ചോദിച്ചുകൊണ്ടേയിരുന്നു. ചിലർ പറഞ്ഞു, ആ താക്കോലിന്റെ ഒരു ഭാഗം മുറിച്ചുമാറ്റി ഭിത്തിയിലേക്ക് എറിയണം എന്ന്. മറ്റു ചിലർ പറഞ്ഞു, ഇത് താക്കോലേ അല്ല എന്ന്. മാത്രവുമല്ല, അവർക്ക് ഈ താക്കോൽ എന്തിനാണ്? അവർ ആ താക്കോലിനോട് മറ്റ് ഭാഗങ്ങൾ കൂട്ടിച്ചേർക്കുവാനും ശ്രമിച്ചു. അവസാനം അതുപയോഗിച്ച് പൂട്ടു തുറക്കാൻ ശ്രമിച്ചെങ്കിലും അവർ പരാജയപ്പെട്ടു. ലജ്ജിതരായ അവർ രാജകുമാരനെ പരിഹസിക്കുവാനും തുടങ്ങി. രാജകുമാരൻ അങ്ങനെ ഒരു താക്കോൽ തന്നിട്ടേയില്ലെന്നും അവർ പറഞ്ഞു. തടവിലാക്കപ്പെട്ട സ്നേഹിതർ തങ്ങളെ മോചിപ്പിക്കുവാൻ വന്നവനെ വിശ്വസിച്ചിരുന്നെങ്കിൽ, അവർ സ്വതന്ത്രരായേനേ!

**ഉപസംഹാരം:** ഈ കഥ വരച്ചുകാട്ടുന്നത്, ദൈവത്തെക്കുറിച്ചുള്ള സത്യം (യേശുക്രിസ്തുവിന്റെ സുവിശേഷം) കേൾക്കുന്ന പലരും അതിനെ ദുരുപയോഗപ്പെടുത്തുകയും തിരിച്ചറിയാനാവാത്ത വിധം അതിനെ വളച്ചൊടിക്കുകയുമാണ്. ദൈവം തന്റെ പുത്രനായ യേശുവിനെ അയച്ചത് സകലരെയും വിടുവിക്കുവാനാണ്. എന്നാൽ ഈ താക്കോൽ അതേപടി നാം ഉപയോഗിച്ചില്ലായെങ്കിൽ അത് പ്രയോജനരഹിതമാണ്, ജനങ്ങൾ വിടുവിക്കപ്പെടാതെ നിത്യതയോളം തടവറയിലകപ്പെടും.

# 8. യേശുകർത്താവിന്റെ കൂടുതൽ ഉപമകൾ

ഇത് സാന്ദർഭികമായി മാത്രം ഉപയോഗിക്കുക. നിർദ്ദേശിക്കപ്പെട്ടിട്ടുള്ള ഉപമകൾ:

## ഗർവ്വിയായ മനുഷ്യനും അനുതാപിയായ മനുഷ്യനും(ലൂക്കോസ് 18:9–14 മായി താരതമ്യം ചെയ്യുക).

**രണ്ടു പുരുഷന്മാർ പ്രാർത്ഥിക്കുവാനായി** മുസ്ലീം പള്ളിയിൽ കടന്നുപോയി. ഒരുവൻ തന്റെ മതപരമായ എല്ലാ നല്ല കാര്യങ്ങളെയും കുറിച്ച് ഗ്രാഹ്യമുള്ളവനായിരുന്നു. തന്റ് അറബിഭാഷ വളരെ ശ്രേഷ്ടവും, സലാത്തിൽ (നിസ്ക്കാര ക്രമം) താൻ നല്ല വാക്കുകൾ ഉപയോഗിക്കുന്നവനുമായിരുന്നു. താൻ വളരെ ആത്മവിശ്വാസത്തോടെ പള്ളിയിൽപോയി വ്യക്തമായി പ്രാർത്ഥിക്കുമായിരുന്നു – എന്നാൽ തന്റെ ചിന്തകൾ അടുത്തുണ്ടായിരുന്ന സുന്ദരിയായ ഒരു പെൺകുട്ടിയെക്കുറിച്ചായിരുന്നു.

**രണ്ടാമൻ പാപിയും** തെറ്റായജീവിതം നയിച്ചവനും വളരെ നാളുകളായി നിസ്ക്കരിക്കാത്തവനും ആയിരുന്നു. സലാത്ത് എങ്ങനെ ചെയ്യണമെന്നുപോലും മറന്നുപോയ അദ്ദേഹം നാണിച്ചാണ് പള്ളിയിലേക്ക് കടന്നുവന്നത്. താൻ വലിയ ഒരു തൂണിനുമറഞ്ഞുനിന്നുകൊണ്ട് ഇപ്രകാരം പ്രാർത്ഥിച്ചു. “ദൈവമേ, എന്നോട് ക്ഷമിക്കണമേ. ഞാൻ എന്റെ ജീവിതമാകെ കുഴച്ചുമറിച്ചു. എന്നാൽ ഇപ്പോൾ അങ്ങയെ ഞാൻ പിൻതുടരുവാനും സേവിക്കുവാനും ആഗ്രഹിക്കുന്നു.

**ഉപസംഹാരം** : ആരുടെ ധ്യാനമാണ് ദൈവത്തിനു കൂടുതൽ പ്രസാദകരം? പുറമേയുള്ള ആചാരങ്ങളേക്കാൾ ദൈവം നോക്കുന്നത് ഹൃദയത്തേയും ഹൃദയനിരൂപണങ്ങളുമാണ്.

## സ്തോത്രകാഴ്ച

(ലൂക്കോസ് 21:1–4)

രണ്ട് മുസ്ലീം പുരുഷന്മാർ സക്കാത്ത് (ദാന ധർമ്മം) നൽകുന്നതിനായി പോയി. ഒരുവൻ ധനികനായിരുന്നു, അയാൾ വലിയൊരു തുക നൽകി. മറ്റേ വ്യക്തി ദിരദ്രനായിരുന്നു, എങ്കിലും തനിക്കുള്ളതെല്ലാം ദൈവത്തിനു കൊടുക്കുവാനുള്ള ആഗ്രഹത്താൽ തന്റെ നിക്ഷേപം മുഴുവനും സമർപ്പിച്ചു!

**ഉപസംഹാരം :** ആരാണ് ദൈവത്തിനു കൂടുതൽ നൽകിയത്? ധനവാനോ അതോ ദരിദ്രനോ? ദൈവത്തിന്റെ ദൃഷ്ടിയിൽ ദരിദ്രനാണ് ധനവാനേക്കാൾ കൂടുതൽ നൽകിയത്, കാരണം അവൻ തനിക്കുള്ളതൊക്കെയും നൽകി. ധനവാൻ തന്റെ സമ്പത്തിന്റെ ചെറിയൊരു ഭാഗം മാത്രമാണ് നൽകിയത്.

## മറ്റ് ഉപമകളും അവയുടെ തിരുവചന വാക്യങ്ങളും

| | |
|---|---|
| യഥാർത്ഥ ദൂഷണം | മർ. 7:1–23 |
| വിതക്കാരനും വിത്തും | ലൂക്കോ. 8:5–8; 11–15; മത്താ.13:1–23 |
| ബുദ്ധിമാനും ബുദ്ധിഹീനനുമായ കെട്ടിടം പണിക്കാർ | ലൂക്കോ.6:46–49 |
| നല്ല അയൽക്കാരൻ | ലൂക്കോ 10:25–27 |
| ധനവാനായ ഭോഷൻ (അത്യാഗ്രഹം) | ലൂക്കോ11:13–21 |
| കാണാതെ പോയ ആട് | ലൂക്കോ 15:1–7 |
| കാണാതെ പോയ ദ്രഹ്മ | ലൂക്കോ 15:8–10 |
| ഫലമില്ലാത്തവൃക്ഷം | ലൂക്കോ 13:6–9 |
| ഉപവാസം | മത്താ.6:16–18 |
| ക്ഷമിക്കാത്ത ദാസൻ | മത്താ.18:21–35 |
| പത്ത് കന്യകമാർ | മത്താ.25:1–13 |
| വലിയ വിരുന്ന് | ലൂക്കോ.14:15–24 |
| വിവാഹ വസ്ത്രം | മത്താ.22:1–14 |
| ദുഷ്ടരായ കുടിയാന്മാർ | മത്താ.21:33–41 |
| മീൻപിടിക്കുന്ന വല | മത്താ. 13:47–50 |
| വസ്തു ഉടമ | മത്താ.20:1–16 |
| ഗോതമ്പും കളയും, രാജാവിന്റെ ന്യായവിധി | മത്താ.13:24–30, 36–43 |
| ധനവാനും ലാസറും | ലൂക്കോ.16:19–31 |
| ന്യായവിധി : ചെമ്മരിയാടും കോലാടും | മത്താ.25:31–46 |

# 9. വിവി ധ ങ്ങ ളാ യ വിഷയങ്ങൾ

## പ്രധാനപ്പെട്ട കത്ത്

**യൂസഫിന്** രണ്ടുവയസ്സുള്ളപ്പോൾ അവന്റെ മാതാപിതാക്കൾ ഒരു അപകടത്തിൽപ്പെട്ടു മരിച്ചു. ധാരാളം വസ്തുവകകൾ അവന് ഓഹരിയായി ബാക്കിവെച്ചിട്ടാണ് അവർ മാറ്റപ്പെട്ടത്. അവന്റെ അമ്മാവനായ ഹസ്സൻ ആയിരുന്നു അവന്റെ രക്ഷകർത്താവ്. എന്നാൽ ഹസ്സൻ ദുഷ്ടനായിരുന്നു. അയാൾ യൂസഫിനെ ദൂരെയുള്ള ഒരു ബന്ധുവിന്റെ അടുത്തേക്ക് പറഞ്ഞയച്ചിട്ട്, യൂസഫ് മരിച്ചു പോയി എന്ന വാർത്ത പ്രചരിപ്പിച്ചു. അയാൾ ആ വസ്തു വിറ്റിട്ട് പണം മുഴുവനും തനിക്കായി ചെലവിട്ടു. താൻ ഒരു ദരിദ്രനായ അനാഥബാലനാണ് എന്ന ധാരണയിൽ വളർന്നുവന്ന യൂസഫ് വിദ്യാഭ്യാസം ലഭിക്കാതെ വയലുകളിലും മറ്റും കഠിനവേല ചെയ്യുവാൻ നിർബന്ധിതനായി. അവന് ശരിക്ക് എഴുത്തോ വായനയോ പോലും വശമില്ലായിരുന്നു.

**എന്നിരുന്നാലും,** ഒരു ദിവസം ജിജ്ഞാസാഭരിതമായ ഒരു കത്ത് യൂസഫിന്റെ മറ്റൊരു അമ്മാവനായ ഒമറിൽ നിന്നും അവനു ലഭിക്കുവാനിടയായി. എങ്ങനെയാണ് ഹസ്സൻ തന്റെ സ്വത്തുക്കൾ കൈക്കലാക്കിയത് എന്ന സങ്കടകരമായ കഥകളും അതിൽ എഴുതിയിരുന്നു. ഒമർ അമ്മാവന് യൂസഫിനോട് സഹതാപം തോന്നുകയും ഈ കാര്യങ്ങൾ പരിഹരിക്കപ്പെടുവാൻ ആഗ്രഹിക്കുകയും ചെയ്തു. താൻ കുറെക്കാലം കഠിനാദ്ധ്വാനം ചെയ്തതിന്റെ ഫലമായി, യൂസഫിന്റെ വസ്തുവകകൾ വിലക്കുവാങ്ങി അത് യൂസഫിനു നൽകി. ഇനി യൂസഫ് എന്താണ് ചെയ്യേണ്ടത്? അതിശയമെന്നു പറയട്ടെ ഈ കത്തിലെ കാര്യങ്ങൾ യഥാർത്ഥമാണെന്ന് യൂസഫിന് ഉറപ്പില്ലായിരുന്നു. താൻ ഇക്കാര്യം തന്റെ യജമാനനോടും മറ്റ് മുതിർന്നവരോടും പങ്കുവച്ചു. എന്നാൽ അവർ അവനെ പിന്തിരിപ്പിക്കുവാൻ ശ്രമിച്ചു. അവൻ അത്രയും ദൂരം യാത്രചെയ്ത് അവിടെ എത്തുമ്പോൾ കബളിപ്പിക്കപ്പെടുകയാണെങ്കിലോ? യൂസഫിനും സംശയമായി. അവസാനം, തന്റെ യജമാനന്റെ ഇഷ്ടത്തിനു വിരോധമായി, താൻ ആ കത്തുമായി പുറപ്പെട്ടു. അതിൽ മാർഗ്ഗനിർദ്ദേശങ്ങളും ഉണ്ടായിരുന്നു. ഓരോ പ്രാവശ്യവും അവൻ ആ കത്തു വായിക്കുമ്പോഴും അവൻ പ്രതീക്ഷയാലും ആത്മവിശ്വാസത്താലും നിറഞ്ഞു.

**യാത്രയിൽ,** അവൻ നേരെ പോയത് ന്യായാധിപന്റെ അടുത്താണ്. ഈ കത്ത് യഥാർത്ഥമാണെന്നും അവൻ വലിയൊരു സ്വത്തിന്റെ ഉടമയായ ധനികനാണെനനും അദ്ദേഹം ഉറപ്പു പറഞ്ഞു. യൂസഫിന്റെ സന്തോഷം എത്രമാത്രമാണെന്ന് പറഞ്ഞറിയിക്കുവാൻ വയ്യാ! അവൻ ആ വസ്തുവകകളെ മാതൃകയായി സംരക്ഷിക്കാമെന്ന് ഉറപ്പുകൊടുക്കുകയും അമ്മാവനായ ഒമറിനെ നന്ദി അറിയിക്കുവാനായി കാത്തിരിക്കുകയും ചെയ്തു.

**ഉപസംഹാരം:** ബൈബിളിലെ സന്ദേശവുമായി ഈ കഥയെ ഉപമിക്കാം. ദൈവം നമുക്കു വേണ്ടി കരുതിയിരിക്കുന്നതിനെപ്പറ്റി അത് പറയുന്നു, എന്നാൽ ശത്രുവായ സാത്താൻ നമ്മെ അതിൽ നിന്നു വ്യതിചലിപ്പിക്കുവാൻ ശ്രമിക്കും. നിങ്ങളുടെ തീരുമാനം എന്തായിരിക്കും? ആരെയാണ് നിങ്ങൾ വിശ്വസിക്കുക?

# പുത്രനേയും അവന്റെ ദാനത്തേയും തിരസ്ക്ക രിക്കുന്നത്

ചെറിയ ഒരു കടയിലെ തുച്ഛമായ വരുമാന ത്തിൽ കഷ്ടിച്ച് തന്റെ കുടുംബം പുലർത്തി യിരുന്ന **ഒരു പാവപ്പെട്ടവനായിരുന്നു അലി**. ദൂരെ ഒരു രാജ്യത്ത് നല്ലജോലി ലഭിക്കു മെന്ന് കേട്ട അലി, തന്റെ സ്വത്തുക്കൾ വിറ്റു. തന്റെ കുടുംബത്തിന് ആവശ്യമായതു നൽകിയശേഷം, ബാക്കി തുകയുമായി അലി പുറപ്പെട്ടു. ഇടത്തരം താമസസ്ഥലം, ജോലി ഇവ അന്വേഷിച്ചു നടന്നെങ്കിലും ഒന്നും കണ്ടെത്തിയില്ല. വേഗത്തിൽ തന്റെ പണം കുറയുവാൻ തുടങ്ങി. മാസാവസാനം വീട്ടുടമ വാടക വാങ്ങുവാനായി വന്നപ്പോൾ അലി കുറച്ചു സാവകാശം ചോദിച്ചു. വീട്ടു ടമ ദയാലുവായതിനാൽ അതു സമ്മതിച്ചു.

രണ്ടാം മാസത്തിന്റെ അവസാനവും അലിക്ക് ജോലി ലഭിച്ചില്ല. വീട്ടുടമ വാടക യ്ക്കായി വന്നു. “താങ്കൾ ദയാലുവായ വ്യക്തിയാണെന്ന് ഞാൻ കേട്ടിട്ടുണ്ട്.” അലി കേണപേക്ഷിച്ചു “താങ്കൾക്ക് കഴിഞ്ഞ രണ്ടു മാസത്തെ കുടിശ്ശിക എഴുതിത്തള്ളാൻ പറ്റുമോ?” “ഞാൻ ദയാലുവാണെന്നതു ശരി യാണ്. പക്ഷേ ഞാൻ നീതിമാനും ആണ്. നീ കടംവീട്ടേണ്ടതാണ്. ഒരു മാസത്തെ സാവകാശംകൂടി ഞാൻ നിനക്കു നല്കാം.” വീട്ടുടമ പറഞ്ഞു.

**അലി** വീണ്ടും ജോലി അന്വേഷിച്ചു. പാവ പ്പെട്ട തന്റെ സ്നേഹിതരിൽ നിന്നും അവനു കടം വാങ്ങുവാനും കഴിഞ്ഞില്ല. ഒരു ദിവസം രാത്രി തന്റെ കതകിൽ ഒരു മുട്ടു കേട്ടു. അത് വീട്ടുടമയുടെ മകൻ ആയിരുന്നു. അലി അവനെ പറഞ്ഞുവിടാൻ ശ്രമിച്ചു. എന്നാൽ ആ മകൻ ഇപ്രകാരം പറഞ്ഞു. “ഞാനും എന്റെ പിതാവും നിങ്ങളുടെ ദുരിതം കാണുന്നുണ്ട്. ഞാൻ താങ്കളെ സഹായിക്കുവാൻ വന്നതാണ്. എന്റെ സ്വത്തിന്റെ ഒരു ഭാഗം വിൽക്കുവാൻ എന്റെ പിതാവ് എന്നെ പ്രേരിപ്പിച്ചു. ഈ പണം എടുത്ത് താങ്കളുടെ കടം വീട്ടുക. എന്റെ പിതാവ് നാളെ വരു മ്പോൾ ഈ പണം നൽകുക.”

എന്നാൽ അതിശയമെന്നു പറയട്ടെ നന്ദി പ്രകാശിപ്പിക്കുന്നതിന് പകരം, അലി അഹങ്കാര ത്തോടെ ആ ദാനം തിരസ്ക്കരിച്ചു. വീട്ടുടയവന്റെ മകൻ ഹൃദയവേദനയോടെ പോയി. പിറ്റേന്ന് വീട്ടു ടമ വന്നപ്പോൾ അലി അദ്ദേഹത്തിന്റെ കാല്ക്കൽ വീണു കേണപേക്ഷിച്ചു. “ഇന്നലെ രാത്രി ഞാൻ കരുണയും ക്ഷമയും എന്റെ മകന്റെ രൂപത്തിൽ നിങ്ങളുടെ അടുത്ത് പറഞ്ഞയച്ചു. എന്നാൽ നിങ്ങൾ അതു രണ്ടും സ്വീകരിച്ചില്ല. നിന്റെ അവ സരം നഷ്ടമായി. ഇനി നിങ്ങളോട് ദയകാണിപ്പാൻ എനിക്കു കഴിയില്ല.” നിരാശനായ വീട്ടുടമ ഇപ്ര കാരം പറഞ്ഞു. അലിയെ ഉടൻതന്നെ തെരുവിലി റക്കി ആ വാതിൽ അടയ്ക്കപ്പെട്ടു. ജോലി ഒന്നും ലഭിക്കാഞ്ഞ അയാൾ അടുത്തുതന്നെ മരണമട ഞ്ഞു.

**ഉപസംഹാരം:** ഈ കഥ വ്യക്തമാക്കുന്നത്, അഹങ്കാരംമൂലം എത്രയോ ജനങ്ങൾ ദൈവത്തിന്റെ ദാനത്തെ തിരസ്ക്കരിക്കുന്നു എന്നതാണ്. മശിഹാ ആയ യേശുക്രിസ്തുമുഖാന്തരമുള്ള പാപക്ഷമ അവർ തിരസ്ക്കരിക്കുന്നു. വീട്ടുടമ തന്റെ മകനെ അലിയുടെ അടുത്ത് പറഞ്ഞുവിട്ടതുപോലെ, ദൈവം തന്റെ ആത്മീകപുത്രനായ യേശുവിനെ നമുക്കായി അയച്ചു. ദൈവം നമ്മെ സ്നേഹിക്കുന്നു എന്നും നമ്മെ സ്വതന്ത്രരാക്കുവാൻ ആഗ്രഹിക്കുന്നു എന്നും അതു കാണിക്കുന്നു. നമ്മുടെ രീതിയല്ല, മറിച്ച്, ദൈവത്തിന്റേതായ രീതിയിലുള്ള പാപക്ഷമയെ നാം സ്വീകരിക്കണം. ദൈവം ദയാലുവാണ്, അതേ സമയം നീതിമാനും ആണ്. ആയതിനാൽ ശിക്ഷ നടപ്പാക്കേണ്ടതുണ്ട്. നമ്മുടെ അതിക്രമങ്ങൾക്ക് മറുവില നൽകുന്നതിനായിട്ടാണ് ദൈവം തന്റെ പരിപൂർണ്ണനായ പുത്രനെ അയച്ചത്. നിങ്ങൾ ദൈവ ഹിതപ്രകാരമുള്ള രീതിയിലുള്ള പാപക്ഷമയെ സ്വീകരിക്കുമോ?

# യഥാർത്ഥ മഹത്വം

മുസ്ലീങ്ങളുടെയിടയിൽ എക്കാലത്തും ആദരിക്കപ്പെട്ട രണ്ടു നേതാക്കളായ കലീഫ ഒമറും സലാഹ് – അദ്–ദിനും (സലാവുദീൻ) നമുക്കുണ്ടായിരുന്നു എന്നു **സങ്കല്പിക്കുക**. ഈ രണ്ടു സമുന്നതരായ നേതാക്കളും പെൺകുട്ടികൾ കളിക്കുന്ന ചെറിയ പാവക്കുട്ടികളോടൊപ്പം കളിക്കുന്നു എന്ന് ആരെങ്കിലും പറഞ്ഞെന്നിരിക്കട്ടെ. പ്രാഥമികമായി, ഏതു മഹദ് മുസ്ലീങ്ങളും പറയുമായിരിക്കാം, "ഒരിക്കലുമില്ല, ഒമറിനെപ്പോലെയും സലാവുദീനെപ്പോലെയുമുള്ളവർ കൊച്ചുപെൺകുട്ടികളുടെ കളിപ്പാട്ടങ്ങളുമായി കളിക്കുകയില്ല. മഹാൻമാരായ മുസ്ലീങ്ങൾ ഒരിക്കലും അപ്രകാരം ചെയ്യുകയില്ല. ഒമറിനും സലാഹുദ്ദീനും ചേർന്നതല്ല അത്തരം കാര്യങ്ങൾ" എന്ന്.

**പ്രാരംഭത്തിൽ,** ഇത് ശരിയാണെന്നു തോന്നാം. എന്നാൽ കഥയുടെ ചുരുളഴിക്കുമ്പോൾ, ഒമറിനും സലാവുദ്ദീനും മൂന്നു കൊച്ചുപെൺമക്കൾ ഉണ്ടെന്നും, അവർക്ക് തങ്ങളുടെ പിതാവിനോടൊത്ത് പാവക്കുട്ടികളെ കളിപ്പിക്കുന്നത് ഇഷ്ടമാണെന്നും അറിയുമ്പോഴോ? തന്റെ പെൺമക്കളോടുള്ള സ്നേഹക്കൂടുതൽ മൂലം, ഒരു പിതാവ് പതിവായി ഇപ്രകാരം ചെയ്യുകയാണെങ്കിലോ? അദ്ദേഹം ഇതു ചെയ്തതുമൂലം താൻ ഒരു നല്ല മനുഷ്യനും നല്ല നേതാവും ആവുകയാണോ? അതോ തന്റെ മഹത്വം തുച്ഛീകരിക്കപ്പെടുമോ? തീർച്ചയായും അദ്ദേഹം ഒരു നല്ല വ്യക്തിയായിരിക്കും.

**ഇപ്പോൾ** സലാവുദ്ദീൻ തന്റെ പെൺമക്കളോടൊപ്പം കളിക്കുകയും, അതേസമയം ഒമർ തന്റെ പെൺമക്കളോടൊപ്പം കളിക്കാൻ വിസമ്മിതിക്കുകയും ചെയ്താലോ? ഏതു നേതാവായിരിക്കും കൂടുതൽ സമ്മതൻ? വ്യക്തിപരമായി പറഞ്ഞാൽ സലാഹുദ്ദീൻ ആയിരിക്കും നല്ല പിതാവും, നല്ല മനുഷ്യനും, ആരാധ്യനായ നേതാവും. യഥാർത്ഥ മഹത്വം മറച്ചുവയ്ക്കേണ്ടതില്ല. അത് സ്വയം വെളിവാക്കുന്നതും സംരക്ഷണം ആവശ്യമില്ലാത്തതും ആണ്.

**ഉപസംഹാരം** : ഇസ്ലാം എപ്പോഴും അവകാശപ്പെടുന്നത്, ദൈവം ഒരിക്കലും മനുഷ്യനാകയില്ല എന്നാണ് "ദൈവത്തിനു പുത്രൻ ഉണ്ടാകുന്നതെങ്ങനെ! അത് നന്നല്ല. എന്നാൽ ദൈവത്തെ വലിയവനാക്കാൻ ശ്രമിക്കുന്നതിൽ, അവൻ അകന്നു പോവുകയാണ്, ഈ കഥയിലെ ഒമറിനെപ്പോലെ ദൈവത്തെക്കുറിച്ചുള്ള ക്രിസ്തീയകാഴ്ചപ്പാട് സലാവുദ്ദീന്റേതുപോലെയാണ്, സ്നേഹവാനായ പിതാവിനെപ്പോലെ ദൈവം നല്ലവനാകയാൽ, അവൻ നമുക്കായി അവനെ പങ്കുവയ്ക്കുവാൻ ആഗ്രഹിക്കുന്നു, അവനെ വെളിപ്പെടുത്തുവാനും ആഗ്രഹിക്കുന്നു, "ഞാൻതന്നെ വഴിയും സത്യവും ജീവനും ആകുന്നു ഞാൻ മുഖാന്തരമല്ലാതെ ആരും പിതാവിന്റെ അടുക്കൽ എത്തുന്നില്ല. നിങ്ങൾ എന്നെ അറിഞ്ഞു എങ്കിൽ എന്റെ പിതാവിനെയും അറിയുമായിരുന്നു; ഇന്നു മുതൽ നിങ്ങൾ അവനെ അറിയുന്നു, അവനെ കണ്ടുമിരിക്കുന്നു" എന്നുപറഞ്ഞതിലൂടെ, യേശുപിതാവിനെ നമുക്കു വെളിപ്പെടുത്തി. (യോഹന്നാൻ 14:6–7).

# ഉപവാസം – വീണ്ടെടുപ്പിന്റെ സാധർമ്മ്യം – ഭാര്യയും റംസാനും

റംസാനിലെ ഉപവാസത്തെക്കുറിച്ചു പുകഴ്ത്തിക്കൊണ്ടിരുന്ന ഒരു മുസ്ലീമിനോടു പറഞ്ഞകഥയാണ് താഴെ കൊടുത്തിരിക്കുന്നത്.

ഒരിക്കൽ വിവാഹനിശ്ചയം ചെയ്ത ഒരു മനുഷ്യൻ ഉണ്ടായിരുന്നു. താനുമായി വിവാഹനിശ്ചയം ചെയ്ത യുവതി ഇപ്രകാരം പറഞ്ഞു; “നമുക്ക് ഒരു കാര്യം വ്യക്തമാക്കാം. എല്ലാ വർഷവും ഒരു മാസം ഞാൻ ഒരു ഉത്തമ ഭാര്യയായിരിക്കാം. ഞാൻ താങ്കൾക്ക് നല്ല ഭക്ഷണം ഉണ്ടാക്കിതരാം, വസ്ത്രങ്ങൾ കഴുകാം, പാത്രങ്ങൾ കഴുകാം, വീട്ടിൽ നിന്നു പുറത്തുപോവുകയോ, അന്യ പുരുഷനേ നോക്കുകപോലുമോ ചെയ്യില്ല. എന്നാൽ, ബാക്കി 11 മാസവും ഞാൻ എനിക്കിഷ്ടമുള്ളത് ചെയ്യും. ഞാൻ ഭക്ഷണം പാകം ചെയ്യുകയോ, വൃത്തിയാക്കുകയോ ഒന്നും ചെയ്യില്ല. എനിക്ക് എന്റെ കൂട്ടുകാരോടൊപ്പമോ, അല്ലെങ്കിൽ മറ്റൊരു പുരുഷനോടൊപ്പമോ പുറത്തുപോകണമെന്നു തോന്നിയാൽ ഞാൻ അതു ചെയ്യും.” ഇങ്ങനെ പറയുന്ന ഒരു യുവതിയെക്കുറിച്ച് താങ്കൾ എന്തു പറയുന്നു എന്ന് മുസ്ലീമിനോട് ചോദിച്ചു. “അവളുടെ കഴുത്ത് അറുക്കണം” എന്ന് ദയയില്ലാതെ അയാൾ പറഞ്ഞു.

**ഉപസംഹാരം** : ഇതാണ് മിക്കവരും ദൈവത്തോട് ചെയ്യുന്നത്! അവർ അവനോടു പറയും, “റംസാനു മുൻപും റംസാൻ സമയത്തും ഞാൻ അങ്ങേയ്ക്കുവേണ്ടി എന്തും ചെയ്യാം. എന്നാൽ വർഷം മുഴുവനും അപ്രകാരം ഞാൻ ചെയ്യുമെന്ന് പ്രതീക്ഷിക്കരുത്.” ഇങ്ങനെ ജീവിക്കുന്നവരോട് ദൈവം എന്തു ചെയ്യുമെന്നാണ് നിങ്ങൾ വിചാരിക്കുന്നത്?

# നിത്യതയെക്കുറിച്ചുള്ള പ്രത്യാശ പങ്കുവയ്ക്കുന്നതിനായുള്ള കരുണാർദ്രമായ മാർഗ്ഗം.

വേദപുസ്തക സത്യങ്ങളെ പുറത്തുകൊണ്ടുവരുന്നതിനായി **വ്യത്യസ്തങ്ങളായ പല സമീപനങ്ങളുമുണ്ട്**. ആത്മീക സത്യങ്ങളെ തിരിച്ചറിയുന്നതിനായി ഓരോ ക്രിസ്ത്യാനിക്കും തിരുവചനത്തിലെ കഥകളും ഉദാഹരണങ്ങളും പരിശോധിക്കാവുന്നതാണ്. തീർച്ചയായും, പ്രാർത്ഥനയും പരിശുദ്ധാത്മാവിന്റെ സഹായവും ഈ തിരുവചനസത്യങ്ങൾ കഥയുടെ രൂപത്തിലും മറ്റും മുസ്ലീങ്ങളെ മനസ്സിലാക്കിക്കുന്നതിന് അത്യന്താപേക്ഷിതമാണ്. ഡേവ് ഫോസ്റ്റർ പറഞ്ഞിരിക്കുന്ന, താഴെ കൊടുത്തിരിക്കുന്ന ഉദാഹരണം, നിങ്ങളേയും നിങ്ങളുടെ ചിന്തകളേയും ഇതുപോലെയുള്ള കഥകൾ ബൈബിളിനെ ആസ്പദമാക്കി എഴുതുവാനായി ഉദ്ദീപിപ്പിക്കട്ടെ.

**പ്രാരംഭം** യേശു ക്രിസ്തുവിന്റെ പ്രഖ്യാപനങ്ങളെക്കുറിച്ചു ചിന്തിക്കുവാൻ ഈ ഹൃദയശോധനാപ്രേരിതമായ ചോദ്യം സഹായിക്കും. “നിങ്ങൾ മരിച്ച് ദൈവമുൻപാകെ നിൽക്കുകയാണെന്ന് സങ്കൽപ്പിക്കു. എന്തിനായിരിക്കണം ഞാൻ നിങ്ങളെ സ്വർഗ്ഗത്തിൽ പ്രവേശിപ്പിച്ചിരിക്കുന്നത് എന്ന് ദൈവം നിങ്ങളോടു ചോദിക്കുകയാണെങ്കിൽ എന്തു മറുപടി നൽകും? ഇത് നല്ലൊരു ചോദ്യമാണെങ്കിൽ തന്നെയും പലപ്പോഴും ഇത് പ്രായോഗികമാകണമെന്നില്ല. നിത്യതയെക്കുറിച്ച് ചർച്ചചെയ്യുവാൻ കുറച്ചുകൂടി മൃദുവായ സമീപനം ആവശ്യമായി വന്നേക്കാം. വിശേഷിച്ചും ക്രിസ്തീയ സാക്ഷ്യങ്ങളാൽ മുസ്ലീങ്ങൾ പ്രതിരോധിക്കപ്പെടുമ്പോൾ.

സഭാപ്രസംഗി 3:1, 2, 11 ഞാൻ നിർദ്ദേശിക്കുന്നു. “എല്ലാറ്റിനും ഒരു സമയമുണ്ട്. ആകാശത്തിൻകീഴുള്ള സകല കാര്യത്തിനും ഒരു കാലം ഉണ്ട്. ജനിപ്പാൻ ഒരു കാലം, മരിപ്പാൻ ഒരു കാലം... അവൻ സകലവും അതതിന്റെ സമയത്തു ഭംഗിയായി ചെയ്തു നിത്യതയും മനുഷ്യരുടെ ഹൃദയത്തിൽ വച്ചിരിക്കുന്നു; എങ്കിലും ദൈവം ആദിയോടന്തം ചെയ്യുന്ന പ്രവൃത്തിയെ ഗ്രഹിപ്പാൻ അവർക്കു കഴിവില്ല”!! ശലോമോന്റെ ഈ ജ്ഞാനവചനങ്ങൾ നിത്യതയെക്കുറിച്ചു സംസാരിക്കുവാനുള്ള ഒരു തുടക്കമായി ഉപയോഗിക്കാം. കല്ലറയ്ക്കപ്പുറമായുള്ള ഒരു ജീവിതത്തിനായുള്ള നമ്മുടെ നൈസർഗ്ഗീകമായ കാഴ്ചപ്പാടിലേക്ക് ജനങ്ങൾക്ക് ഒരു സൂചനകൊടുക്കുവാൻ ഈ വാക്യങ്ങളെ ഞാൻ ഉപയോഗിക്കാറുണ്ട്. മിക്ക സംസ്ക്കാരങ്ങളിലും മതവിശ്വാസങ്ങളിലും അവ്യക്തമായ പ്രതീക്ഷകൾ മാത്രമാണ് മരണാനന്തരജീവിതത്തെക്കുറിച്ചുള്ളത്. ഈ പ്രത്യാശ എത്രമാത്രം അനിശ്ചിതവും തന്ത്രത്തിൽ ഒഴിഞ്ഞുമാറുന്നതുമാണെന്ന് 11–ാം വാക്യം വ്യക്തമാക്കുന്നു. എങ്കിലും ദൈവം ആദിയോടന്തം ചെയ്യുന്ന പ്രവൃത്തിയെ ഗ്രഹിപ്പാൻ അവർക്കു കഴിവില്ല.”

സഭാപ്രസംഗി 7:1 **നമുക്ക് നോക്കാം.** "നല്ല പേർ സുഗന്ധതൈലത്തേക്കാളും മരണദിവസം ജനന ദിവസത്തേക്കാളും ഉത്തമം.'' മാത്രവുമല്ല "ഉത്തമം" എന്ന വാക്ക് നിത്യതയെക്കുറിക്കുന്നതാണ്. അത് സഭാ.3:11 ൽ സൂചിപ്പിച്ചിട്ടുണ്ട്. വീണ്ടും 7:1 ലും ഇത് കാണാം. ഒരു ഗൂഢാർത്ഥമായ കടങ്കഥയിലൂടെ തന്ത്രപരമായി പിടികൊടുക്കാതിരിക്കുന്നത് നമുക്കിവിടെ കാണാൻ കഴിയും. സദ്കീർത്തിയും, സുഗന്ധവും, മരണവും, ജീവനും തമ്മിൽ ഉള്ള പരസ്പരബന്ധം മനസ്സിലാക്കുക ബുദ്ധിമുട്ടാണ്.

സദൃശ വാക്യങ്ങൾ 1:5,6 ൽ **ശലോമോൻ പറയുന്നു,** താൻ എന്തുകൊണ്ടാണ് കടങ്കഥകൾ മെനഞ്ഞതെന്ന്, "ജ്ഞാനി കേട്ടിട്ടു വിദ്യാഭിവൃദ്ധിപ്രാപിപ്പാനും, ബുദ്ധിമാൻ സദുപദേശം സമ്പാദിപ്പാനും സദൃശവാക്യങ്ങളും അലങ്കാരവചനങ്ങളും ജ്ഞാനികളുടെ മൊഴികളും കടങ്കഥകളും മനസ്സിലാക്കുവാനും അവ ഉതകുന്നു." സത്യത്തെ മനസ്സിലാക്കുവാനായി നാം സ്വാധീനം ചെലുത്തണമെന്നതാണ് അവന്റെ ഉദ്ദേശം. അതായത്, "നിക്ഷേപങ്ങളെപ്പോലെ അതിനെ തിരയണം" (സദൃ.2:4).

തിരുവചനത്തിൽ **മറ്റു ഭാഗങ്ങളിലും** സത്യത്തെ പഠിപ്പിക്കുവാനായി കടങ്കഥകൾ ഉപയോഗിക്കുന്നു. സങ്കീർത്തനം 49–ൽ കോരഹ്പുത്രന്മാർ മരണത്തിന്റേയും ഉയർത്തെഴുന്നേൽപ്പിന്റെയും അർത്ഥം വിശദീകരിക്കുന്നതിനായി കടങ്കഥകൾ ഉപയോഗിച്ചു. യോഹന്നാൻ 4–ൽ വെള്ളം കോരുവാൻ വന്ന സ്ത്രീയോട് യേശു കടങ്കഥ പറഞ്ഞുകൊണ്ട് നിത്യതയെക്കുറിച്ചുള്ള അവളുടെ ജിജ്ഞാസയെ ഉണർത്തുന്നതുകാണാം. അപ്പോസ്തലനായ പൗലോസ് പറയുന്നത്, നമ്മുടെ വാക്കുകൾ എപ്പോഴും "കൃപയോടുകൂടിയതും ഉപ്പിനാൽ രുചി വരുത്തിയതും" ആയിരിക്കണം എന്ന് (കൊലോസ്യർ 4:4–6). "രുചി വരുത്തുക" എന്നാൽ ഉത്തേജിപ്പിക്കുന്നതും രസാവഹവും എന്നാണ്. നിത്യത എങ്ങനെ സാധ്യമാക്കാം എന്നതിനെക്കുറിച്ച് മനസ്സിലാക്കുന്നതിനായി ജനങ്ങളുടെ ജിജ്ഞാസ ഉണർത്തുന്നത് നല്ലതാണ്. സംഭാഷണം തുടങ്ങുന്നത് സങ്കീർണ്ണമായ വിഷയങ്ങളെക്കുറിച്ചു ചിന്തിക്കുവാൻ ജനങ്ങളെ ഉത്തേജിപ്പിക്കുന്നത് സംഭാഷണം തുടങ്ങുന്നതിന് നല്ല പോസിറ്റീവായ പ്രാരംഭം കുറിക്കുവാൻ സഹായിക്കും. അവരിലെ ജിജ്ഞാസ എന്ന വിശപ്പിനെ ഉണർത്തിയശേഷം, അമർത്യതയെക്കുറിച്ച് വിശദീകരിക്കുന്നത് നന്നായിരിക്കും. എന്നാൽ മധ്യവർത്തികളായ പടികളും മിക്കപ്പോഴും ആവശ്യമാണ്. സംഭാഷണങ്ങളിലൂടെ ജനങ്ങളെ കയ്യിലെടുക്കുവാൻ താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾ സഹായകമാകും.

1. 3000 വർഷങ്ങൾക്കു മുൻപ് എഴുതപ്പെട്ട വിവേക വചനങ്ങളെപ്പറ്റി നിങ്ങളുടെ അഭിപ്രായം എന്താണ്? (സഭാ.3;1,2,11; 7:1 ഇവ എഴുതിയ ചെറിയ ഒരു കാർഡ് അവർക്കു നൽകുക.)
2. ഇന്നത്തെ ആധുനിക ലോകത്ത് ഈ സദൃശ വാക്യങ്ങൾ അർത്ഥവത്താണെന്നു നിങ്ങൾ കരുതുന്നുണ്ടോ?
3. സദ്കീർത്തിയെ നല്ലൊരു സുഗന്ധലേപനവുമായി താരതമ്യം ചെയ്യുന്നതിനെപ്പറ്റി നിങ്ങളുടെ അഭിപ്രായം എന്താണ്?

**അല്പസമയത്തെ ചിന്തയ്ക്കുശേഷം**, ഒരു വ്യക്തി ഇപ്രകാരം പറഞ്ഞേക്കാം, "വിലയേറിയ സുഗന്ധലേപനം പൂശുന്നത് അല്പ സമയത്തേക്ക് മറ്റുള്ളവരിൽ മതിപ്പുളവാക്കിയേക്കാം. എന്നാൽ അത് നിലനിൽക്കയില്ല. എന്നാൽ സദ്കീർത്തി നിലനിൽക്കും" (സദൃ.10:7 മായി താരതമ്യം ചെയ്യുക).

മറ്റൊരു വിധത്തിൽ പറഞ്ഞാൽ, ചിലർ ഇപ്രകാരം പ്രതികരിച്ചേക്കാം, "നിങ്ങൾ നല്ല ജീവിതം നയിച്ചാൽ, സമാധാനമായി മരിച്ച്, നല്ല അന്ത്യം പ്രാപിക്കും. എന്നാൽ പാപത്തിൽ ജീവിക്കുന്നവർ സമാധാനത്തോടെ മരിച്ച് നല്ല അന്ത്യം പ്രാപിക്കുകയില്ല." ക്രിസ്ത്യാനികളെ സംബന്ധിച്ച്, ഈ ഉത്തരങ്ങൾ നല്ല ദിശയിലേക്കായിരിക്കാം നീങ്ങുന്നത് എങ്കിലും, മതിപ്പുളവാക്കുന്നവ ആയിരിക്കയില്ല. താല്ക്കാലികമായി സംശയത്തിന്റെ ആനുകൂല്യത്തിൽ നന്മ ചെയ്യുന്നത് പ്രധാനമാണെന്നു പറയാം. യഥാർത്ഥ നന്മയെക്കുറിച്ച് തെറ്റിദ്ധാരണകളുണ്ടെങ്കിൽ അവ തിരുത്താവുന്നതാണ്.

## സംഭാഷണം തുടരുന്നു

നിത്യതയെക്കുറിച്ചുള്ള മറ്റ് തിരുവചന ഭാഗങ്ങൾ ചർച്ച ചെയ്യുന്നതിനായി ഒരു നല്ല അന്തരീക്ഷം സജ്ജമാക്കി എടുക്കുക. സഭാ.7:1 നുശേഷമുള്ള മൂന്നു വാക്യങ്ങൾ വായിക്കുക. അത് മറ്റ് മൂന്നു വേദഭാഗങ്ങളിലേക്കും വെളിച്ചം വിതറും. മർക്കോസ് 10, സങ്കീർത്തനങ്ങൾ 79, യോഹന്നാൻ 4 ഇവ സഭാപ്രസംഗി 7:1 ലുള്ള കടങ്കഥ കണ്ടെത്തുവാൻ സഹായകമാണ്.

**മർക്കോസ് 10:17–30**

സഭാപ്രസംഗിയിലെ രണ്ടു കാര്യങ്ങൾ പ്രധാനപ്പെട്ടവയാണ്. നിത്യതയും, നന്മയും. രസാവഹം എന്നുപറയട്ടെ, ഇവ രണ്ടും യേശുവിന്റെ അടുക്കൽ വന്നു മുട്ടുകുത്തിക്കൊണ്ട് "നിത്യജീവനെ പ്രാപിക്കാൻ ഞാൻ എന്തു ചെയ്യേണം" എന്നു ചോദിച്ച ചെറുപ്പക്കാരന്റെ കഥയിൽ വ്യക്തമാക്കിയിട്ടുണ്ട് (മർക്കോസ് 10:17). മാത്രവുമല്ല അവൻ യേശുവിനെ "നല്ല ഗുരോ" എന്നും അഭിസംബോധന ചെയ്തിരിക്കുന്നു.

അവന്റെ ആത്മാർത്ഥത വിഭാഗിക്കപ്പെട്ടതായിരുന്നു. അവൻ യഥാർത്ഥത്തിൽ വലിയ ദൈവഭക്തനല്ലായിരുന്നു. പണമായിരുന്നു അവന്റെ മുഖ്യവിഷയമെന്നും ധനത്തോടുള്ള അവന്റെ ആസക്തി വ്യക്തമാക്കുന്നു (മത്തായി 6:24). വാസ്തവത്തിൽ അവൻ ഒന്നാമത്തെ കല്പന ലംഘിക്കുകയാകുന്നു. 5,6. 7, 8, 9 എന്നീ കല്പനകളെപ്പറ്റി യേശു പ്രത്യേകം എടുത്തു പറയുകയും അവന്റെ സ്വയനീതിയെക്കുറിച്ചും നന്മയെക്കുറിച്ചും ഒക്കെ അവൻ പെരുപ്പിച്ചു പറഞ്ഞു. അവൻ എന്തുകൊണ്ടാണ് യേശുവിനെ "നല്ല ഗുരോ" എന്ന് അഭിസംബോധന ചെയ്തത് എന്നത് ഒരു ചോദ്യമായി അവശേഷിക്കുന്നു. അവൻ യേശുവിനെ നല്ലവൻ എന്നു മനസ്സിലാക്കിയിരുന്നെങ്കിൽ, തീർച്ചയായും യേശു പറഞ്ഞത് അവൻ ചെയ്യുമായിരുന്നു.

## സങ്കീർത്തനം 49

നിത്യജീവനെക്കുറിച്ചുള്ള ചിന്തകൾ തന്നെയാണ് സങ്കീർത്തനം 49ലുള്ളതും. 'നിത്യജീവൻ' എന്ന വാക്ക് നാം ഇവിടെ കാണുന്നില്ല എങ്കിലും കല്ലറയ്ക്കപ്പുറത്തേക്ക് ജീവിക്കുവാനുള്ള മാനുഷിക വ്യഗ്രതയെ ഇവിടെ സൂചിപ്പിക്കുന്നു. മരണത്തിന്റെ അനിവാര്യതയെക്കുറിച്ച് ഏകദൈവവിശ്വാസചിന്താധാരയിൽ മുഴങ്ങിക്കേൾക്കുന്നു. ഈ സങ്കീർത്തനവും പ്രതീക്ഷയുണർത്തുന്നതാണ്. രണ്ട് ലളിതമായ ചോദ്യങ്ങളിലൂടെ സങ്കീർത്തനം 49 നമുക്ക് ചുരുളഴിക്കാം.

1. സങ്കീർത്തനക്കാരനെ സംഭ്രമിപ്പിക്കുന്ന കടങ്കഥ ഏതാണ്? താൻ പരിഹരിക്കുവാൻ ആഗ്രഹിക്കുന്ന വൈഷമ്യം എന്താണ്?
2. സങ്കീർത്തനക്കാരൻ ഈ കടങ്കഥ പരിഹരിക്കുന്നതെങ്ങനെ?

സങ്കീർത്തനക്കാരൻ ഇപ്രകാരം സാക്ഷീകരിക്കുന്നു. "എങ്കിലും എന്റെ പ്രാണനെ ദൈവം പാതാളത്തിന്റെ അധികാരത്തിൽ നിന്നു വീണ്ടെടുക്കും" (വാക്യം.15). മറ്റൊരു പ്രധാനപ്പെട്ട വാക്ക് അതിന്റെ അവസാനഭാഗത്തു നമുക്കു കാണാം. "മനസ്സിലാക്കുക" ധനത്തെക്കുറിച്ച് 20–ാം വാക്യത്തിൽ പറഞ്ഞിരിക്കുന്നത് ശ്രദ്ധേയമാണ്. ധനവാനായ ചെറുപ്പക്കാരൻ തന്റെ ചിന്തമുഴുവൻ ധനത്തിലേക്ക് തിരിച്ചുവിട്ടതിനാൽ യാഥാർത്ഥ്യത്തെ ഗ്രഹിക്കുവാൻ അവനു സാധിച്ചില്ല. ദൈവത്തിനുപകരം പണത്തെ പ്രതിഷ്ഠിക്കുക വഴി, അവൻ ആദ്യത്തെ ദൈവകല്പന ലംഘിക്കുകയാണെന്ന് അവൻ തിരിച്ചറിയുന്നില്ല!

## യോഹന്നാൻ 4

സഭാപ്രസംഗി 3, 4 സങ്കീർത്തനം 49 ഇവയിൽ നിത്യതയെക്കുറിച്ചുള്ള ഒരു കടങ്കഥയുണ്ട്.അതുപോലെതന്നെയാണ് യോഹന്നാൻ 4–ലും യഹൂദ സമൂഹത്തിൽ സമുന്നതനായിരുന്ന ധനികനായ ഭരണാധികാരിയെപ്പോലെയല്ല, സമൂഹം വെറുക്കപ്പെട്ട ഒരു വ്യക്തിയായിരുന്നു ശമര്യക്കാരി സ്ത്രീ. അവർ മലിനപ്പെടുത്തിയ തോറായെ തന്റെ പൂർവ്വ പിതാക്കന്മാരുടെ വിശ്വാസത്തെ പുണർന്നവളാണ് അവൾ. തന്റെ സ്വന്തം മതപരമായ സമൂഹത്തിൽപോലും, താണസ്ഥാനം മാത്രമാണ് അവൾക്കുണ്ടായിരുന്നത്. താറുമാറായ ലൈംഗികജീവിതമാണ് അവളുടേത് – അഞ്ചു വ്യത്യസ്തരായ പുരുഷന്മാരുമായി അവൾക്ക് ബന്ധമുണ്ടായിരുന്നു. ഇപ്പോൾ അവളോടൊപ്പം ജീവിക്കുന്ന പുരുഷൻ അവളുടെ ഭർത്താവല്ലായിരുന്നു (വാക്യം 17, 18). ബാഹ്യമായ ഈ വൈജാത്യങ്ങൾ ഒക്കെ ഉണ്ടായിരുന്നിട്ടും, ജീവജലത്തിനായി അവൾ ദാഹിച്ചു – നിത്യജീവൻ – മാന്യനായ യുവഭരണാധികാരി അന്വേഷിച്ച അതേ നിത്യജീവനായി ആഴമേറിയ ഒരു വാഞ്ഛ അവൾക്കും ഉണ്ടായിരുന്നു.

ഈ കഥ വെറുതേ വായിക്കുക. നിങ്ങളുടെ മുസ്ലീം സ്നേഹിതരുടെ ഹൃദയങ്ങളിൽ ദൈവത്തിന്റെ ജീവനും ചൈതന്യമുള്ളതുമായ വചനം പ്രവേശിക്കട്ടെ. അതിന്റെ പശ്ചാത്തലം വിവരിക്കണമെന്നുണ്ടെങ്കിൽ, ചുരുക്കമായി പറയുക. അധികം വ്യാഖ്യനങ്ങൾ നൽകി കഥയുടെ ഒഴുക്കിനെ തടസ്സപ്പെടുത്തരുത്. നിങ്ങൾ കഥപറഞ്ഞ ശേഷം ചോദ്യങ്ങൾ ചോദിക്കുവാനായി നിങ്ങളുടെ സ്നേഹിതനെ ഉത്സാഹിപ്പിക്കുക.

ജീവജലം/നിത്യജീവൻ/രക്ഷ ഇവ തമ്മിലുള്ള ബന്ധം ചർച്ചയിൽ പ്രധാനപ്പെട്ടതാണ്. www.answering-islam.org/authors/clarke/timeless_truth.htmlഎന്ന വെബ് സൈറ്റിൽ, പുരാതന ജ്ഞാനത്തിൽ ആലേഖനം ചെയ്യപ്പെട്ട രഹസ്യസത്യങ്ങൾ (Timelss Truth Encrypted in Ancient Wisdom) എന്ന ലേഖനം നോക്കിയാൽ ഇതേക്കുറിച്ചുള്ള ചിന്താധാരകൾ ലഭ്യമാണ്. ചെറിയ ധ്യാനശകലമായ ഹോംവാർഡ് ബൗണ്ട് എന്നത് www.answering-islam.org/authors/clarke/homeward.htmlഎന്ന ലിങ്കിൽ ലഭ്യമാണ്.

# സുഗന്ധ വ്യഞ്ജദ്രവ്യങ്ങളെക്കുറിച്ച് സ്ത്രീകളോടു സംസാരിക്കുന്നത്

സഭാപ്രസംഗി 7:1 സ്ത്രീകളുമായി പങ്കുവയ്ക്കുന്നതിന് തീർച്ചയായും അവസരങ്ങൾ ഉണ്ടാകും. മുകളിൽ പറഞ്ഞിരിക്കുന്ന മാർഗ്ഗരേഖ പിൻതുടരുന്നതായിരിക്കും അഭികാമ്യം. ക്രിസ്തുവിന്റെ ക്രൂശുമരണവും ഉയർത്തെഴുന്നേല്പും വിവരിക്കുന്നതിനുതകുന്ന വേദഭാഗങ്ങൾ പങ്കുവയ്ക്കുവാൻ സമയം കണ്ടെത്തുക. സഭാപ്രസംഗി 7 ൽ നിന്നും, മർക്കോസ് 14ലേക്ക് കടക്കുന്നത് നന്നായിരിക്കും. ഇവിടെയും സുഗന്ധലേപനം, മരണം, സ്ത്രീ ഇവയെ എടുത്തു കാണിച്ചിരിക്കുന്നു. പരിശുദ്ധാത്മാവ് നമ്മുടെ മാർഗ്ഗരേഖക്കും അതീതമാണ്. അവനു നമ്മെ (പെട്ടെന്നു തന്നെ) കർത്താവിന്റെ ക്രൂശുമരണത്തെയും അടക്കത്തെയുംകുറിച്ച് പറയുന്നതിലേക്ക് കൂട്ടിക്കൊണ്ടുപോകുവാൻ കഴിയും.

സദൃശവാക്യങ്ങൾ 10:7 മരണത്തെക്കുറിച്ചു പ്രതിപാദിക്കുന്നു, പ്രത്യേകിച്ചും ഒരു നല്ല വ്യക്തിയുടെ പില്ക്കലാത്തെക്കുറിച്ച്. ഈ വേദഭാഗം എപ്രകാരം സഭാപ്രസംഗി 7:1 മായി (“സൽക്കീത്തി”) ബന്ധപ്പെട്ടിരിക്കുന്നു എന്നു നമുക്ക് കാണുവാൻ കഴിയും. മാത്രവുമല്ല  വിലയേറിയ സ്വഛജടമാംസ തൈലംകൊണ്ട് യേശുവിന്റെ ശരീരത്തെ പൂശിയത്  ഇവിടെ കാണുവാൻ കഴിയും. യേശു അവരുടെ നല്ലപ്രവൃത്തിയെ അഭിനന്ദിച്ചുകൊണ്ട് ഇപ്രകാരം പറഞ്ഞു “സുവിശേഷം ലോകത്തിലൊക്കെയും പ്രസംഗിക്കുന്നേടത്തെല്ലാം അവൾ ചെയ്തതും അവളുടെ ഓർമ്മയ്ക്കായി പ്രസ്താവിക്കും” (മർക്കോസ് 14:9).

സദ്പ്രവൃത്തികളെ ദൈവദൃഷ്ടിയിൽ ശ്രേഷ്ഠമായിട്ടാണ് മുസ്ലീങ്ങൾ കണക്കാക്കുന്നത് എന്നു നമുക്കറിയാം. എന്നാൽ പുതിയനിയമത്തിൽ നിന്നും നാം മനസ്സിലാക്കുന്നത് സദ്പ്രവൃത്തികൾ രക്ഷനേടുവാനായി നമ്മെ പ്രാപ്തരാക്കുന്നില്ല എന്ന വസ്തുതയാണ്. ഈ കാരണത്താൽ, നാം സഭാ.7:1 ൽ സന്ദേഹമുള്ളവരാണ്. (അഥവാ മർ.14 –ൽ പറയുന്ന കഥയിലെ സ്ത്രീയുടെ നല്ല പ്രവൃത്തികൾ). യഥാർത്ഥത്തിൽ നന്മചെയ്യുന്നതിനെയും, നിത്യതയെയുംകുറിച്ച് ബന്ധിപ്പിക്കുന്ന അനേക ഭാഗങ്ങളുണ്ട്. നാം അത് മർക്കോസ് 10:17–ൽ കണ്ടതാണ്. യോഹന്നാൻ 5:29,30; റോമർ 2:7; സദൃശവാക്യങ്ങൾ 11:19; 12:28; 14:32; മത്തായി 7:21–23 ഇവ ധ്യാനിക്കുക.

**ഉപസംഹാരം** : ധനവാനായ യുവ ഭരണാധികാരിയെപ്പറ്റി മുസ്ലീങ്ങളുമായി  ചർച്ച ചെയ്യുമ്പോൾ “ദൈവം ഒരുവൻ മാത്രം നല്ലവൻ” എന്ന് യേശു പറഞ്ഞതിനെ അവർ പലപ്പോഴും ദുർവ്യാഖ്യാനം ചെയ്യും. യേശു തന്റെ ദിവ്യത്വം തള്ളിപറഞ്ഞതിന്റെ തെളിവായി അവർ ഇതിനെ വളച്ചൊടിക്കും. ഇതിനു മറുപടിയായിട്ടുള്ള നല്ലൊരു ലേഖനം നമുക്ക് http://www.answering-islam.org/shamoun/q_only_god_good.htmൽ കാണാവുന്നതാണ്. ഹോംവാർഡ് ബൗണ്ട് എന്ന ലേഖനം www.answering-islam.org/authors/clarke/homeward.html ൽ ലഭ്യമാണ്.

# പര്യവസാനം

**എന്തുകൊണ്ടാണ്** ക്രിസ്ത്യാനികൾ ഇത്ര സുദീർഘമായി മുസ്ലീങ്ങളുമായി സൗഹൃദത്തിലാവുകയും യേശുക്രിസ്തുവിലുള്ള അവരുടെ വിശ്വാസത്തെക്കുറിച്ചു പങ്കുവയ്ക്കുകയും ചെയ്യുന്നതെന്ന് പലരും ചിന്തിക്കാറുണ്ട്. അത് പലപ്പോഴും ഈർഷ്യ ഉളവാക്കുന്ന തരത്തിലുമാണ്. മറ്റു വിശ്വാസങ്ങളിലുള്ളവരോട്, വിശേഷിച്ചും മുസ്ലീങ്ങളോട്, എന്തുകൊണ്ടാണ് ക്രിസ്ത്യാനികൾ തങ്ങളുടെ വിശ്വാസത്തെപ്പറ്റി പങ്കുവയ്ക്കുന്നതെന്ന് താഴെ പറഞ്ഞിരിക്കുന്ന കഥയിൽ നിന്നും വ്യക്തമാകും.

ലോകം മുഴുവനും ചുറ്റിസഞ്ചരിച്ച് വ്യത്യസ്തങ്ങളായ സംസ്ക്കാരങ്ങളും മതങ്ങളും ഉള്ള മനുഷ്യരെ സന്ദർശിക്കുന്ന ഒരു ചെറുപ്പക്കാരനെക്കുറിച്ച് സങ്കല്പിക്കുക. 30 വർഷത്തെ പഠനത്തിനും കഠിനയാത്രകൾക്കും ഒടുവിൽ, അവസാനം അവനു മനസ്സിലായി, യഥാർത്ഥത്തിൽ ഏകദൈവം മാത്രമാണ് ഉള്ളത്. അതുപോലെ ഏക സത്യം മാത്രമേ ഉള്ളൂ. ദൈവം തന്നിൽ തന്നെ പരസ്പര വിരുദ്ധവുമല്ല. ഈ വ്യക്തി തന്റെ സ്വന്തനാട്ടിൽ വന്ന് ഇപ്രകാരം പറയുന്നു എന്ന് സങ്കല്പിക്കുക, "സത്യം കണ്ടെത്താൻ കഴിഞ്ഞത് വളരെ നല്ല കാര്യമാണ്. ഇപ്പോൾ എനിക്ക് യഥാർത്ഥ ദൈവത്തെ അറിയാം എനിക്ക് സത്യം മുഴുവനും അറിയാം. സ്വർഗ്ഗത്തിലേക്ക് (പറുദീസ) ഉള്ള വഴിയും ഞാൻ കണ്ടെത്തി. ഇനി എനിക്ക് ഈ ഭൂമിയിലുള്ള ശേഷിച്ച നാളുകൾ സന്തോഷത്തോടെ കഴിച്ചുകൂട്ടാം. ഞാൻ ന്യായവിധി ദിനത്തെ ഭയപ്പെടുന്നില്ല. എന്റെ കുടുംബത്തെക്കുറിച്ചോ, സുഹൃത്തുക്കളെക്കുറിച്ചോ, ബന്ധുക്കളെക്കുറിച്ചോ, ഞാൻ വിചാരിപ്പെടുന്നില്ല. അവർക്ക് യഥാർത്ഥ ദൈവത്തെ അറിയില്ല, അവർക്ക് സ്വർഗ്ഗ (പറുദീസ)ത്തിലേക്കുള്ള വഴി അറിയാത്തതിനാൽ അവർ നശിച്ചുപോകും. എന്നാൽ എന്നെ അത് ആകുലപ്പെടുത്തുന്നില്ല. ഞാൻ സുരക്ഷിതനാണല്ലോ. അതുമതി."

അത്തരം ഒരു വ്യക്തിയെക്കുറിച്ച് നിങ്ങളുടെ അഭിപ്രായം എന്താണ്? സ്വാർത്ഥനും മറ്റുള്ളവരോട് സ്നേഹമില്ലാത്തവനും എന്നാണോ? തിരുവചനം നമ്മെ ഉദ്ബോധിപ്പിക്കുന്നത് നിങ്ങൾ പോയി സുവിശേഷം പരത്തുവിൻ എന്നാണ് (മത്തായി 28:18–20; മർക്കോസ് 16:15; അ.പ്ര.1:8). ഈ ലഘുഗ്രന്ഥം അതിനായി നിങ്ങളെ സഹായിക്കട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു.

# അനുബന്ധം

**ആൻഡ്രിയാസ് മുറേറുടെ ഗ്രന്ഥത്തെക്കു റിച്ചുള്ള വിവരങ്ങൾ**

## "താങ്കളുടെ മുസ്ലീം സ്നേഹിതരോടു ചോദിക്കുക."

ഇസ്ലാമിനെക്കുറിച്ചുള്ള ആമുഖവും, മുസ്ലീങ്ങ ളോട് സംവാദിക്കുന്നതിനുള്ള ക്രിസ്തീയ മാർഗ്ഗ നിർദ്ദേശങ്ങളും.

ഇസ്ലാം ഉത്ഭവിച്ചതെങ്ങനെ? അത് എന്താണ് പഠി പ്പിക്കുന്നത്? അതിലെ സംഘടനകളും പ്രസ്ഥാ നങ്ങളും ഏതെല്ലാം? മുസ്ലീങ്ങളുടെ എതിർപ്പു കൾക്കുള്ള ക്രിസ്തീയ മറുപടികൾ എന്തെല്ലാം? ക്രിസ്ത്യാനികൾക്ക് എപ്രകാരം മുസ്ലീങ്ങളുമായി സംവാദിക്കുവാൻ സാധിക്കും?

ദൈവശാസ്ത്രജ്ഞനും, ക്രിസ്ത്യൻ-മുസ്ലീം സംവാദങ്ങളിൽ വിധഗ്ദനുമായ ഡോ.ആൻഡ്രി യാസ് മുറേർ നൽകുന്ന വ്യക്തമായ മറുപടിക ളുടെ ചില ചോദ്യങ്ങൾ മാത്രമാണ് ഇവ. ലോക മെമ്പാടുമുള്ള മുസ്ലീം വ്യാപനത്തെ ഒരു ഭീഷ ണിയായിട്ടല്ല മുറേർ കാണുന്നത്, മറിച്ച് ക്രിസ്തീ യസഭക്കുള്ള വെല്ലുവിളി ആയിട്ടാണ്. ഇസ്ലാമിക ചരിത്രവും, അതിന്റെ ഉപദേശങ്ങളും ചരിത്രപ ശ്ചാത്തലവും ഒക്കെ അദ്ദേഹം വളരെ ലളിത മായി വിവിരിച്ചിരിക്കുന്നു. ഇസ്ലാമിനുള്ളിലെ വിവിധ ഗ്രൂപ്പുകളെക്കുറിച്ചും പ്രസ്ഥാനങ്ങളെക്കു റിച്ചും അദ്ദേഹം വിവരിച്ചിട്ടുണ്ട്. മുസ്ലീങ്ങളോട് സംവദിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും മുസ്ലീം എതിർപ്പുകൾക്കുള്ള മറുപടിയും ഈ ഗ്രന്ഥത്തിൽ നിന്നും വായനക്കാർക്ക് ലഭ്യമാണ്.

**വെബ് സൈറ്റ് ലിങ്കുകൾ:-**

- AVC Website:
  www.avc-ch.org
- സെമിനാറുകളും മറ്റ് പരിപാടികളും
  www.britomu.org
- പുസ്തകങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ:
  www.aymf.net
- ക്രിസ്തീയതയെയും ഇസ്ലാമിനെയുംകുറിച്ചുള്ള പൊതുവായ വിവരങ്ങൾ
  www.answeringislam.org

# AVC

പീഡിപ്പിക്കപ്പെടുന്ന ക്രൈസ്തവരുടെയും
ആവശ്യത്തിലിരിക്കുന്നവരുടെയും കൂട്ടായ്മ

## വ്യക്തമായ വാക്കുകൾ
## ശക്തമായ പ്രവർത്തനങ്ങൾ

മിക്കവരും, മുസ്ലീങ്ങൾ ഉൾപ്പെടെ, കഥകൾ കേൾക്കുവാൻ ഇഷ്ടപ്പെടുന്നവരാണ്. ഈ ലഘു ഗ്രന്ഥത്തിലുള്ള കഥകൾ ചിന്തിക്കുവാനും, അതുവഴി ദൈവത്തെക്കുറിച്ചുള്ള സത്യം അന്വേഷിക്കുവാനും ജനങ്ങളെ പ്രേരിപ്പിക്കുവാൻ ഉതകുന്നവയാണ്. വേദപുസ്തകത്തിലെ ഉപമകളിൽ നിന്നുമാണ് പല കഥകളും എടുത്തിട്ടുള്ളത്. ദൈനംദിന ജീവിതസാഹചര്യങ്ങളിലൂടെ കടന്നുപോകുന്നവരോട് ദൈവീക സത്യങ്ങൾ വെളിപ്പെടുത്തുവാൻ അവ ഉപകരിക്കുന്നു. എങ്കിലും, കഥ പറയുന്ന വ്യക്തിക്ക്, അതു കേൾക്കുന്ന വ്യക്തികളുടെ സംസ്ക്കാരവും മറ്റും ഉൾക്കൊണ്ട് അവർക്ക് എളുപ്പത്തിൽ ഗ്രഹിക്കുവാൻ കഴിയുന്ന രീതിയിലായിരിക്കണം അത് അവതരിപ്പിക്കേണ്ടത്. മുസ്ലീങ്ങളുമായി സംഭാഷണത്തിൽ ഏർപ്പെടുവാൻ ഉതകുന്ന തരത്തിലാകണം ഈ കഥകൾ.

അനേകവർഷങ്ങൾകൊണ്ടാണ് ആൻഡ്രിയാസ് മുറേർ ഈ കഥകൾ സമാഹരിച്ചത്. അവ ക്രിസ്ത്യാനികൾക്കും മുസ്ലീങ്ങൾക്കും അനുഗ്രഹമാകുമെന്ന് പ്രതീക്ഷിക്കുന്നു.

**ഡോ.ആൻഡ്രിയാസ് മുറേർ**
ഇസ്ലാം കൺസൽട്ടന്റ്

ഡോ.ആൻഡ്രിയാസ് മുറേറിനും ഭാര്യ രൂത്തിനും മൂന്ന് ആൺകുട്ടികൾ ഉണ്ട്. ഒരു മെക്കാനിക്കൽ എഞ്ചിനീയറായി ആദ്യം സ്വിറ്റ്സർലണ്ടിൽ അദ്ദേഹം സേവനം അനുഷ്ഠിച്ചു. അതിനുശേഷം ഇംഗ്ലണ്ടിലും സൗത്ത് ആഫ്രിക്കയിലും അദ്ദേഹം ദൈവശാസ്ത്രം പഠിച്ചു. 1999–ൽ അദ്ദേഹം പ്രിറ്റോറിയ യൂണിവേഴ്സിറ്റി (UNISA) യിൽ നിന്നും ഡോക്ടറേറ്റ് കരസ്ഥമാക്കി. “പുതിയ ജീവിതത്തിനുവേണ്ടിയുള്ള അന്വേഷണം – ക്രിസ്ത്യാനികളുടെയും മുസ്ലീങ്ങളുടെയും മതം മാറ്റത്തിന്റെ ഉദ്ദേശങ്ങൾ” – ഇതായിരുന്നു അദ്ദേഹത്തിന്റെ വിഷയം. 1984–1999 വരെ അദ്ദേഹം ദക്ഷിണാഫ്രിക്കയിൽ SMF (സ്വിസ് മിഷണറി ഫോലോഷിപ്പ്)മായി ബന്ധപ്പെട്ട് മുസ്ലീങ്ങളെ സുവിശേഷീകരിക്കുന്നതിൽ ക്രൈസ്തവരെ പരിശീലിപ്പിച്ചു. 2000–2007 വരെ അദ്ദേഹം AWM (അരാബ് വേൾഡ് മിനിസ്ട്രീസ്) ന്റെ പരിശീലകനായി സ്വിറ്റ്സർലണ്ടിലും ലോകമെമ്പാടും പ്രവർത്തിച്ചു. 2011 മുതൽ അദ്ദേഹം ഇസ്ലാം കൺസൽട്ടന്റ് എന്ന നിലയിൽ AVC (പീഡിപ്പിക്കപ്പെടുന്ന ക്രൈസ്തവരുടെയും ആവശ്യത്തിലിരിക്കുന്നവരുടെയും കൂട്ടായ്മ) യിൽ പ്രവർത്തിക്കുന്നതിനോടൊപ്പംതന്നെ, സ്വദേശത്തും വിദേശത്തും പ്രാസംഗികനുമാണ്.

**AVC** Industriestrasse 21
CH - 2553 Safnern bei Biel
Tel . +41 (0) 323560080
mail@avc-ch.org
www.avc-ch.org
facebook.com/avcschweiz
youtube.com/avcstream